“ഗുരുനാഥൻ അനുബന്ധം”.



മിസ്സിസ്സ് കുരുവിളയുടെ കീഴിൽ കോട്ടയത്തു നടത്തിപ്പോരുന്ന കിൻറർഗാട്ടൻ
വിദ്യാലയത്തിലെ അദ്ധ്യാപികമാരും കുഞ്ഞുങ്ങളും.

UNIVERSITY LIBRARY
19 DEC 1934
MADRAS

UNIVERSITY LIBRARY
19 DEC 1934
MADRAS

ഗുരുനാഥൻ.

| പുസ്തകം 14 | 1110 തുലാം. | ലക്കം 3 |
|---|---|---|

# മനുഷ്യന്റെ അണിമയും മഹിമയും.

(ഡാക്ടർ ജാബസ് ടി. സണ്ടർലണ്ട്.)

"അങ്ങേ കൈവിരലുകളാൽ നിർമ്മിതമായ ആകാശത്തേയും അതിൽ പ്രതിഷ്ഠിക്കപ്പെട്ട ചന്ദ്രനേയും നക്ഷത്രങ്ങളേയും കുറിച്ച് ആലോചിക്കുമ്പോൾ അവിടത്തെ ശ്രദ്ധയ്ക്കു പാത്രീഭവിക്കത്തക്കവണ്ണം മനുഷ്യനാരാണ്?. അവിടുന്നു ദർശിക്കത്തക്കവണ്ണം മനുഷ്യപുത്രൻ എന്താണുള്ളതു്?. എന്നിരുന്നിട്ടും അങ്ങ് അവനെ അങ്ങയോട്ട് ഏകദേശം സമനിലയിൽ സൃഷ്ടിക്കുകയും ഐശ്വര്യം കൊണ്ടും മാഹാത്മ്യം കൊണ്ടും അവനെ അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു."

പഴയ ഹീബ്രൂ കീർത്തനത്തിലെ മനോഹരവും രസാത്മകവുമായ ഈ ഉദ്ധാരണം മനുഷ്യന്റെ നിസ്സാരതയേയും മഹത്വത്തേയും സംബന്ധിച്ചുള്ള ചിന്തയെ വിശദമായി പ്രകടിപ്പിക്കുന്നു. ഈ ദിവ്യഗായകൻ തന്റെ തലയ്ക്കുമുകളിൽ അനന്തവും അത്ഭുതകരവുമായി വ്യാപിച്ചിരിക്കുന്ന നിശാകാശത്തിലേക്കു നോക്കി, അവിടെ ചന്ദ്രനും നക്ഷത്രങ്ങളും അതിദീപ്തിയോടുകൂടി പ്രകാശിക്കുകയും അതിവിശാലമായ ഗഗനത്തിൽ കൂടി പ്രൗഢതയോടെ ചരിക്കുകയും ചെയ്യുന്നതു കാണുമ്പോൾ അവന്റെ ഉള്ളിൽ ഭയവിസ്മയങ്ങളും തന്റെ നിസ്സാരതയെപ്പററിയുള്ള ബോധവും ഉത്ഭവിക്കുകയും അതിന്റെ ഫലമായി സന്ദർഭോചിതമായി വിനയാദരപുരസ്സരം ഇങ്ങനെ ഘോഷിക്കുകയും ചെയ്യുന്നു.

"അങ്ങേ കൈവിരലുകളാൽ നിർമ്മിതമായ ആകാശത്തേയും അതിൽ പ്രതിഷ്ഠിക്കപ്പെട്ട ചന്ദ്രനേയും നക്ഷത്രങ്ങളേയും കുറിച്ച് ആലോചിക്കുമ്പോൾ അവിടത്തെ ശ്രദ്ധയ്ക്കു പാത്രീഭവിക്കത്തക്കവണ്ണം മനുഷ്യനാരാണ്. അവിടുന്നു ദർശിക്കത്തക്കവണ്ണം മനുഷ്യപുത്രനു എന്താണുള്ളതു്"

ഇതാണു സ്തോത്രകാരന്റെ ആദ്യവികാരം. എന്നാൽ അടുത്ത ക്ഷണത്തിൽ മനുഷ്യനിൽ നക്ഷത്രങ്ങൾ മുതലായവയേക്കാൾ മഹത്വമുള്ളതും പ്രഥമദൃഷ്ടിയിൽ കാണുന്ന ഈ നിസ്സാരതയെ അതിശയിക്കുന്നതുമായ

ഒരു വസ്തുവിൻെറ ജ്ഞാനകണിക മനസ്സിൽ ഉത്ഭവിക്കുന്നു. തന്നിമിത്തം പിന്നേയും ഇങ്ങനെ ഘോഷിക്കുന്നു.

"എന്നിരുന്നിട്ടും അങ്ങ് അവനെ അങ്ങയോട് ഏകദേശം സമനിലയിൽ സൃഷ്ടിക്കുകയും ഐശ്വര്യം കൊണ്ടും മാഹാത്മ്യം കൊണ്ടും അവനെ അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു."

മഹത്തായ പ്രകൃതിയുടെ സാന്നിദ്ധ്യത്തിലും പ്രത്യേകിച്ചും ആകാശവീഥിയുടെ വിസ്തൃതിയിലും വൈശിഷ്ട്യത്തിലും മനുഷ്യൻ തൻെറ നിസ്സാരതയെക്കുറിച്ചു വിചാരിക്കുക എന്നുള്ളതു് എല്ലാക്കാലങ്ങളിലും സാധാരണയായിട്ടുള്ള ഒന്നാണ്. ഇന്നും അതിനു ഭേദമില്ല. പണ്ടുള്ള ധീരന്മാർ സ്വപ്നത്തിൽപോലും വിചാരിക്കാത്ത വിധത്തിൽ നിരതിശയമായ പ്രകാശവും വിസ്താരവും താരാപഥത്തിനുള്ളതായി പ്രതിപാദിക്കുന്ന ഇദാനീന്തനജ്യോതിശ്ശാസ്ത്രത്തിൻെറ ഉത്ഭവാനന്തരം മനുഷ്യൻെറ ഭൗതികനിസ്സാരതയും പ്രകൃതിയുടെ അനന്തതയും തമ്മിലുള്ള വ്യത്യാസം കൂടുതൽ പ്രബലവും സ്പഷ്ടവും ആയിത്തീർന്നിട്ടുണ്ട്.

ഹീബ്രുകീർത്തനകർത്താവ് ആകാശത്തിലേക്കു നോക്കിയപ്പോൾ അയാൾ എന്തു കണ്ടു? ഭൂമിയുടെ മുകളിൽ ഒരു നീലക്കൂടാരംപോലെ അർദ്ധവൃത്താകൃതിയിൽ നില്ക്കുന്നതും ആകാശമെന്നു വിളിക്കപ്പെട്ടു വരുന്നതും അതിവിസ്തൃതവുമായ ഒരു സ്ഥലപ്പരപ്പാണ്. ഈ സ്ഥലത്തിൽ ചരങ്ങളായ സൂര്യൻ, ചന്ദ്രൻ, നക്ഷത്രം ഇവ ഋതുക്കളെ തിരിച്ചറിയുന്നതിനും ഭൂമിക്കു രാത്രിയും പകലും പ്രകാശം നൽകുന്നതിനും വേണ്ടി ലക്ഷ്യങ്ങളായിട്ടു നമുക്കു ദുർഗ്രാഹ്യമായ വിധം പതിക്കപ്പെട്ടിരുന്നു. ഇവയെല്ലാം ഭൂമിക്കു ചുററും ചരിച്ചുകൊണ്ടാണിരുന്നതു്. ഭൂമിയെ അപേക്ഷിച്ചു് ഇവ വളരെ ചെറുതും ഭൂമിയുടേയും അതിൽ അധിവസിക്കുന്ന ജീവികളുടേയും ഗുണത്തിനായിട്ടുമാത്രം സൃഷ്ടിക്കപ്പെട്ടവയും ആയിരുന്നു. ഹീബ്രുചിന്തകൻെറ അറിവിൽ ഭൂമിയായിരുന്നു ഏററവും മഹത്തായ വസ്തു. അതുതന്നെയും അയാളുടെ അറിവ് എത്തിയിടത്തോളം ഇന്നത്തെ ഭൂമിയെ അപേക്ഷിച്ചു് ഏററവും പരിമിതമായിരുന്നു.

ആധുനികജ്യോതിശ്ശാസ്ത്രത്തിൻെറ ഉത്ഭവത്തോടുകൂടി ഇതെല്ലാം മാറിപ്പോയിരിക്കുന്നു. ഭൂമി ഇന്നു ഹീബ്രുചിന്തകൻ വിചാരിച്ചിരുന്നതിൽ ശതഗുണം വലിപ്പം ഉള്ളതായി ഭവിച്ചിരിക്കുന്നു. അതു പ്രപഞ്ചത്തിൻെറ കേന്ദ്രമൊ പ്രകൃതിയിലെ അതിമഹത്തായ വസ്തുവൊ അല്ലെന്നും എന്നാൽ അപരിമേയമായ സൃഷ്ടിസമൂഹത്തിൽ ആപേക്ഷികമായി കേവലം ഒരു അണു മാത്രമാണെന്നും നമുക്ക് ഇപ്പോൾ അറിയാറായിരിക്കുന്നു. പണ്ട് ഒരു മങ്ങിയ ആകാശദീപവും വൃദ്ധിക്ഷയത്തിന് അധീനവും ശബ്ദഹീനവും ഗൂഢാകാരവുമായി ഗണിക്കപ്പെട്ടിരുന്ന ചന്ദ്രൻ ഇന്ന് ഒരു ലോകമായി ഭവി

ച്ചിരിക്കുന്നു. സൂര്യൻ ഭൂമിയെ ചുററി സഞ്ചരിക്കുന്നില്ല. നേരേമറിച്ചു ഭൂമിയും അതിന്റെ സഹോദരഗ്രഹങ്ങളും സൂര്യനെ പ്രദിക്ഷണം ചെയ്യുകയാണ്. രാത്രിയിലെ വിശേഷപ്പെട്ട ചലനപ്രദീപങ്ങളായി ഗണിക്കപ്പെട്ടിരുന്ന നക്ഷത്രങ്ങൾ ഇപ്പോൾ ഭീമങ്ങളായ ലോകങ്ങളായും മററു ലോകങ്ങളുടെ ചലനവൃത്തങ്ങൾക്കു കേന്ദ്രങ്ങളായും ഭവിച്ചിരിക്കുന്നു. നാം അതിവിപുലമായി ഗണിക്കുന്ന സൗരയൂഥം തന്നെ ആകാശവീഥിയുടെ ഒരു ചെറിയ കോണുമാത്രം വ്യാപിച്ചിരിക്കുന്നതേയുള്ളു. അതിനപ്പുറമായി സംഖ്യാതീതങ്ങളും അനന്തങ്ങളുമായ ലോകങ്ങളും, യൂഥങ്ങളും, താരാവലികളും പരന്നുകിടക്കുന്നു.

നമ്മുടെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ നമുക്കു പ്രത്യക്ഷപ്പെടുത്തുന്ന അതിവിശാലവും, അതിഗഹനവും മിക്കവാറും അവിശ്വസനീയവും ആയ വലിപ്പത്തേയും ദൂരത്തേയും പററി ചിന്തിക്കുമ്പോൾ നാം അത്ഭുതപരതന്ത്രന്മാരും ഭയവിഹ്വലന്മാരും സ്തബ്ധജിഹ്വന്മാരും വേപഥുഗാത്രന്മാരുമായി ഭവിക്കുന്നു. ഹാർവേർഡ് സർവ്വകലാശാലയിലെ ജ്യോതിശ്ശാസ്ത്രജ്ഞനായ പ്രൊഫസ്സർ ഷേപ്പിലി ഒരു മഹത്തായ പ്രപഞ്ചമുണ്ടെന്നും അതിന്റെ കേന്ദ്രത്തിൽ നിന്നും 57000 "തേജോവർഷങ്ങൾ" ദൂരത്തിലാണു നമ്മുടെ സൂര്യൻ സ്ഥിതിചെയ്യുന്നത് എന്നും പറയുന്നു. ഇതുകൂടാതെ വിൽസൺ നക്ഷത്രനിരീക്ഷണശാലയിലെ പണ്ഡിതനായ ഹബ്ബിൾ എന്ന മഹാൻ അനേകം കോടി സൂര്യന്മാർ അടങ്ങിയ മഹൽപ്രപഞ്ചങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്നു.

ഇതാണു നാം ഇന്നു കാണുന്ന അവസ്ഥ. പുരാതനലോകത്തിലെ മനുഷ്യർക്ക് അന്നറിയപ്പെട്ടിരുന്ന ചെറിയ പ്രപഞ്ചമദ്ധ്യത്തിൽ അവർ നിസ്സാരന്മാരായും വിനീതന്മാരായും തോന്നിയിരുന്നുവെങ്കിൽ ആധുനിക ജ്യോതിശ്ശാസ്ത്രം അനാവരണം ചെയ്യുന്നതും പുരാതനഹീബ്രുവിന്റെ ജ്ഞാനത്തെ അപേക്ഷിച്ച് അനന്തവും താലമാത്രയും തമ്മിൽ ഉള്ള വ്യത്യാസത്തോടുകൂടിയിരിക്കുന്നതുമായ ഇന്നത്തെ പ്രപഞ്ചത്തിന്റെ മദ്ധ്യത്തിൽ വസിക്കുന്ന നമ്മെക്കുറിച്ച് എന്താണു പറയേണ്ടത്.

മനുഷ്യന്റെ ഭൗതികനിസ്സാരതയെപ്പററിയുള്ള ഈ ചിന്ത ഉദ്വേഗജനകവും അനിരോദ്ധ്യവുമായ ശക്തിയോടുകൂടി നമ്മുടെ മനസ്സിൽ ഉദിച്ച കാലം നമുക്കെല്ലാവർക്കും പരിചിതമാണല്ലോ. ദൂരദർശിനിയന്ത്രം പ്രത്യക്ഷപ്പെടുത്തുന്ന സംഖ്യാതീതങ്ങളായ ലോകങ്ങളുടെ സൃഷ്ടികർത്താവും നക്ഷത്രങ്ങളും നക്ഷത്രവ്യൂഹങ്ങളും അടങ്ങിയിരിക്കുന്ന ഈ അനന്തമായ ക്ഷേത്രത്തിന്റെ തച്ഛിഷ്ടാവും മനുഷ്യനെക്കുറിച്ചു ചിന്തിക്കുകയൊ ശ്രദ്ധിക്കുകയൊ ചെയ്യുക എന്നുള്ളതു സംഭാവ്യമാണൊ എന്നു നാം പലപ്പോഴും വിചാരി

ക്കാറുണ്ട്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ നമ്മുടെ ഈ തുച്ഛമായ ജീവൻ ഒരു പർവ്വതത്തിന്റെ ശൃംഗത്തിലുള്ള ഹിമകണികയേയൊ സമുദ്രത്തിലുള്ള ബുൽബുദത്തേയോകാറം വിലയേറിയതൊ ഗൗരവമേറിയതൊ ആണെന്നു വിചാരിക്കുന്നതു യുക്തിയുക്തമായിരിക്കുമൊ?

നമുക്കെല്ലാവക്കും ഏകദേശം ഈ വിധമുള്ള ഒരനുഭവം ഉണ്ടായിരിക്കുവാൻ ഇടയുണ്ടെന്നു വിചാരിക്കുന്നു. നിങ്ങറം ഒരു വലിയ ജനക്കൂട്ടത്തിന്റെ മദ്ധ്യേക്കൂടി പോകുന്നു എന്നു വിചാരിക്കുക. ഇവരിൽ ആരേയും തന്നെ നിങ്ങറംക്കു മുമ്പു കാണുവാൻ സംഗതിയായിട്ടില്ലായിരിക്കാം. ഇനി കാണുമെന്നു വിചാരിക്കാൻ വഴിയുമില്ല. ഇവർ ആരാണ് എന്നു നിങ്ങറം തന്നത്താൻ ചോദിക്കുന്നു. ഈ ജീവപ്രവാഹത്തിന്റെ അത്ഥമെന്തു്? വയലുകളുടെ മുകളിൽ കൂട്ടംകൂട്ടമായി പറക്കുന്ന പക്ഷികളിൽനിന്നും സൂര്യപ്രകാശത്തിൽ നിറഞ്ഞുകാണുന്ന കൊതുകുകളിൽനിന്നും ഈ ശരീരികറം ഏതംശത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ഏതായാലും അന്യലോകത്തിൽനിന്നൊ നന്നാ അടുത്തുകിടക്കുന്ന ലോകമാകുന്ന ചന്ദ്രനിൽനിന്നൊ ഈ ജീവികളിൽ ഏതെങ്കിലും ഒന്നിനെ ശക്തിയേറിയ ദൂരദശിനി മുഖേനയുംകൂടി കാണ്മാൻ സാധിക്കയില്ല. ഇങ്ങനെ അല്പദൂരത്തിൽ തന്നെ പക്ഷിയും, കൊതുകും, മനുഷ്യനും എല്ലാം ഒരേ സ്ഥിതിയിലായി പരിണമിക്കുന്നു.

ഇങ്ങനേയും സങ്കല്പിക്കുക. നിങ്ങറം ഒരു പട്ടണത്തിന്റെ മദ്ധ്യത്തിലുള്ള ഒരുയന്ന കുന്നിന്റെ മുകളിൽ നില്ക്കുന്നുവെന്നു വിചാരിക്കുക. നിങ്ങളുടെ നോട്ടമെത്തുന്നിടത്തോളം അനേകായിരം പേർ അതിന്റെ വീഥികളിൽക്കൂടി അണിമുറിയാതെ തിങ്ങിത്തിങ്ങി നടന്നുപോകുന്നതായി നിങ്ങറം കാണുന്നു. ഇവരിൽ ഓരോ മനുഷ്യനും നിലത്തുക്കൂടി ഇഴയുന്ന ഉറുമ്പിനേക്കാറം ഒട്ടും വലിപ്പം ഉള്ളതായി തോന്നുകയില്ല. അപ്പോറം ഈ പട്ടണത്തെ ഒരു ചിതൽപുററായും തോന്നാനെളുപ്പമുണ്ട്. ഇതുപോലെ, എല്ലാ നഗരങ്ങളും, പട്ടണങ്ങളും, ഗ്രാമങ്ങളും, ഉപഗ്രാമങ്ങളും പലതരത്തിലുള്ള ചിതലുകറം അധിവസിക്കുന്ന പുററുകളായി തോന്നുന്നതാണ്. അല്പം ഉയരത്തിൽനിന്നു നോക്കിയാൽ വയലുകളിലൊ കാടുകളിലൊ കാണുന്ന പുററുകളേക്കാറം ഇവ ഒട്ടും വലിപ്പമുള്ളതായി കാണുകയില്ല. പിന്നെ മററു ലോകങ്ങളിൽനിന്നും നോക്കിയാലുള്ള കഥ പറയണോ!

നാം സൗരയൂഥത്തിലെ മററംഗങ്ങളായ ഭൂമിയുടെ സഹോദരഗ്രഹങ്ങളിൽനിന്നും ഇപ്രകാരം ഒററതിരിഞ്ഞു നിൽക്കുകയും നമ്മറം ചെയ്യുന്നതെല്ലാം അവക്ക്ജ്ഞാതങ്ങളും അഗണ്യങ്ങളും ആയിരിക്കുകയും ചെയ്യുന്ന സ്ഥിതിക്കു രാത്രിയെ ജ്യോതിഷ്മതിയാക്കിക്കൊണ്ട് അനതിശയനീയമായ ദൂരത്തിൽ സൗരയൂഥത്തിനു വെളിയിൽ സ്ഥിതിചെയ്യുന്ന ലോകങ്ങളെപ്പ

പ്പററി എന്താണു പറയുക! സകല ലോകങ്ങളുടേയും സ്രഷ്ടാവും നിയന്താവും സവ്വശക്തനുമായ സവ്വേശ്വരനെക്കുറിച്ച് എന്താണു പറയുക! നാം ഭൂമിഎന്നു വിളിക്കുന്നതും പ്രപഞ്ചത്തിന്റെ വിദൂരസീമയിൽ സ്ഥിതിചെയ്യുന്നതും ആയ ഈ രേണുബിന്ദുവിനെ അധിവസിക്കുന്ന ഈ നിസ്സാരന്മാരും ദിനമാത്രജീവികളുമായ നമ്മെക്കുറിച്ചു ശ്രദ്ധിക്കുകയൊ സൂക്ഷിക്കുകയൊ ചെയ്യുന്നതിനായിട്ട് ഇത്ര മഹൽകാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്ന അദ്ദേഹം കനിയുമൊ?

സവ്വോപരി നമ്മെപ്പോലെ ഇത്ര നിസ്സാരന്മാരായിരിക്കുന്ന ജീവികൾക്കു മരണാനന്തരം അനശ്വരത്വം ഉണ്ടെന്ന് ആശിക്കുന്നതു് ഏററവും ഉദ്ധതമായ ഒരഹംഭാവമല്ലയോ? ലോകങ്ങൾ—നമ്മുടെ ലോകത്തെക്കാൾ സഹസ്രഗുണം വലിപ്പമുള്ള ലോകങ്ങൾ—നശിക്കുന്ന സ്ഥിതിക്ക് ആകാശവീഥിയിൽ അലഞ്ഞുതിരിയുന്ന ഈ മൃൽക്കണികയിൽ വസിക്കുന്ന ക്ഷണമാത്രജീവികളായ നമുക്ക് ഈ നാശത്തിൽനിന്ന് ഒഴിയാമെന്നുള്ള ആശയ്ക്കു വഴിയുണ്ടോ.?

ഇപ്രകാരമാണ് ആധുനികജ്യോതിശ്ശാസ്ത്രത്തിന്റെ അത്ഭുതകരങ്ങളായ അപാവരണങ്ങൾ മനുഷ്യനെ അല്പനാക്കി നിസ്സാരതയിലേക്കും നിരാശയിലേക്കും അധഃപതിപ്പിക്കുന്നതായും അവന് ഒരിക്കൽ പ്രപഞ്ചത്തിൽ ഉണ്ടായിരുന്ന ഗൗരവത്തേയുംപ്രാധാന്യത്തേയും ഇല്ലാതാക്കുന്നതായും പലക്കും തോന്നുന്നതു്.

ഇതിനെല്ലാം നാം എന്താണു സമാധാനം പറയേണ്ടതു്?

ഈ സംഗതി കേവലം പ്രാമാണികമായിട്ടുള്ളതല്ല, പ്രായോഗികമായിട്ടുള്ളതാണ്. ഇന്നു ലോകത്തിൽ അസംഖ്യം സ്ഥലങ്ങളിൽ ഈ പ്രശ്നങ്ങൾ ചിന്താവിഷയങ്ങളായി ഭവിച്ചിരിക്കുന്നു. അവയ്ക്കു പ്രതിവാക്യം നൽകുന്നതു് എങ്ങനെയാണെന്നറിയാതെ ചിന്താവത്തുക്കളും പ്രേക്ഷാവത്തുക്കളുമായ അനേകം ജനങ്ങൾ വിഷമിക്കുന്നു. ഇങ്ങനെ ഇവ വളരെ ജീവികളെ അജ്ഞാനാന്ധകാരത്തിൽ വീഴ്ത്തുന്നു. ജീവിതത്തിൽ എപ്പോഴെങ്കിലും ഈ ഇരുളിൽപ്പെടാതെ കാലം നയിച്ചിട്ടുള്ളവർ നമ്മിൽ ആരെങ്കിലുമുണ്ടൊ?

പ്രസ്തുതവിഷയത്തെ വിശദമാക്കുന്നതായ പല സംഗതികളും ഉണ്ടെന്ന് എനിക്കു തോന്നുന്നു. ആദ്യമായിട്ട് ഇതുതന്നെ.

ഒരു വസ്തുവിന്റെ വലിപ്പം അതിന്റെ ഗൗരവത്തിന്റേയും വിലയുടേയും കേവലം ഒരു നിസ്സാരചിഹ്നം മാത്രമാണ്. ഭൂമിയാകട്ടെ, അതിനേക്കാൾ പത്തുലക്ഷം മടങ്ങു വലിപ്പമുള്ള ലോകത്തേക്കാൾ അവശ്യം നിസ്സാരമായിരിക്കണമെന്നില്ല. അതുപോലെതന്നെ മനുഷ്യനും അവന്റെ ശരീരം തുച്ഛമാണെന്നുള്ള കാരണത്തിന്മേൽ പ്രകൃത്യാ നിസ്സാരനായിരിക്ക

ണമെന്നില്ല. ഒരാന മനുഷ്യനെക്കാൾ അധികം വലിപ്പമുള്ളതാണ്. എന്നാൽ ആ ഒരു കാരണംകൊണ്ടുമാത്രം ആനയെ മനുഷ്യനെക്കാൾ വിലയേറിയതായി ഗണിക്കാൻ പാടില്ല. ലോകത്തിലുള്ള അനേകം ചെറുരാജ്യങ്ങൾ അവയെക്കാൾ ശതഗുണം വിസ്താരമുള്ളവയെ കാര്യവിഷയത്തിൽ അതിശയിക്കുന്നു. ചെറിയ പുരാതന ഗ്രീസുരാജ്യം ഒന്നിനുതന്നെ ആയിരം വിശാലസൈബീരിയകളെക്കാൾ ഗൗരവം കൂടുന്നു. ഭൂമിയുടെ ഉപരിഭാഗത്തിൽ ഒരു ബിന്ദുവിനു തുല്യമായി വർത്തിക്കുന്ന ലണ്ടൻതന്നെ ആയിരം ഔത്തരാഹമോ ദാക്ഷിണാത്യമോ ആയ ഭൂഖണ്ഡങ്ങളെക്കാൾ കൂടുതൽ പ്രാധാന്യമുള്ളതാണ്. ഒരൊററ പ്ലേറോയൊ, ഷെക്സ്പിയറോ ഭൂമിയിലുള്ള എല്ലാ കിരാതവംശങ്ങളെക്കാളും ലോകത്തിൻെറ ആയുഷ്കാലത്തിൽ കൂടുതൽ ഗൗരവം വഹിക്കുന്നു. ഇതെങ്ങനെയെന്നാൽ രണ്ടു വിരലുകൾകൊണ്ടു എടുക്കാവുന്നതായ ഒരു വൈരക്കല്ല് ഒരു വലിയ പർവ്വതത്തേക്കാൾ എത്രയോ വിലയേറിയതാണ്. അതുപോലെതന്നെ ലോകങ്ങളെ താരതമ്യപ്പെടുത്തുമ്പോഴും ചെറിയ ലോകം വലുതിനെക്കാൾ കൂടുതൽ പൂർണ്ണതയെ പ്രാപിച്ചതായിക്കാണാം. നമ്മുടെ സൂര്യൻ ഭൂമിയേക്കാൾ 316000 മടങ്ങു വലിപ്പവും 1250000 മടങ്ങു ഘനവും ഉണ്ടെങ്കിലും ഭൂമി അത്യുൽകൃഷ്ടമായ ജീവലോകത്തെ വഹിക്കുന്നു. നേരെമറിച്ചു സൂര്യനിലാകട്ടെ യാതൊരു ജീവിയും ഉള്ളതായി വിചാരിക്കാൻ വഴി കാണുന്നില്ല. എന്നുതന്നെയല്ല ആകാശവീഥിയിൽ ചരിക്കുന്ന അതിഭീമാകാരന്മാരായ സൂര്യന്മാരും തങ്ങളുടെ യൂഥങ്ങളിലെ ഗ്രഹങ്ങളെക്കാൾ വളരെ അപൂർണ്ണന്മാരാണ്.

ഇങ്ങനെ മനുഷ്യവർഗ്ഗം ഈശ്വരസൃഷ്ടങ്ങളായ ചെറിയ ലോകങ്ങളിൽ ഒന്നിൽ വസിക്കുന്നു എന്നുള്ളതുകൊണ്ട്, അതിവിശാലമായ ടാർട്ടാർ ദേശത്തിൽ വസിക്കാതെ ചെറിയ ആത്തൻസ് നഗരത്തിൽ വസിക്കുന്നു എന്നുള്ള കാരണത്താൽ ഒരു മനുഷ്യൻ നിസ്സാരനെന്നു വിധിക്കാൻ പാടില്ലാത്തതുപോലെതന്നെ നിസ്സാരമായി ഗണിക്കപ്പെടാൻ പാടില്ല. കേവലം വലിപ്പം വലിയ സാരമായി ഗണിക്കാവുന്നതല്ല. ഉൽകൃഷ്ടസത്വയുക്തങ്ങളും വിശിഷ്ടോദ്ദേശ്യസാദ്ധ്യത്തിനു നിയുക്തന്മാരും ആയ ജീവികൾ ആറായിരം അടി പൊക്കമുള്ള ശരീരത്തിലൊ ആറടി പൊക്കമുള്ള ശരീരത്തിലൊ വസിക്കുന്നതിൽ അനൗചിത്യമില്ല. അതുപോലെതന്നെ അവയ്ക്കു ഏററവും ചെറുതും മനോഹരവും ആയ നമ്മുടെ ഭൂമിയിലും പ്രപഞ്ചത്തിൽവച്ചു് അതിമഹത്തായിരിക്കുന്ന മറേറതുഗോളത്തിലും ഒരുപോലെ വസിക്കാവുന്നതാണ്.

(തുടരും)

# മൃഗാവലോകനം.

(കെ. സുകുമാരൻ ബി. ഏ.)

## 48. തവള. (Frog)

നീളമുള്ള കാൽ മടക്കി വച്ചു, കുറുതായ കൈ നിലത്തുകുത്തി, കണ്ണും തുറിച്ചു് ഒരേടത്തു് ഇരിക്കുന്ന വലിയ തവളയെ ആരും കാണാതിരിക്കയില്ല. ഈ വലിയ തവളയ്ക്കു പോക്കാൻതവള (Bull Frog) എന്ന പേരാണു കൊടുക്കപ്പെട്ടതു്. ചെടിയുടെ നിബിഡമായി പടൎന്നുപിടിച്ച ഇലകളുടെ ചോടെയൊ, പുൽക്കൂട്ടത്തിലൊ ഇവൻ പകൽസമയം കഴിച്ചുകൂട്ടുന്നു. സന്ധ്യയായാൽ ഇരതെണ്ടുവാൻ മെല്ലെ ചാടിപുറപ്പെടുന്നു.

ജീവനില്ലാത്ത യാതൊരു വസ്തുക്കളേയും തവള തൊടില്ല. ഒരു ദിവസം ഒരു കുഴിയിൽ ഇരുന്ന തവളയുടെ മുൻഭാഗത്തു് ഒരു ഓന്തിനെ തച്ചുകൊന്നു ഞാൻ ഇട്ടുകൊടുത്തു. തവള ഇങ്ങനെ ഒന്നുണ്ടെന്ന നാട്യവും കൂടി കാട്ടിയില്ല. ഞാൻ ചത്ത ഓന്തിനെ എടുത്തു് അതിൻെറ വാലിന്മേൽ ഒരു നൂൽകെട്ടി, തവളയുടെ മുൻഭാഗത്തു പിന്നെയും വച്ചു് അങ്ങോട്ടും ഇങ്ങോട്ടും ഇളക്കിയപ്പോൾ ഒരൊററ ചാട്ടം കൊണ്ടു തവള അതിനെ പിടിച്ചു വിഴുങ്ങി. തേരട്ടയേയും അരണയേയുംകൂടി തവള തിന്നുന്നതു ഞാൻ കണ്ടിട്ടുണ്ടു്. കാഴ്ചയിൽ വളരെ വങ്കനും വൃദ്ധനും ആണെന്നു തോന്നുന്ന ഇവൻ യഥാൎത്ഥത്തിൽ വളരെ സമൎത്ഥനാണ്. തന്നെ പിടിച്ചു വിഴുങ്ങുന്ന പാമ്പിൻെറ കുട്ടികളെ ഇവനും പിടിച്ചു വിഴുങ്ങും. ചില സമയത്തു തള്ളയോടുകൂടെ മേയാൻ തെണ്ടിനടക്കുന്ന കോഴിക്കുട്ടികളേയുംകൂടി ഇവൻ പിടിച്ചു വിഴുങ്ങും. അതൊക്കെ ക്ഷമിക്കാം. എന്നാൽ തന്നേക്കാൾ ചെറുതായ സ്വന്തം സഹോദരന്മാരേക്കൂടി പിടിച്ചു വിഴുങ്ങുന്നതു ഞാൻ കണ്ടിട്ടുണ്ടു്. അതുകൊണ്ടു തവളയ്ക്കു ജാതിസ്നേഹം ഇല്ലെന്നും വിചാരിക്കാൻ പാടില്ല. ഒരു ദിവസം ഒരു കുണ്ടുകുളത്തിൽനിന്നു് ഒരു നീൎക്കോലി ഒരു തവളയെ പിടിച്ചപ്പോൾ തവള കഠിനമായി നിലവിളിച്ചു. തവളയുടെ കരച്ചിൽ കേട്ടപ്പോൾ കുണ്ടുകുളത്തിൻെറ വക്കത്തുണ്ടായിരുന്ന പുൽക്കൂട്ടത്തിൽ നിവസിച്ചിരുന്ന വലിയ പോക്കാൻ തവളകൾ ചെവിടോൎമ്മിച്ചു ഒരു കൂട്ടമായി വന്നുചേൎന്നു, കുളത്തിൽ ചാടി, നീന്തിച്ചെന്നു നീൎക്കോലിയെ കടിച്ചപ്പോൾ, നീൎക്കോലി, താൻ കടിച്ച തവളയേയും വെടിഞ്ഞു മരണപ്പാച്ചിൽ പാഞ്ഞു രക്ഷപ്പെട്ടു.

തവളയെ ഒരു ഭൂജലവാസിജന്തുവാണെന്നു പറയാം. തവള മുട്ട യിടുന്നതു വെള്ളത്തിലാണ്. മുട്ടയിൽ നിന്നു വിരിയുന്ന ചെറിയ കുട്ടിക്കു മിട്ടെലി എന്നാണു പേർ. കറുത്തനിറത്തിൽ തടിച്ച തലയും നേരിയ വാലും മാത്രമെ ഇതിന്നു കാണുകയുള്ളു. ആ കാലത്തൊക്കെ ഈ കുട്ടി ഒരു ജലജന്തുവാണ്. രണ്ടു കാലും രണ്ടു കൈയും മുളച്ചുവരികയും വാൽ പൊയ്പോകുകയും ചെയ്യുമ്പോൾ മാത്രമെ തവളക്കുട്ടി തള്ളയുടെ ആകാരവും അവലംബിച്ചു കരയ്ക്കു കയറിവരികയുള്ളു.

തവളയ്ക്കു അനേകം ശത്രുക്കളുണ്ട്. തവള ഇല്ലെങ്കിൽ അനേകം ജന്തുക്കൾ പട്ടിണികൊണ്ടു മരിക്കേണ്ടിവരും. തന്റെ കൂട്ടൎക്കു സംഭവിക്കുന്ന ഈ വലിയ നാശം തവള പരിഹരിക്കുന്നതു തന്റെ പെരുകുവാനുള്ള ശക്തികൊണ്ടു മാത്രമാണ്.

## 49. വെള്ളിക്കെട്ടൻ (Krait)

വടക്കെ മലയാളത്തിൽ ഈ പാമ്പിനെ വളെരിപ്പാൻ എന്നു പറഞ്ഞുവരുന്നു. മനുഷ്യന്റെ ജീവഹാനിക്കു കാരണമായിത്തീരുന്ന പാമ്പുകളിൽ ഒന്ന് ഇവൻ തന്നെയാണ്. ഇവന്റെ ശരീരത്തിൽ വിലങ്ങനെയുള്ള വരകൾ ഉണ്ട്. എന്നാൽ വിലങ്ങനെ വരയുള്ള വിഷമില്ലാത്ത പാമ്പുകളും ഉണ്ട്. അതുകൊണ്ട് ഈ വിഷപ്പാമ്പിനെ തിരിച്ചറിവാനുള്ള മാൎഗ്ഗം എല്ലാവരും മനസ്സിലാക്കേണ്ടതാണ്.

പാമ്പിന്റെ ശരീരത്തിന്മേൽ മത്സ്യത്തിന്റെ ശരീരത്തിന്മേൽ എന്നപോലെ ചില തുളികൾ ഉണ്ട്. ഈ തുളികൾക്ക് ഓരോ നിശ്ചിതവലിപ്പമുണ്ട്. എന്നാൽ വെള്ളികെട്ടന്റെ മുതുകത്തുള്ള തുളികൾക്കു രണ്ടു ഭാഗത്തിലും ഉള്ള തുളികളേക്കാൾ വലിപ്പം ജാസ്തിയുണ്ടാകും. ഇതു് ഒരു പ്രധാനലക്ഷണമാണ്. ഇതു് ഒരിക്കലും തെററിപ്പോകയില്ല.

ഇനി വെള്ളിക്കെട്ടന്റെ ശരീരത്തിന്മേൽ കാണുന്ന വിലങ്ങനെയുള്ള വരകളെപ്പററിയാണു പറവാനുള്ളതു്. വളെരിപ്പാന് (വെള്ളിക്കെട്ടന്) മസ്തകത്തിന്മേൽ യാതൊരു വരയും കാണുകയില്ല. വര തുടങ്ങുന്നതു കഴുത്തിന്റെ കീഴേനിന്നാണ്. ഈ വര വാലിന്റെ അഗ്രംവരെ എത്തും. വിഷമില്ലാത്ത വരപ്പാമ്പുകൾക്കു വരകൾ അത്രത്തോളം എത്തുകയില്ല.

ഇനി വെള്ളിക്കെട്ടന്റെ വരയുടെ രീതിയാണു നാം മനസ്സിലാക്കേണ്ടതു്. ഒന്നാമതു കാണുന്നതു് ഒരു നൂൽപോലെ ചെറിയ വിലങ്ങനെയുള്ള വരകളാണ്. ഈ വരകൾ തുല്യദൂരത്തിൽ നില്ക്കുന്നവയല്ലെന്നു സൂക്ഷിച്ചാൽ മനസ്സിലാകും. പിന്നെ കാണുന്നതു വരയ്ക്കു പ്രകാരം അടുത്തടുത്തു നില്ക്കുന്ന വെള്ള കുത്തുകളാണ്. പിന്നെ വെള്ളക്കുത്തുകൾ കൊണ്ടുണ്ടാ

ക്കിയ ഇരട്ട വരകളാണ്. പിന്നെ വരയ്ക്കു പകരം മുതുകത്ത് ഓരോ വെള്ളക്കുത്തു മാത്രം ഉള്ള വയാണ്. പിന്നെ ചിലതിന്നു മുതുകത്തു കാണുന്ന വെള്ളക്കുത്തും കൂടി പോയിട്ട വെറും കരിമ്പന്മാരുടെ പ്രകൃതിയാണു സിദ്ധിക്കുന്നത്.

ഒരു പ്രത്യേകതരം വളെരിപ്പാന്റ് (വെള്ളിക്കെട്ടന്) ശരീരപ്രകൃതി ഇങ്ങനെയല്ല. അവന്നു നേരിയ വരയ്ക്കു പകരം പട്ടപോലെ വീതിയുള്ള വരകളാണു കാണുന്നത്. കിഴക്കൻദിക്കുകളിൽ ഈ പട്ട നീലയും മഞ്ഞയും ആയിട്ടാണ്. നമ്മുടെ രാജ്യത്തിൽ കറുപ്പും വെളുപ്പുമായിട്ടാണ്. ഇതിനു ശങ്കിനി എന്ന ബിരുദനാമവും കൂടി ഉണ്ട്. ഇവൻ അഞ്ചാറടി ദീഘം വയ്ക്കുന്ന ഒരു ഭയങ്കരനാണെങ്കിലും തലവണ്ണമില്ലാത്തതുകൊണ്ടു വിഷപ്പല്ലിന്റെ വണ്ണവും വളരെ കുറഞ്ഞുപോകുന്നു. ഇവൻ കടിച്ചാൽ മിക്ക സമയത്തും വിഷപ്പല്ലു ദേഹത്തിൽ പ്രവേശിക്കാൻ ഇടയില്ലെങ്കിലും, വല്ലപ്പോഴും പ്രവേശിച്ചുകഴിഞ്ഞാൽ, സർപ്പത്തേയും പയ്യാനമണ്ഡലിയേയും പോലെ അപായി ആണെന്നതിന്നു സന്ദേഹമില്ല.

### 50. പയ്യാനമണ്ഡലി Russels' Viper)

കേരളത്തിലെ മനുഷ്യരെ അപായപ്പെടുത്തുന്ന മൂന്നു ജാതി വിഷപ്പാമ്പുകളിൽ ഒരു ഭയങ്കരൻ ഇവനാണ്. മററു പാമ്പുകളുടെ മസ്തകത്തിൽ ഉള്ള തഴമ്പുപോലെ തോന്നുന്ന തോൽപരിചകൾ ഇവന്റെ തലയിൽ കേവലം കാണുകയില്ല. തല പരന്നിട്ടും കഴുത്തു മെലിഞ്ഞിട്ടുമാണ്. മൂക്കിൻതുള തലയോടൊത്തു നോക്കുമ്പോൾ ഭയങ്കരവലിപ്പമുള്ളതാണ്. ദേഹം വളരെ തടിവയ്ക്കും. നാലടി ദീർഘവുമുണ്ടാകും. ദേഹത്തിന്മേൽ കുത്തനേയും വിലങ്ങനേയും വലിയ കറുപ്പുപുള്ളികൾ ഉണ്ട്. ഇടത്തും വലത്തും ഉള്ള ഓരോ അണ്ണിയിൽ വിഷപ്പല്ലുകൾ, ഒന്ന് ഒന്നിന്റെ പിന്നിലായി വളരെ നിൽക്കുന്നുണ്ടാകും. എന്നാൽ മുമ്പിൽ നിൽക്കുന്നതിനെ വിഷമേല്പിക്കാനുള്ള ഏർപ്പാടുണ്ടായിരിക്കു. ആ മുൻപല്ലു വല്ല പ്രകാരത്തിലും പൊയ്പ്പോയാൽ അതിന്റെ നേരെ പിന്നിൽ നില്ക്കുന്ന പല്ല് ആ സ്ഥാനത്തിൽ വന്നുചേരുന്നു. ഇതിന്റെ പല്ലു സർപ്പത്തിന്റെ പല്ലുപോലെ ഓടപോലെ തുളയായിട്ടല്ല. ചാലുപോലെ കഴിഞ്ഞ മട്ടിലാണ്.

പയ്യാനമണ്ഡലി സർപ്പത്തേക്കാൾ ഭയങ്കരമായിട്ട് ഊതും. സ്വാഭാവികമായി ഒരിടത്തു മുട്ടിപോലെ കിടക്കുന്ന ജന്തുവാണെങ്കിലുംകൂടി ചില സമയത്ത് ഇതിന്ന് ഒരു വെറി പിടിപെടാറുണ്ട്. ആ സമയത്ത് ഇതിന്റെ മടയുടെ അരികെ പോകുന്ന ആളെയും കൂടി ഇവൻ അനാവശ്യമായി കടിച്ചുകൊല്ലാതിരിക്കയില്ല.

എന്നാൽ മിക്ക സമയത്തും ഇവൻ ഒരു സ്തോഭമൊ ക്ഷോഭമൊ ഇല്ലാത്തവനാണ്. ഇവൻ ഭയങ്കരനാണെങ്കിലുംകൂടി ഇവന്റെ നിശ്ചേഷ്ടസ്വഭാവത്തെ കണ്ടറിഞ്ഞു് ഇവനെ സപ്പ്വും ചേരയുംകൂടി പിടിച്ചുവിഴുങ്ങാറുണ്ടു്. ആ സമയത്തുംകൂടി ഇവൻ ഒരു ചൈതന്യം പ്രദശിപ്പിച്ചു തന്റെ ശത്രുക്കളിൽനിന്നു മോചനം പ്രാപിക്കുവാൻ പരിശ്രമിക്കുന്നില്ല.

പയ്യാനമണ്ഡലിക്കു സഹനശക്തി വളരെ ഉണ്ടു്. ഒരു കൊല്ലത്തോളം തീനും വെള്ളവും കൊടുക്കാത്ത ഒന്നിന്റെ അരികെ കൊണ്ടുവച്ചു ഒരു കോഴിയെ അതു് ഒരു കടി കടിച്ചപ്പോഠം കോഴി രണ്ടുമിനിട്ടുകൊണ്ടു മരിച്ചുപോയതായി കണ്ടിട്ടുണ്ടു്.

നമ്മുടെ രാജ്യത്തു് ഇവനെ എത്രയോ സുലഭമായി കാണുന്നതുകൊണ്ടു വെളിച്ചം കൂടാതെ രാത്രി നടക്കാൻ ആരും ഒരുമ്പെടരുതു്.

## ഒന്നാംപാഠവിമശം.

(വി. കെ. ജെ. എ.)

(പകപ്പ്വകാശം സ്വായത്തം)

### 1.

ഗുരുകല്പന ഈശ്വരകല്പനയ്ക്കു തുല്യം വിലമതിച്ചുവന്നിരുന്ന പ്രാചീനകാലവും അദ്ധ്യാപകന്മാരുടെ അപ്രാപ്തി, ഡംഭ്, ക്രൂരത, സ്നേഹരാഹിത്യം മുതലായവകൊണ്ടു ശിഥിലീഭവിച്ചിരിക്കുന്ന ഗുരുശിഷ്യബന്ധത്തോടുകൂടിയ അവ്വാചീനകാലവും തമ്മിലുള്ള വ്യത്യാസം എത്രമേൽ പരിതാപദായകമായിത്തീന്നിട്ടുണ്ടെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. വിദ്യാത്ഥി എന്ന പദത്തിന്റെ അത്ഥം ജ്ഞാനസമ്പാദനത്തിനു പ്രാത്ഥിക്കുന്നവൻ എന്നുള്ളതാകയാൽ ഭാവിപൗരന്മാരാകാനുള്ള അദ്ധ്യേതാക്കളുടെ മാനസികശക്തികളെ ക്രമപ്രവൃദ്ധമാക്കേണ്ടതു തൽഭാരവാഹികളായ ഏവരുടേയും പ്രധാനചുമതലയത്രെ. ഇതിൽ അദ്ധ്യയനത്തിലും പാഠപുസ്തകങ്ങഠംക്കും ഏററവും പ്രധാനമായ ഒരു സ്ഥാനമുണ്ടെന്നുള്ളതും നിർവിവാദമാണല്ലൊ. പരിഷ്കാരഭ്രമം കൂടിക്കൂടി സകലത്തിനും ഇംഗ്ലീഷുകാരെ അനുകരിക്കുന്നതുനിമിത്തം നാം എത്രമേൽ അധഃപതിക്കുന്നുണ്ടെന്നു നമ്മുടെ ചുററുപാടുക

ളും വിശിഷ്യാ വിദ്യാഭ്യാസരീതിയും ഒന്ന പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. നമ്മൾ ഒരു സംഗതി അതിനുള്ള നന്മതിന്മകളും നമുക്കുള്ള പ്രയോജനക്കുറവുതലും നോക്കി തിരഞ്ഞെടുക്കേണ്ട കാലം അതിക്രമിച്ചിരിക്കെ ജനനംമുതൽ മൂന്ന വയസ്സുവരെ ആരോഗ്യവകുപ്പുകാരുടേയും മൂന്ന വയസ്സു മുതൽ എട്ടുവയസ്സുവരെ കിൻറർഗാർട്ടൻ വകുപ്പുകാരുടേയും കീഴിൽ വിദ്യാഭ്യാസം ചെയ്തുവരുന്ന ശീതമേഖലാനിവാസികൾക്കൊപ്പം പ്രായമാകുന്നതിന്ന മുൻപു പരിപക്വമാകുന്ന ദേശാവസ്ഥയോടുകൂടിയ നമ്മുടെ നാട്ടിലെ കുട്ടികൾ അഭ്യസനംനടത്തുന്നതു് അത്തരത്തിലുള്ള അനവധി ദോഷങ്ങളിൽ ഒരു പ്രധാനസംഗതിയാകുന്നു. പടം കണ്ടു പദം പറഞ്ഞു് അക്ഷരം പഠിക്കുന്നതാണ് ഇന്നത്തെ അദ്ധ്യയനരീതി. ഇവിടങ്ങളിൽ അഞ്ചുമുതൽ എട്ടുവരെ വയസ്സുള്ള കുട്ടികളാണു ബാലപാഠക്ലാസ്സിൽ വന്നുചേരുന്നതു്. അതിനാൽ അവൎക്കു് ആദ്യം തുടങ്ങിത്തന്നെ അക്ഷരം പഠിക്കത്തക്ക ശേഷിയുണ്ടായിരിക്കും. ഇതിനും പുറമെ ഒരക്ഷരത്തിന്ന പല ഉച്ചാരണവും ഒരു വാക്കിന്ന പലവിധ ലിപികളും അടങ്ങിയിരിക്കുന്ന ഇംഗ്ലീഷുഭാഷയ്ക്കു മിക്കവാറും എഴുതുന്നതിനനുസൃതമായ വായനയോടുകൂടിയ നമ്മുടെ മാതൃഭാഷയുമായിട്ടു യാതൊരു സാദൃശ്യവും ഇല്ല എന്നും മററുമുള്ള സംഗതികൾ നാം ഓൎക്കേണ്ടതാണ്. എന്നിരുന്നാലും ഈ സംഗതികൾ തീരെ വിസ്മരിച്ചു പടം കണ്ടു പദം പറഞ്ഞു അക്ഷരം പഠിപ്പിക്കുന്നതു ശിശുക്കളെ സംബന്ധിച്ചിടത്തോളം ഉചിതമാണെന്നു വിചാരിച്ചു് ആ രീതി സ്വീകരിച്ചാൽ തന്നെയും ഇന്നു നമ്മുടെ ഗവൎമ്മേൻറു സ്വീകരിച്ചിട്ടുള്ള ഒന്നാംപാഠം അവർ വിചാരിക്കുന്നതുപോലുള്ള യാതൊരു ഉപകാരവും ഉപയോഗവും കുഞ്ഞുങ്ങൾക്കുണ്ടാക്കി കൊടുക്കുന്നില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. എന്തെന്നാൽ കൊച്ചുകുഞ്ഞുങ്ങൾ കഴിയുന്നതും മാതൃകാരീതിയിലുള്ള പദങ്ങളും പദ്യങ്ങളും പഠിച്ചു പരിചയിക്കേണമെന്നുള്ളതു നിൎവ്വിവാദമായിരിക്കെ അതിന്ന പകരം ഈ പ്രഥമപാഠപുസ്തകത്തിൽ കാണുന്ന കൈയ്യും കണക്കുമില്ലാത്ത അനവധി അബദ്ധങ്ങൾ എൻെറ ഏറിയ കാലമുള്ള പരിചയം അടിസ്ഥാനപ്പെടുത്തി താഴെ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. അതിൽ വന്നുചേരാവുന്ന തെററുകൾ മഹാന്മാർ സദയം തിരുത്തിത്തരികയൊ അല്ലാത്തപക്ഷം അതു ശരിയാണെന്നു സമൎത്ഥിച്ചു തരികയൊ ചെയ്യണമെന്നു വിനയപൂൎവ്വം ഒന്നുകൂടി അപേക്ഷിച്ചുകൊണ്ടു് അവയെ ചുവടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഒരു പാഠപുസ്തകത്തിന്ന വിശേഷിച്ചും ചെറുപൈതങ്ങൾക്കുള്ള പാഠപുസ്തകത്തിന് അവൎക്കു് അനുഗുണമായ വിഷയവും, രീതിയും, മറയും, ഉദ്ദേശ്യവും ആലോചിച്ചു കണ്ടുപിടിക്കേണ്ടതിന്ന പകരം ഇന്നത്തെ പാഠപുസ്തകം ഇതിന്ന നേരെ വിപരീതമായിട്ടാണു തയാറാക്കിയിരിക്കുന്നതെന്നു

കൂടി താഴെ വിവരിക്കുന്ന സംഗതികൾകൊണ്ടു വ്യക്തമാകുന്നതാണ്. ഞാൻ പഠിച്ചിരുന്ന കാലത്ത് ഉപയോഗിച്ചിരുന്ന ശ്രീമാൻ, കപ്പാഴം എൻ. രാമൻപിള്ള അവർകളുടെ ഒന്നാംപാഠത്തിൽ പഴയ രീതിയിൽ വ്യഞ്ജനങ്ങൾ തുടർച്ചയായിട്ടു പഠിക്കേണ്ടിയിരുന്നെങ്കിലും മററു പാഠങ്ങൾ, അവയവങ്ങൾ-പരിചിതമൃഗങ്ങൾ-കാട്ടുമൃഗങ്ങൾ-പരിചിതവസ്തുക്കൾ-ആഴ്ചകൾ-മാസങ്ങൾ (ഇംഗ്ലീഷിലും, മലയാളത്തിലും, സംസ്കൃതത്തിലും, തമിഴിലും) ഈ രീതിയിൽകൂടി തോവാളക്കൊഴുന്ത്, ശൂരങ്കൊടി മാമ്പഴം മുതലായി രാജ്യത്തിലുണ്ടാകുന്ന കേൾവികേട്ട സാധനങ്ങളും, അതിനു കീർത്തികേട്ട സ്ഥലങ്ങളും, ആരുവാമൊഴിപ്പാത, കന്യാകുമാരിതീർത്ഥം ഇപ്രകാരം പെരുമയ്ക്കടിസ്ഥാനമായ പ്രകൃതിവിശേഷങ്ങളും "അവന്നു ദീനമതിനു മൂലമതിഭക്ഷണം; പ്രാതഃസ്നാനം ബുദ്ധിവിശേഷം മഹൌഷധം" എന്നും മററുമുള്ള ആരോഗ്യനിയമങ്ങളും "അന്യായപ്രകൃതി ആരോടുമരുത്, അതിനുണ്ടു പാപം; പരജനഹിംസ, വലുതായ ദോഷം, ഒരുനാളുമരുത്" എന്നു തുടങ്ങിയ സദുപദേശങ്ങളും എന്നുവേണ്ട, ഒരു കൊച്ചുകുട്ടിയെ മനുഷ്യനാക്കുന്നതിനു വേണ്ട പ്രധാനസംഗതികളുടെ ബീജങ്ങൾ പടിപടിയായിട്ടു കാണിക്കുന്നവയായിരുന്നു. എന്നാൽ പ്രയാസമേറിയ ആ രീതി ബാലമനസ്സിനു സുഗ്രാഹ്യമല്ലെന്നു തീർച്ചപ്പെടുത്തി പാഠങ്ങൾക്ക് അവരെ ആകർഷിക്കത്തക്ക പടങ്ങൾകൂടി കൊടുത്തിട്ടുള്ള ബാലപാഠം അടുത്ത കാലത്തു നടപ്പായി. സംസ്കൃതത്തിലെ ഒന്നാംപാഠത്തിൽ നിന്നും, പഴയ ഒന്നാംപാഠങ്ങളിൽ നിന്നും, നല്ലതെന്നു തോന്നിയ പല സംഗതികളും ബാലമനസ്സിന് അനുയോജ്യമായ വിധത്തിൽ അടുക്കിച്ചേർത്ത്, ഉചിതങ്ങളായ പടങ്ങളും കൊടുത്താണ് ആ പുസ്തകം പ്രസിദ്ധീകരിച്ചിരുന്നത് എന്നു വരികിലും അക്ഷരങ്ങൾ കെട്ടിത്തൂക്കിയ രീതിയിൽ പരസ്പരബന്ധമില്ലാതെ പഠിപ്പിച്ചുവന്ന ആ രീതിയും ശരിയല്ലെന്നനുമാനിച്ച് അതും മാററിയതിനു മേലാണ് അമ്മ അണ്ണാൻ ഇത്യാദി പടങ്ങൾ കണ്ടു പദം പറയിച്ച് എഴുത്തു പഠിപ്പിക്കുന്ന പുതിയ ഒന്നാംപാഠം സ്വീകരിച്ചതു്. ഇതിൽ ഉണ്ടായിരുന്ന ആദ്യപടം കുഞ്ഞുങ്ങൾക്ക് ഏററവും പരിചിതമായ അമ്മയും, കുഞ്ഞും ആയിരുന്നു. ഇതിൽ ആദ്യാക്ഷരമായ "അ" പ്രത്യേകം ചുവന്ന മഷികൊണ്ടു് അച്ചടിച്ചിട്ടുമുണ്ടായിരുന്നു. എന്നിരുന്നാലും ഉച്ചരിക്കുന്നതിനും "അ" എന്ന അക്ഷരം എഴുതുന്നതിനുമുള്ള പ്രയാസാധിക്യം ഒന്നോർക്കുമ്പോൾ അതു കൂടാതിരിക്കയായിരുന്നു നല്ലതെന്നു കുഞ്ഞുങ്ങളെ പഠിപ്പിച്ചിട്ടുള്ള ഏവർക്കും തോന്നിപ്പോകും. അതുകൊണ്ടായിരിക്കാം, അതുമാററി ഇപ്പോഴത്തെ ഒന്നാംപാഠം സ്വീകരിക്കാനിടയായതു്. എന്നാൽ ഈ പുസ്തകത്തെ അപേക്ഷിച്ച് അതും ശ്രേഷ്ഠമായിരുന്നു എന്നു പറയാതിരിക്കാൻ തരമില്ല.

ഇന്നത്തെ ഒന്നാംപാഠത്തിന്റെ ആദ്യപാഠം പൂ; പൂച്ച; പൂച്ചട്ടി; എന്നു മൂന്നു പടങ്ങളും പദങ്ങളുമായിട്ടാണല്ലോ തുടങ്ങുന്നതു്. പടം കണ്ടുച്ചരിക്കത്തക്ക രീതിയിൽ ശരിയായിട്ടുമുണ്ടു്. എന്നാൽ പൂ ഒരു ശരിയായ ശബ്ദമല്ല. ലിപിയാണെങ്കിൽ എത്രയോ പ്രയാസമേറിയതു്. ആദ്യമായിട്ടു പടം പഠിക്കുവാൻ തുടങ്ങുന്ന ഒരു ചെറിയ കുട്ടി ഗണപതിക്കു കുറിക്കുന്നതുതന്നെ അപശബ്ദമാണെന്നുള്ളതു വിവരമുള്ള ഏവക്കും പരിതാപകരമായ സംഗതിയാകുന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. കുഞ്ഞുങ്ങൾ "പൂവ്" എന്നുതന്നെയാണ് പറയാറുള്ളതു്. അടുത്ത പടിയായ പൂച്ചയിലെ ആദ്യക്ഷരം "ഊ" കാരം വ്യഞ്ജനത്തിൽ ചേക്കുന്ന പ്രയാസമേറിയ രീതിയോടുകൂടിയതും അടുത്തതു് ഒരു കൂട്ടക്ഷരവുമാണല്ലോ. ഇതിനും ആദ്യവാക്കിനുമായിട്ടു യാതൊരു സംബന്ധവും കാണുന്നില്ല. എങ്കിലും ജന്തു പരിചിതമാണ്. അടുത്ത "പൂച്ചട്ടി" ഉൾനാട്ടുകാർ കണ്ടിരിക്കാനെ തരമുള്ളതല്ല. എഴുത്തിനും അത്ഥഗ്രഹണത്തിനും വലിയ പ്രയാസവുമുണ്ടു്. ഇതിനെല്ലാററിനും പുറമെ ഈ പാഠത്തിൽ ആദ്യം 'ഉ'കാരം രണ്ടാമതു 'ഊ'കാരം മൂന്നാമതു 'ഈ'കാരം 'ഇ'കാരം ഇവയും വ്യഞ്ജനങ്ങളിൽ യാതൊരു ഉദ്ദേശവുമില്ലാതെ കൂട്ടികലത്തിയിരിക്കുന്നു. കൊച്ചുകുട്ടികളെ പഠിപ്പിക്കുവാൻ തുടങ്ങുന്ന അക്ഷരങ്ങൾക്കു മൂന്നോ നാലൊ അതിലധികമൊ തവണ ആവൎത്തിക്കത്തക്കതരത്തിൽ പദങ്ങൾ കൊടുക്കുന്നതു് എത്രയോ ഉപകാരപ്രദമായിരിക്കും. ഈ വിഷയത്തിൽ ദ്രാവിഡബാലപാഠം "ആ എമ്പവൻ, അതോ എൻറാൻ" "ഈ എമ്പവൻ ഈ എൻറാൻ" ഇത്യാദി വാക്യങ്ങളും അനുഗുണങ്ങളായ പടങ്ങളുംകൊണ്ടു് ഏററവും സ്തുത്യൎഹമായ രീതിയിൽ എഴുതിയിട്ടുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഇംഗ്ലീഷുപാഠപുസ്തകങ്ങളും പടങ്ങളും പദങ്ങളും സ്വയം പറഞ്ഞുറയ്ക്കത്തക്കവതന്നെ. എന്നാൽ ഈ പാഠങ്ങൾക്കാകട്ടെ ആ ഗുണം ഒന്നുംതന്നെയില്ല. വ്യഞ്ജനമുറയ്ക്കാണെങ്കിൽ അമ്മ ആമ എന്നു പടംകാണിച്ചു തുടങ്ങുകയൊ അല്ലെങ്കിൽ ഒരു പറയുടെ പടം കാണിച്ചു പേരുപറയിച്ചു മറ-പറ-തറ-കറ ഇത്യാദി റകാരം ചേൎന്ന പദങ്ങൾ കൊടുത്തു പാഠം തുടങ്ങുകയൊ ചെയ്യുന്നതു എത്രയോ പ്രയോജനകരമായിരിക്കും. ഇതിന് ഒരു പപ്പടകമൊ വൃത്തത്തിൽ വെട്ടിയിട്ടുള്ള കടലാസുകളൊ കൊടുത്തു കുട്ടികളെക്കൊണ്ടു് ആദ്യം ആ രൂപം വരപ്പിക്കുകയും (ഠ വരക്കുന്നതു കുട്ടികളുടെ സവ്വസാധാരണമായ വിനോദമാണ്) അതിനെ തുടൎന്നു പറ കാണിച്ചു പറയിക്കുകയും തറയിൽ ചൂണ്ടിക്കാണിച്ചു ഇതെന്താണ് എന്നു ചോദിച്ചു വരുത്തി പദം കാണിച്ചു റകാരം ആവൎത്തിക്കുകയും ചെയ്യാം. ഈ രീതി ഞാൻ പലരിലും പ്രയോഗിച്ചു നോക്കി വിജയം നേടിയിട്ടുമുണ്ടു്.

വാക്യം വേണമെങ്കിൽ അറതുറന്നു—പറ എടുത്തു—തറ തുടച്ചു അരി നിറച്ചു—നിറപറ വച്ചു എന്നു തുടങ്ങാം. (പക്ഷെ ആവശ്യമില്ല.)

## പാഠം ౮.

ചട്ടി, പട്ടി, വട്ടി ഇവിടെ ആവത്തനം "ട്ടി"യ്ക്കാണ്, മററു സംഗതികൾ കൊണ്ടു കൂട്ടക്ഷരം പഠിപ്പിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. (ആദ്യക്ഷരങ്ങൾ വലിയ രൂപത്തിൽ കാണിച്ചിരിക്കുന്നതുകൊണ്ട് അവയാണ് പഠിപ്പിക്കുവാൻ വിചാരിക്കുന്നതെന്നു തോന്നുന്നു.) എന്നാൽ ഒരക്ഷരത്തിൽതന്നെ രണ്ടുമൂന്നു പദങ്ങൾ എങ്കിലും എഴുതാതിരുന്നിട്ടുള്ളതും ആകർഷകമായ പടങ്ങൾ തിരഞ്ഞെടുക്കാത്തതും മററും വിചാരിക്കുമ്പോഴും ഈ പാഠത്തിലും അശേഷം ശ്രദ്ധ പതിപ്പിച്ചിട്ടില്ലെന്നു തെളിയുന്നുണ്ട്. പട്ടിയെ കാണുമ്പോഴുള്ള സന്തോഷവും ആ പദം നടുക്കു കൊണ്ടിട്ടിരിക്കുന്നതുകൊണ്ടു (ആ പദത്തിൻെറ പ്രാധാന്യക്കുറവുകൊണ്ടു) കുറഞ്ഞു പോകുന്നു. ന്യായമായിട്ടു രണ്ടാമതു് ഒരു മുണ്ടിൻെറ കരയോ വരയോ പലതരം വരകളൊ കാണിച്ചു് പേരുപറയിച്ചു് വര, കര, അര, നര, ഇത്യാദിപദങ്ങൾമൂലം രകാരം ഉറപ്പിക്കുകയാണ് ചെയ്യേണ്ടതെന്നുള്ളതിനും സംശയമില്ല. വാക്യം വേണമെങ്കിൽ കരയൻമുണ്ടും, വരയൻഷട്ടും, അരയിൽകെട്ടും തരണേ തരണേ (എന്നാകാം)

## പാഠം ൯.

പറ, പന, നരി എഴുത്തിൻെറ സൗകര്യവും ഉച്ചാരണലാഘവവും പ്രമാണിച്ചു് ഇതിലെ ആദ്യപദങ്ങൾ രണ്ടും ഈ പുസ്തകരീതിക്ക് ഒന്നാംപാഠമായിട്ടു് എടുക്കുന്നതിനു യോജിച്ചവയാണ്. എന്നാൽ ഇകാരത്തോടുകൂടിയ നരി എന്ന പദം ഇപ്പോൾ എടുക്കേണമെന്നില്ല. ആജന്തുവും കുഞ്ഞുങ്ങൾക്കു പരിചിതമല്ല. രണ്ടു റകാരം ചേത്തു് എഴുതിക്കാവുന്ന നകാരരൂപം പന, മന, തിന (സാമാനം കാണിക്കണം) ആന ഇത്യാദിപദങ്ങളാൽ ഉറപ്പിക്കാം. ഇതിനിടയിൽ മററു പദങ്ങൾ കൂട്ടി ചേത്തു് ഒരാവത്തനം കാണുന്നുണ്ട്. അതിനു പകരം കാര്യമൊന്നും വെളിപ്പെടുത്താതെ പ്രധാന അക്ഷരം ആദ്യംകൊടുത്തു നര (അപ്പൂപ്പന്മാരുടെ തലമുടിയോടുപമിച്ചു പറയിക്കുക) നാരങ്ങാ-നാള്-നാളം ഇത്യാദിപദങ്ങളും, പനയും, തിനയും, വനവും, മുനിയും, മനയും, വിനയും, നിനയാ, തിരിയാ, എന്ന വാക്യങ്ങളും വേണമെങ്കിൽ കൊടുക്കാം.

# ചിന്താവിഷ്ടയായ സീത.

ജി. രാമൻ മേനോൻ, എം. എ., ബി. എൽ.

ഈ പാഠശാലാവഷത്തിൽ 7-ാംക്ലാസിലേക്ക പദ്യപാഠപുസ്തകമായി നിശ്ചയിച്ചിരിക്കുന്ന "ചിന്താവിഷ്ടയായ സീത" എന്ന ചെറുകാവ്യം, മഹാകവി കുമാരനാശാൻെറ മററു കൃതികളെപ്പോലെതന്നെ വിശിഷ്ടമായിരിക്കുന്നു. എന്നാൽ, ശരാശരി പതിമൂന്നൊ പതിനഞ്ചൊ വയസ്സുമാത്രം പ്രായമുള്ളവരും ലോകപരിചയത്തിലും പുരാണകഥാപരിചയത്തിലും വെറും ബാലപാഠക്കാരുമായ 7-ാംക്ലാസ് വിദ്യാത്ഥികൾ പ്രസ്തുതകൃതിയിലെ അഗാധമായ കാവ്യരസത്തിലേക്ക് എത്തിനോക്കാൻ പോലും പ്രാപ്തരല്ല. ഈ മഹനീയഗ്രന്ഥം 7-ാംക്ലാസിലേക്ക പാഠ്യപുസ്തകമാക്കിയവർ, അതു വായിച്ചുനോക്കുകയും ഏഴാംക്ലാസ്‌വിദ്യാത്ഥികളുടെ പ്രായത്തേയും മററും കുറിച്ച് ഒന്ന് ഓക്കുകയും ചെയ്തിട്ടാണൊ, അങ്ങനെ ചെയ്തതെന്നു പോലും സംശയിക്കേണ്ടിയിരിക്കുന്നു. പുരാണകഥകളിലും, ലോകകാര്യങ്ങളിലും, അദ്ധ്യാത്മചിന്തയിലും ചിരപരിചയം നേടീട്ടുള്ള പണ്ഡിതന്മാക്ക് ആലോചനാമൃതമായിരിക്കുന്ന ഈ കാവ്യമെവിടെ! ഇത്തരം കാര്യങ്ങളിലും വികാരനിയന്ത്രണത്തിൽപോലും വെറും ശിശുക്കളായ 7-ാംക്ലാസ് വിദ്യാത്ഥികളെവിടെ! ഈ കാവ്യത്തിലെ ആദ്യത്തെ ശ്ലോകത്തെപ്പററി സ്വല്പം ആലോചിച്ചുനോക്കാം:—

"സുതർമാമുനിയോടയോദ്ധ്യയിൽ
ഗതരായോരളവന്നൊരന്തിയിൽ,
അതിചിന്ത വഹിച്ചു സീതപോയ്
സ്ഥിതിചെയ്താളുടജാന്തവാടിയിൽ."

ശ്രീരാമായണത്തിലേയും, ഉത്തരരാമായണത്തിലേയും കഥ സാമാന്യം വിസ്തൃതമായ രീതിയിൽ മനസ്സിലാക്കീട്ടില്ലാത്തവക്ക്, ഈ ശ്ലോകം, അണ്ണാൻകുഞ്ഞിനു കിട്ടിയ, പൊതിക്കാത്ത നാളികേരംപോലെതന്നെ. 7-ാംക്ലാസ്‌വിദ്യാത്ഥികൾക്കു മേൽവിവരിച്ച തരത്തിലുള്ള പുരാണകഥാപരിചയമില്ലെന്ന് അധികൃതന്മാരും സമ്മതിക്കുമല്ലോ. ശ്രീരാമായണം ഗദ്യപ്രബന്ധം മിക്കഭാഗവും ഈ ക്ലാസിലേക്കു പാഠ്യമാക്കീട്ടുള്ളതു് ഈ സമ്മതത്തിൻെറ ലക്ഷ്യമായി വിചാരിക്കാം. ഇതു മുഴവൻ പഠിപ്പിച്ചുതീന്നിട്ടു പദ്യപാഠം പഠിപ്പിച്ചാൽ മതിയെന്നു വയ്ക്കാൻ യാതൊരു നിവൃത്തിയുമില്ല. അതുകൊണ്ടു രാമായണകഥ മുഴവനും ചുരുക്കമായി അദ്ധ്യാപകന്മാർ ആ

രംഭത്തിൽ തന്നെ കുട്ടികളെ പഠിപ്പിക്കണം. ഇതിന്നു മറെറാരു കാരണം ശ്രീരാമായണത്തെപ്പററിയുള്ള എൻെറ മുൻ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

എത്രയും പരിശുദ്ധവും ഹൃദയസ്പൃക്കുമായ "ചിന്താവിഷ്ടയായ സീത", എന്ന കാവ്യം കൊണ്ടുകൂടെ പരീക്ഷകരും അദ്ധ്യാപകരും കുട്ടികളെ ഇനിയും അധികം ദ്രോഹിക്കാനിടയാകാതെ, അധികൃതന്മാർ ഉടനെ വേണ്ടതുചെയ്യണം. ഈ കൃതിയിലെ ഗഹനവും ധാരാവാഹിയുമായ ചിന്താഗതിയും വികാരധോരണിയും തത്വചിന്തകളും വിവരമായി കുട്ടികളെ മനസ്സിലാക്കാൻ ശ്രമിച്ചിട്ടാവശ്യമില്ലെന്നും, അവയുടെ ചുരുക്കം കുട്ടികളെ ധരിപ്പിച്ചാൽ മതിയെന്നും ബാഹ്യപ്രകൃതിവിലാസങ്ങളേയും സംഭവങ്ങളേയും തന്മയത്വത്തോടുകൂടി വിവരിക്കുന്നവയായി അവിടവിടെയുള്ള ശ്ലോകങ്ങൾ മാത്രം സാമാന്യം വിസ്തരിച്ചു പഠിപ്പിക്കേണ്ടതാണെന്നും കാണിച്ച് ഉടനെ പള്ളിക്കൂടങ്ങളിലേക്കു സർക്കുലർ അയയ്ക്കണം. പരീക്ഷകന്മാരെ ഏർപ്പെടുത്തുമ്പോൾ ഈ വിവരം അവരെ മുൻകൂട്ടി അറിയിച്ചു ചോദ്യങ്ങൾ ഉചിതങ്ങളായിരിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്യേണ്ടതും അത്യാവശ്യമാണ്. 1 മുതൽ പത്തുവരേയും, 36 മുതൽ 52 വരേയും, 58 മുതൽ 72 വരേയും, 144 മുതൽ 149 വരേയും, 155 മുതൽ 159 വരേയും, 161 മുതൽ 165 വരേയും, 170 മുതൽ 192വരെ കാവ്യാവസാനം വരേയും ഉള്ള ശ്ലോകങ്ങൾ സാമാന്യം വിവരിച്ചു പഠിപ്പിക്കാൻ ശ്രമിക്കാം. മററു ഭാഗങ്ങളുടെ ചുരുക്കം പറഞ്ഞുകൊടുക്കണം. ഈ പുസ്തകത്തിൽ നിന്ന് ഏതാനും ലഘുപദ്യങ്ങൾ വ്യാഖ്യാനിക്കാനും; അതിഗഹനങ്ങളല്ലാത്ത ഭാഗങ്ങളിലെ സാരങ്ങൾ സംബന്ധിച്ചു ചോദ്യങ്ങൾക്കുത്തരം പറയാനും മാത്രമെ, പരീക്ഷ്യകന്മാർ പരീക്ഷ്യന്മാരോട് ആവശ്യപ്പെടാവൂ. മററു ഭാഗങ്ങളുടെ സൂക്ഷ്മഗ്രഹണം ആവശ്യമായ യാതൊരു ചോദ്യങ്ങളും, ചോദിക്കരുത്. 13-ം 15-ം വയസ്സായ കുട്ടികൾക്കു 'ചിന്ത' തന്നെ വളരെ കുറവാണ്. ആ സ്ഥിതിക്കു 'ചിന്താവിഷ്ടയായ സീത" അവരിൽനിന്ന് എത്ര ദൂരെയാണു നില്ക്കുന്നതെന്നു പ്രത്യേകം പറയാനില്ലല്ലൊ.

# അതീതകാലാകാശം അഥവാ അനുഗ്രഹഭിക്ഷ.

(N. I.)

ഇന്നേക്കിരുപത്തു വത്സരത്തിൽപ്പരം
മുന്നേ കഴിഞ്ഞുള്ളോരദ്ധ്യായത്തിൻ
പൊന്നൊഴുത്തച്ചിട്ട പുണ്യവരികളി-
ലെൻനേത്രമാനന്ദനൃത്തം വെയ്പ്പൂ!

അപ്പാവനാദ്ധ്യായരംഗമോ കൊല്ലത്തെ-
ച്ചൊൽപ്പൊങ്ങും റൈറെളീ വിദ്യാപീഠം
ആയതിൻ സപ്തമകക്ഷ്യയിങ്കൽ ഭവാ-
നാചാര്യദേവനായ് ലാലസിച്ചു!

ആയതുതാനാവാം താവകൗദ്യോഗിക
സൂര്യപ്രതാപമദ്ധ്യാഹ്നകാലം!
അന്നാത്തെയന്തരീക്ഷത്തിലേക്കങ്ങയെ-
യൊന്നു ക്ഷണിക്കുന്നീ ശിഷ്യദാസൻ!

"ആശാന്റെ" ഭാവതരംഗണി പെററതാം
ആ "നളിനി"ക്കള്ളിതളുകളെ
ആകമ്ര "ഗോ" പ്രസരത്താൽ വിടർത്തിവെ-
ച്ചാനന്ദമാക്കി ഭവാനരുളി!

ആ മധുപങ്ങളൊരൻപതിരുന്നതി-
ലീമന്ദപ്രജ്ഞനുമേകനത്രെ!
ഭാവൽകധീപയോരാശിസംഭൃതമാം
ഭാസുരരത്നങ്ങൾ നേടുകയാൽ
ഭാവുകപൂർണ്ണമെൻ ജീവിതം മൽഗുരോ!
ഭാവിയും ശോഭനമെന്നു കാൺമൂ!

ആസന്നമാം തവ വിശ്രാന്തിജീവിത-
മാശാസ്യസുന്ദരശോഭമായും
ആരോഗ്യമായുമനാവിലമായും താ-
നാവുകസവേശാനുഗ്രഹത്താൽ!

കൈരളീദേവിതൻ കൈവല്ലി "ക്കംഗദം"
കൈതവഹീനമർപ്പിച്ച കൈയാൽ
കൈശികഭൂഷകൾ തീർപ്പതിന്നങ്ങേക്കു
കൈവരുത്തട്ടെ കൗശല്യമീശൻ!

"മാധവ" മഞ്ജുളനാമവിഭൂഷിത-
ബോധസ്വരൂപമെ! ദേശികേന്ദ്ര!
ആധിഹരം ഭവദാശിസ്സവാങ്ങുവാ-
നാനതമസ്തകം നില്ക്കുന്നു ഞാൻ!

## പ്രകൃതിപാഠം; അതിൻെറ ഉദ്ദേശ്യവും പ്രയോജനവും.

### പ്രകൃതിയോടുള്ള മനുഷ്യൻെറ ആശ്രയം.

പരിഷ്കാരത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ള യൂറോപ്പിലേയൊ അമേരിക്കയിലേയൊ ഒരു നഗരത്തിൽ താമസിക്കുന്ന ഒരു പരിഷ്കൃതമനുഷ്യൻേറയും കാട്ടാളവർഗ്ഗത്തിൽ പെട്ട ഒരു അപരിഷ്കൃതമനുഷ്യൻേറയും ജീവിതത്തിലുള്ള വ്യത്യാസത്തെപ്പററി നമുക്കു സ്വല്പം ചിന്തിച്ചുനോക്കാം.

ജീവസന്ധാരണത്തിനു് ആഹാരം കഴിക്കണമെന്നും ചില വസ്തുക്കൾ ഭോജ്യാഹങ്ങളാണെന്നും ചിലവ ഭോജ്യാഹങ്ങളല്ലെന്നും അപരിഷ്കൃതനായ കാടനു നിശ്ചയമുണ്ടു്. മാരിയിൽ നിന്നും കൊടുങ്കാററിൽ നിന്നും രക്ഷാസ്ഥാനവും തണുപ്പിൽ നിന്നും രക്ഷ പ്രാപിക്കുന്നതിനു വസ്ത്രവും അവനു് ആവശ്യമുണ്ടു്. വന്യമൃഗങ്ങളുടെ ബാധയിൽ നിന്നും അവൻ ആത്മരക്ഷയും ചെയ്യണം. ഋതുഭേദം കൊണ്ടോ മററു വല്ല അഹിതസംഭവങ്ങൾ കൊണ്ടോ ആഹാരസമ്പാദനം സാധ്യമല്ലാതെ വരുമ്പോൾ അനേകദിവസത്തേക്കു് അവനു് അനശനവ്രതം ദീക്ഷിക്കേണ്ടതായും വന്നേക്കാം. ലോകം മുഴുവനും തന്നെ അയാൾക്കു് അജ്ഞാതങ്ങളായ ഭയസ്ഥാനങ്ങളെ കൊണ്ടു നിറഞ്ഞിരിക്കുന്നു. വൃക്ഷങ്ങളും പാറക്കൂട്ടങ്ങളും എല്ലാം അയാളുടെ ദൃഷ്ടിയിൽ ദുർഭൂതങ്ങളുടെ ആവാസസ്ഥാനമാണു്. ഇടിയും മിന്നലും കണ്ടു സാധു ചകിതനാകുന്നു. ഇതിൻെറ എല്ലാം ഫലമായി ജീവിതം അനിശ്ചിതവും സുഖങ്ങൾ അപൂർവ്വങ്ങളുമായി ഭവിക്കുന്നു.

ഇതിനെ ഒരു പാശ്ചാത്യനാഗരികജീവിതരീതിയോടു താരതമ്യപ്പെടുത്തി നോക്കുക. മൃഗങ്ങളും പക്ഷികളും എന്നുവേണ്ട ശലഭങ്ങൾ കൂടിയും

അവന് ആഹാരവും വസ്ത്രവും പ്രദാനംചെയ്യുന്നതിനു ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. എന്നുതന്നെയല്ല, അവയെക്കൊണ്ടുള്ള ഉപയോഗമിന്നുംവർദ്ധമാനമായി തന്നെയിരിക്കുന്നു. ഒരു വർഷത്തിൽ പത്തോ പന്ത്രണ്ടോ വീതം മുട്ടകൾ ഇട്ടിരുന്ന കാട്ടുകോഴി അവന്റെ അതിസൂക്ഷ്മമായ പരിചരണം ഹേതുവായി ഇപ്പോൾ ഇക്കാലംകൊണ്ടു 344 മുട്ടകളോളം ഇടുന്നുണ്ട്. ഒരുവർഷംകൊണ്ടു 270,00 റാത്തൽ വീതം പാൽ തരുന്ന പശുക്കൾ ഇന്നുണ്ട്. സസ്യശൂന്യങ്ങളായിക്കിടന്നിരുന്ന പ്രദേശങ്ങളെ അയാൾ ഇന്നു കൃഷിസ്ഥലങ്ങളാക്കിയിരിക്കുന്നു. വിളവിനെത്തന്നെയും പരിഷ്കരിച്ചു പണ്ടത്തെരീതിയിൽനിന്നും വളരെ നല്ലതാക്കി മാററിയിരിക്കുന്നു. പോരെങ്കിൽ ആഹാരസാധനങ്ങളെ പിൽകാലങ്ങളിലേക്കു സൂക്ഷിച്ചു വയ്ക്കുന്നതിനും വളരെ വേഗത്തിലും എളുപ്പത്തിലും ദൂരസ്ഥലങ്ങളിലേക്ക് അയയ്ക്കുന്നതിനും ഇന്നു സാദ്ധ്യമാണ്. അന്തരിക്ഷത്തേയും വായുവിന്റെ ഗതിയേയും നിരീക്ഷിച്ചു കൊടുങ്കാററുകളും മഹാമാരികളും എപ്പോഴുണ്ടാകുമെന്നു കൃഷിക്കാർക്കു ദിവസേന അറിവു ലഭിക്കുക നിമിത്തം വിളവിറക്കുന്ന സമയത്തേയും വിളവെടുക്കുന്ന സമയത്തേയും നിയന്ത്രിച്ചു തങ്ങളുടെ കൃഷിയെ രക്ഷിക്കുവാൻ അവർ സമർത്ഥരായിരിക്കുന്നു. മിന്നലിന്റെ രൂപത്തിൽ കാട്ടിലെ അപരിഷ്കൃതമനുഷ്യനെ ഭീതനാക്കിയ വിദ്യുച്ഛക്തി തന്റെ വീട്ടിൽ വിളക്കു കത്തിക്കുന്നതിനും, തീവണ്ടി ഓടിക്കുന്നതിനും, പശുവിനെ കറക്കുന്നതിനും, വിളവു വർദ്ധിപ്പിക്കുന്നതിനും, ആഹാരസാധനം കേടുവരാതെ സൂക്ഷിക്കുന്നതിനും, ആഹാരം പാകം ചെയ്യുന്നതിനും, വസ്ത്രമലക്കുന്നതിനും, ഗൃഹം ശുചിയാക്കുന്നതിനും എന്നുവേണ്ട മററു നൂറുകൂട്ടം ജോലി ചെയ്യുന്നതിനും പരിഷ്കൃതമനുഷ്യൻ ഭൃത്യനാക്കിയിരിക്കുന്നു. വളരെ വേഗത്തിലും സൗകര്യത്തിലും ജോലി ചെയ്യാമെന്നുള്ളതുകൊണ്ടു മലിനവസ്തുക്കൾ ഇല്ലാതാവുകയും തൽഫലമായി രോഗങ്ങൾ കുറയുകയും ചെയ്യുന്നു.

പ്രകൃതിരഹസ്യങ്ങളെ ഓരോന്നായി കണ്ടുപിടിച്ചു നമ്മുടെ സുഖസൗകര്യങ്ങളോട് അവയെ നാം ഘടിപ്പിച്ചു വരുന്നു. അല്ലെങ്കിൽ പ്രകൃതിനിയമങ്ങളോടു നമ്മുടെ ജീവിതരീതിയെ പൂർവ്വാധികം യോജിപ്പിച്ചുകൊണ്ടു വരുന്നതിനു നാം പഠിച്ചുവരുന്നു എന്നു പറയുന്നതു് ഒന്നുകൂടി പരമാർത്ഥത്തോട് അടുത്തിരിക്കും. എന്നാൽ ഈ പ്രവൃത്തിയിൽ നമുക്കു പററിയിരിക്കുന്ന തെററുകൾ അനവധിയാണ്. ആ തെററുകൾ ഒരോന്നും നഷ്ടത്തിലും ആപത്തിലും കലാശിച്ചിട്ടുമുണ്ട്. വിറകായി ഉപയോഗിക്കുന്നതിനൊ മറേറാ കണ്ടമാനം വൃക്ഷങ്ങളെ വെട്ടിമുറിക്കുകനിമിത്തം ശീതോഷ്ണസ്ഥിതിയും ഫലദായകത്വവും നശിച്ചവയും ഒരുകാല[illegible]നിബിഡമായിരുന്നവയും ആയ പ്രദേശങ്ങൾ ഇന്നു സസ്യശൂന്യങ്ങ[illegible]ങ്ങളായി പരിണമിച്ചിരിക്കുന്നു. ഒരു വനത്തെ വെട്ടിത്തെളി[illegible] ഒരു വിള

MUL
082933

വിറക്കുമ്പൊഴൊ നാം പ്രകൃതിയുടെ സമീരണപദ്ധതിയിൽ ഏറെക്കുറെ കൈകടത്തുകയാണ്. മുയലുകൾ ഇല്ലാതിരുന്ന ആസ്ട്രേലിയായിൽ മുയലുകളെ കയററുകനിമിത്തം വർഷം പ്രതി എത്ര ലക്ഷം രൂപയാണ് അവയുടെ സംഖ്യ കുറയ്ക്കാൻ ചിലവാക്കേണ്ടതായി വന്നിരിക്കുന്നത്? എങ്കിലും അവയെ തീരുമാനം നിഷ്കാസനംചെയ്യാൻ സാദ്ധ്യമല്ലാതാണ തീന്നിരിക്കുന്നതു്. മുയലുകൾ കന്നുകാലികളുടെ ആഹാരസാധനങ്ങൾ തിന്നു നശിപ്പിക്കുകനിമിത്തം ആട്ടുമാടുകൾ പട്ടിണി കിടക്കുന്നു. ഇതിനുത്തരവാദികളായവക്ക് സ്വല്പമെങ്കിലും 'പ്രകൃതിചരിത്രം' നിശ്ചയമുണ്ടായിരുന്നുവെങ്കിൽ ആസ്ട്രേലിയ ഇപ്പോൾ നിയന്ത്രണാധീനമല്ലാതായിത്തീന്നിരിക്കുന്ന ഈ ബാധയിൽ നിന്നും ഒഴിഞ്ഞിരിക്കുമായിരുന്നു.

പ്രകൃതിപാഠത്തിൻെറ പ്രാധാന്യം.

തങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനു പഠിപ്പിക്കേണ്ട മററു വിഷയങ്ങളുടെ കൂട്ടത്തിൽ ചേക്കപ്പെട്ട ഒരു വിഷയമായിട്ടു മാത്രമെ മിക്ക അദ്ധ്യാപകന്മാരും പ്രകൃതിപാഠത്തെ കരുതിയിട്ടുള്ളുവെന്നുതോന്നുന്നു. നമ്മുടെ നിത്യജീവിതത്തോടു വളരെ അടുത്തുബന്ധമുള്ള ഒരു വിഷയമാണ് ഇതെന്നു മനസ്സിലാക്കിയിട്ടുള്ള അദ്ധ്യാപകന്മാർ വളരെ ചുരുക്കമൊണെന്നാണ കണ്ടിടത്തോളവുംകൊണ്ട് അനുഭവമായിട്ടുള്ളതു്. എന്തെന്നാൽ പ്രകൃതിയെ ആശ്രയിച്ചാണ മനുഷ്യൻെറ പരിഷ്കൃതജീവിതമെങ്കിലും ആധുനികജീവിതരീതി പ്രകൃതിയോടുള്ള നമ്മുടെ ആശ്രയത്തെ കൂടുതൽ കൂടുതൽ നമ്മിൽനിന്നും മറയ്ക്കുന്നതിനാണ പ്രവണമായിരിക്കുന്നതു്. പുറത്തു ചീട്ടിൻെറ പുള്ളികളോടുകൂടിയ വിം കോ (*Wim co*) തീപ്പെട്ടി നമുക്ക് എല്ലാവക്കും പരിചിതവും നാം ധാരാളമായി ഉപയോഗിച്ചുവരുന്നതുമായ ഒരു വസ്തുവാണല്ലൊ. ഈ നാട്ടിൽ തുടങ്ങിയിട്ടുള്ള ആധുനികവ്യവസായങ്ങളിൽ ഒന്നാണ് ഈ തീപ്പെട്ടിവ്യവസായമെന്നും അതു പലക്കും ഒരുപജീവനമാഗ്ഗമാണെന്നും നമുക്കറിയാം. എന്നാൽ ഈ വ്യവസായം അതിൻെറ സൽഭാവത്തിന് ഒരു ചെറിയ പക്ഷിയോടാണ കടപ്പെട്ടിരിക്കുന്നതെന്നു ബോദ്ധ്യപ്പെട്ടിട്ടുള്ളവർ നമ്മിൽ എത്രപേരുണ്ട്? ഈ തീപ്പെട്ടി ഉണ്ടാക്കുന്നതിനുപയോഗിക്കുന്ന വൃക്ഷങ്ങളുടെ പുഷ്പങ്ങൾ ഫലങ്ങളായി പരിണമിക്കുന്നതു് ഈ ചെറുപക്ഷിനിമിത്തമാണെന്ന് ആരെല്ലാമറിഞ്ഞിട്ടുണ്ട്? തങ്ങളുടെ വിളവു നശിപ്പിക്കുന്നതുകൊണ്ട് ഈ പാടലവണ്ണമുള്ള പക്ഷിയുമായി സമരം ചെയ്യുന്നവരോട് അവരുടെ ഈ പ്രവൃത്തി തീപ്പെട്ടിയുടെ വില തീച്ചയായും വദ്ധിപ്പിക്കുന്നതാണെന്നു പറഞ്ഞാൽ അവർ ആശ്ചയ്യപ്പെടും. എന്നാൽ ഇതു മിക്കവാറും ഒരംസംഭാവ്യപരിണാമമല്ലതെ. പ്രകൃതിയിലുള്ള പരസ്പരബന്ധത്തിന് അടുപ്പം അത്രയുമുണ്ട്.

നാം നമ്മുടെ മേന്മയെപ്പററി വൻപ്പ പറയുന്നു. എന്നാൽ പലപ്പോഴും നമുക്ക പുറകോട്ടുപോയി പ്രകൃതിലോകത്തിലെ നിസ്സാരങ്ങളായ ക്ഷുദ്രജീവികളോടു പലതും പഠിക്കേണ്ടതായി വരാറുണ്ട്. നിസ്സാരങ്ങളായ ശലഭങ്ങളേപ്പോലും നമുക്ക് അപലപിക്കാൻകഴിയുന്നതല്ല. എന്തെന്നാൽ അവയ്ക്കും അവയുടെ ഭാഗങ്ങൾ അഭിനയിക്കുവാനുണ്ട്. ഒരുദാഹരണം പറയാം. ഒരു കാട്ടിൽ ചെന്നു നോക്കിയാൽ ഒരു ജന്തു അധികംകാലം ചത്തുകിടക്കുന്നതായൊ ചപ്പും ചവറും കൂടികിടന്നു ചീഞ്ഞുനാറുന്നതായൊ നാം കാണുകയില്ല. എന്താണതു്? പ്രകൃതി നിയമിച്ചിട്ടുള്ള തോട്ടികളുടെ നിരന്തരപ്രവൃത്തി തന്നെ. അവ ദൂഷിച്ച മലിനവസ്തുക്കളെ നീക്കുക മാത്രമല്ല, ഉടൻ തന്നെ അതിനെ സസ്യങ്ങൾക്കു വളമായൊ മററു ജന്തുക്കൾക്കു ഭക്ഷ്യമായൊ ഉപയോഗയോഗ്യമാക്കിത്തീർക്കുന്നു. കൃമികൾ, വണ്ടുകൾമുതലായി അനേകലക്ഷം ജീവികൾ ഒരു സാനിട്ടറി ഡിപ്പാർട്ടുമെൻറിലെ (ശുചീകരണവകുപ്പ്) ഉദ്യോഗസ്ഥന്മാരാണ്. നമ്മുടെ നഗരങ്ങളിൽ എറുമ്പ്, പുഴ മുതലായ ജീവികളാൽ ഭേദ്യമല്ലാത്തവിധം ഉറപ്പുള്ള റോഡുകൾ നാം സൃഷ്ടിക്കുന്നു. തന്നിമിത്തം പ്രകൃതിയിലെ തോട്ടികൾക്കു പണിമുടക്കം ചെയ്യേണ്ടതായിവന്നിരിക്കുന്നു. നമ്മുടെ നഗരങ്ങളിൽ ശുചീകരണത്തിനുള്ള ഏർപ്പാടുകൾ ഉണ്ടെങ്കിലും മണ്ണിലെ ക്ഷുദ്രജീവികളേപ്പോലെ സർവ്വദിക്കിലും എല്ലാ സമയത്തും പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല.

പട്ടണങ്ങളിലെ മലിനവസ്തുക്കൾ എല്ലാം ശേഖരിച്ചു കഴിഞ്ഞപ്പോൾ അതു് എന്തുചെയ്യണമെന്നുള്ള പ്രശ്നമാണ നമ്മെ അഭിമുഖീകരിച്ചതു്. വളരെക്കാലം മുനിസിപ്പാലിററികൾ ഈ മലിനവസ്തുക്കളെല്ലാം കടലിൽ തള്ളുകയൊ പ്രകൃതിയിലെ തോട്ടികളെ ഏല്പിക്കുകയൊ ആയിരുന്നു പതിവ്. എന്നാൽ ഇക്കഴിഞ്ഞ ഒന്നുരണ്ടു കൊല്ലങ്ങളായിട്ടു ചന്തയിൽ ഒരു പുതിയ സാധനം വില്പനയ്ക്കായി വന്നിരിക്കുന്നു. മുനിസിപ്പാലിററികൾ പലയിടത്തും മലത്തെ ശാസ്ത്രീയരീതിയിൽ വളമാക്കിത്തീർത്തു കൃഷിക്കാർക്കു വിററു നല്ല ആദായമെടുത്തു വരുന്നുണ്ട്. അതായതു വളരെക്കാലത്തെ, ദ്രവ്യനഷ്ടവും ബുദ്ധിമുട്ടുംകഴിച്ച് അനാദികാലം മുതൽക്കു വണ്ടുകളും കൃമികളും ചെയ്തിരുന്ന പ്രവൃത്തി മനുഷ്യൻ ഇന്നു ചെയ്‌വാൻ പഠിച്ചിരിക്കുന്നു. ശുചീകരണം എന്നതു പ്രകൃതിപാഠത്തിൻെറ കേവലം ഒരു പ്രയോഗം മാത്രമാണ്. പ്രകൃതിയുടെ രീതികളോടു നാം അടുത്തുവരുന്തോറും നമ്മുടെ ജീവിതം കൂടുതൽ ആരോഗ്യപ്രദമാകുന്നു.

## പ്രകൃതിപാഠപഠനം

പഠിക്കുന്ന ആളിനെ താൻ ജീവിക്കുന്ന ലോകവുമായി പരിചയപ്പെടുത്തുക എന്നുള്ളതാണ പ്രകൃതിപാഠത്തിൻെറ ഉദ്ദേശ്യം. പ്രാണിപാ

റവും സസ്യപാഠവും സമയം മിനക്കെടുത്തുന്നവയായിട്ടാണു മിക്ക രക്ഷാകത്താക്കന്മാരും ഗണിച്ചുവരുന്നതു്. "കാട്ടും പട്ടലും പറിക്കുന്നതിനായിട്ടല്ല ഞാൻ എൻെറ കുട്ടിയെ സ്കൂളിൽ അയയ്ക്കുന്നതു്" എന്നുപറയുന്നവരും ധാരാളമുണ്ടു്. എന്നാൽ പ്രകൃതിപാഠം ആരോഗ്യതയോടു് അടുത്തു ബന്ധമുള്ളതാണെന്നു നാം കണ്ടുവല്ലൊ. അതിനു സമ്പത്തിനോടും ബന്ധമുണ്ടു്. ഒരുദാഹരണം പറയാം. ഇൻഡ്യയിലുണ്ടാകുന്ന വാഴപ്പഴം ലണ്ടനിൽ എത്തിക്കുന്നതിനു് ഒരു ശ്രമം നടന്നുവരുന്നുണ്ടു്. ആദ്യം അയച്ച കൂട്ടത്തിൽ ഏറിയ പങ്കും ചീത്തയായി പോവുകയാൽ കളയേണ്ടതായി വന്നു. ഇപ്പോൾ നടത്തിവരുന്ന ഗവേഷണങ്ങൾ വിജയത്തിൽ പയ്യവസാനിച്ചാൽ അതു് ഒരു പുതിയ വാണിജ്യത്തിനു് അടിസ്ഥാനമായിരിക്കും. എന്നുതന്നെയല്ല തന്നിമിത്തം നാട്ടുകാക്കു് ഒരു തൊഴിലും നാട്ടിൽ ധനാഭിവൃദ്ധിയും ഉണ്ടാകുന്നതാണു്. നമ്മുടെ പ്രകൃതിപാഠത്തിൽ വാഴ മിക്കവാറും ഒരു പാഠ്യവിഷയമായിരിക്കും. ഇതാ ഇപ്പോൾ വ്യാപാരികൾ വാഴയെപ്പററിയും പഴങ്ങളെപ്പററിയും പഠിക്കുകയും അതിനായിട്ടു അനവധി ധനവും സമയവും വ്യയം ചെയ്യുകയും ചെയ്യുന്നു. പരമാത്ഥം പറയുന്നതായാൽ നല്ല ആഹാരം, സുഖസൗകയ്യം, ആരോഗ്യാഭിവൃദ്ധി ഇവയിൽ ആധുനികശാസ്ത്രത്തിൻെറ അഭിവൃദ്ധി എല്ലാം തന്നെ പ്രകൃതിയെ നിരീക്ഷിച്ചു പഠിക്കുകയും അതിൻെറ രഹസ്യങ്ങളെ കണ്ടുപിടിക്കുകയും ചെയ്തിട്ടുള്ളവരുടെ പ്രവൃത്തിഫലമാണു്.

ഇവിടെ ഒരു കായ്യം ഓമ്മിക്കേണ്ടതുണ്ടു്. ഇക്കഴിഞ്ഞ ഏതാനും കൊല്ലങ്ങൾക്കിടയിൽ ശാസ്ത്രത്തിൻെറ വിവിധശാഖകളിലുമുള്ള നമ്മുടെ വിജ്ഞാനം അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെന്നുള്ളതു് ഒരു പരമാത്ഥമാണു്. ഇതു നമ്മുടെ വിദ്യാഭ്യാസരീതിയെ സാരമായ തരത്തിൽ ബാധിച്ചിട്ടുമുണ്ടു് പ്രകൃതിപാഠം ഒരിക്കലും ഒരേ നിലയിൽ തന്നെ ഇരിക്കുകയില്ല. നാം തന്നെ പ്രതിക്ഷണം മാറിക്കൊണ്ടിരിക്കുന്നു. സവ്വവസ്തുക്കളും ഇത്തരത്തിലുള്ള മാററത്തിനു വിധേയമാണു്. ഇതിനുംപുറമെ ഒന്നും തന്നെ പരാപേക്ഷകൂടാതെ ജീവിക്കുന്നില്ല. വിത്തു് ഒരു ചെടിയായിത്തീരുന്നു. ചെടിയിൽനിന്നും വിത്തുണ്ടാകുന്നു. ഇപ്രകാരം അതിൻെറ ജീവിതവൃത്തവും പൂത്തിയാകുന്നു. എന്നാൽ ചെടിതന്നെ ഒരു പ്രത്യേകസ്ഥലം, ഒരു പ്രത്യേകജാതി മണ്ണു്, ഒരു പ്രത്യേകക്രമത്തിലുള്ള വെയിലു്, കാററു, മഴ ഇവകൾക്കു് അനുയോജ്യമായ തരത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതിൻെറ പുഷ്പങ്ങളും മധുവിനുവേണ്ടിവരുന്ന വണ്ടുകൾക്കോ ശലഭങ്ങൾക്കൊ യോജിച്ചതരത്തിൽ സജ്ജമാക്കപ്പെട്ടിരിക്കുന്നു. പ്രസ്താവയോഗ്യങ്ങളായുള്ള ബന്ധങ്ങളിൽ ചിലതാണിപ്പറഞ്ഞവ. ഇവ ഒരു സാധാരണപ്രേക്ഷകൻെറ ദൃഷ്ടിക്കു വിഷയീഭവിക്കാത്തതുമല്ല.

അതുകൊണ്ടു കുട്ടികൾ ചെടികൾ വളരുന്നതു കാണേണ്ടതും നിവൃത്തിയുള്ളപക്ഷം അതിന്റെ ജീവിതവൃത്തം മുഴുവൻതന്നെയും നോക്കി മനസ്സിലാക്കേണ്ടതും പരിതസ്ഥിതികളോടു അവയ്ക്കുള്ള ബന്ധത്തെ ഗ്രഹിക്കേണ്ടതും ആവശ്യമാണ്. അതായതു് നാം ഇപ്പോൾ ക്ലാസ്സുകളിൽ ഉപയോഗിക്കുന്ന "സ്പെസിമെൻ" അല്ല വേണ്ടതു്; നേരെമറിച്ചു വളരുന്ന ചെടികൾതന്നെ വേണ്ടിയിരിക്കുന്നു. സ്കൂളിനു തോട്ടമില്ലെങ്കിൽതന്നെയും പ്രത്യേകമായി വിത്തുകൾ പാകി മുളപ്പിച്ചു അവയുടെ വളർച്ചയെ നോക്കി മനസ്സിലാക്കി കുട്ടികൾക്കു രേഖപ്പെടുത്താവുന്നതാണ്. അതോടുകൂടിതന്നെ കാലഭേദത്തെ കാണിക്കുന്ന പട്ടികകളും സൂക്ഷിക്കാവുന്നതാണ്. എന്തെന്നാൽ സസ്യജീവിതം കാലഭേദത്തെ വളരെ ആശ്രയിക്കുന്നുണ്ടു്. പള്ളിക്കൂടത്തിലേക്കു പോകുമ്പോഴും കളിക്കുമ്പോഴും വീട്ടുകാര്യങ്ങളിൽ മാതാപിതാക്കന്മാരെ സഹായിക്കുമ്പോഴും പ്രകൃതിയിൽ കാണുന്ന വിശേഷങ്ങളെ കുറിച്ചു വയ്ക്കുവാൻ കുട്ടികൾ ഒരു 'കുറിപ്പുപുസ്തകം' സൂക്ഷിക്കേണ്ടതാണ്. പക്ഷികൾ, മൃഗങ്ങൾ, ശലഭങ്ങൾ, ചിലന്തികൾ, പല്ലികൾ, തവളകൾ— ഇവയെല്ലാം ഗൃഹങ്ങളിലോ പരിസരങ്ങളിലോ കാണപ്പെടുന്നവയാണല്ലൊ. കുട്ടികൾ ചുററുംകാണുന്ന സംഗതികൾ നോക്കി മനസ്സിലാക്കി തങ്ങളുടെ നിരീക്ഷണഫലങ്ങളെ രേഖപ്പെടുത്തി കാലവ്യത്യാസം കൊണ്ടുണ്ടാകുന്ന സ്ഥിതിവിശേഷങ്ങൾ ഗ്രഹിച്ചു അവയെ പ്രായോഗികമാക്കണം. കുട്ടികളെ ഇതിനു പ്രാപ്തരാക്കേണ്ട ചുമതല മാത്രമെ അദ്ധ്യാപകനുള്ളു.

എന്നാൽ ഇവിടെയാണു പല അദ്ധ്യാപകന്മാൎക്കും അപജയം നേരിടുന്നതു്. മിക്ക പ്രാഥമികവിദ്യാലയങ്ങളിലും പാററ തിന്നു ശേഷിച്ച ഒരു പടമൊ, പ്രകൃതിയിൽനിന്നും അത്യന്തം വിഭിന്നമായ— എന്തെന്നാൽ പ്രകൃതിയിലുള്ള സജീവവസ്തുക്കളെ നോക്കി ചിത്രങ്ങൾ വരയ്ക്കുന്ന ഒരു അദ്ധ്യാപകനെ ഇന്നേവരെ കാണാൻ സാധിച്ചിട്ടില്ല—ബോർഡിലെ ഒരു പടമോ ആയിരിക്കും പ്രകൃതിപാഠത്തിനുള്ള വിഷയം. ഒരിക്കൽ ഒരു സ്കൂളിൽ ഒരദ്ധ്യാപകൻ ബോർഡിൽ വരച്ചിരുന്ന ഒരു പശുവിന്റെ പടം ഉപയോഗിച്ചു് ഒരു പാഠം പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ പള്ളിക്കൂടം സ്ഥിതിചെയ്തിരുന്നതു് ഒരു വലിയ വയലിന്റെ മദ്ധ്യത്തിലായിരുന്നു. സ്കൂൾ കെട്ടിടത്തിനു് അടുത്തു തറച്ചിരുന്ന ഒരു കുററിയിൽ ഒരു ചെറിയ പശുവിനെ കെട്ടിയിട്ടുമുണ്ടായിരുന്നു. അദ്ധ്യാപകനെ ഇക്കാൎയ്യം ഓൎമ്മിപ്പിച്ചപ്പോൾ അദ്ദേഹം അതിനെ ക്ലാസിലേക്കു കൊണ്ടുവരാമെന്നാണു് ആദ്യം ആലോചിച്ചതു്. പിന്നീടാണു കുട്ടികളെ പശുവിന്റെ സമീപത്തേക്കു നയിക്കുന്നതായിരിക്കും നല്ലതെന്നു് ആ സാധുവിനു ബോദ്ധ്യപ്പെട്ടതു്. അദ്ദേഹത്തിന്റെ ഭാഗ്യദോഷം. ബ്ലാക്കുബോർഡിൽ വരച്ചിരുന്ന പശുവിന്റെ മാതൃക ഉപയോഗിച്ചു സാമാന്യം തൃപ്തികരമായി പഠി

പ്പിച്ചിരുന്ന അദ്ധ്യാപകൻ ബ്രഹ്മസൃഷ്ടിയോട് അടുത്തപ്പോൾ എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചുപോയി.

പാഠപദ്ധതിയെ വ്യതിയാനമെന്യേ അനുകരിക്കുകയും പാഠപുസ്തകങ്ങളെ മാത്രം അറിയുകയും ചെയ്യുന്ന ഒരദ്ധ്യാപകൻ പ്രകൃതിതന്നെ സകലക്ലാസ് ഗ്രഹിക്കാൻ എഴുതുന്നതിനെ കണ്ടിട്ടില്ലെന്നു വരുന്നതാണ്. ഇൻഡ്യയിലെ മൃഗജീവിതത്തേയോ ശലഭജീവിതത്തേയോ അധികരിച്ചെഴുതിയിട്ടുള്ള ഏതെങ്കിലും ഗ്രന്ഥം പരിശോധിക്കുന്ന പക്ഷം ഒരു പ്രത്യേകജീവിയുടെ ജീവിതരീതിയെപ്പററി പൂർണ്ണമായോ അതിൻെറ സ്വഭാവവിശേഷങ്ങളെപ്പററി ശരിയായോ വിവരിച്ചിട്ടില്ലെന്നു പ്രത്യക്ഷപ്പെടുന്നതാണ്. നേരിട്ടുള്ള അന്വേഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും നമുക്കു ധാരാളം സൗകര്യമുണ്ട്. ഒരു പാഠപുസ്തകം കൊണ്ട് എന്തെങ്കിലും പ്രയോജനം സിദ്ധിക്കണമെങ്കിൽ നേരിട്ടുള്ള അന്വേഷണം കൊണ്ടും നിരീക്ഷണം കൊണ്ടും അതിൻെറ പോരായ്മകളെ പരിഹരിക്കേണ്ടതാണ്.

## പ്രകൃതിപാഠം ശാസ്ത്രത്തിൻെറ പ്രാരംഭപാഠം.

നാം ജീവിക്കുന്ന ലോകത്തെ സംബന്ധിക്കുന്ന ഒരു പ്രാരംഭപാഠമെന്ന നിലയിൽ പ്രകൃതിപാഠം വ്യാപ്തിയിൽ വിപുലവും പ്രത്യേകം അവിഭാജ്യവുമാണ്. സസ്യജീവിതം പ്രാണിജീവിതം ഇവ തുടങ്ങി ഭൗതികശാസ്ത്രം, രസവാദം മുതലായ വിഷയങ്ങളെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. എന്തെന്നാൽ ഇവയെല്ലാം നമ്മുടെ നിത്യജീവിതത്തോടു ബന്ധിക്കപ്പെട്ടവയാണ്. എന്നുതന്നെയുമല്ല, ഇവയെല്ലാം ഏററക്കുറെ നിരീക്ഷണവും അത്യാവശ്യമാണ്. ഇപ്രകാരം ആദ്യമേതന്നെ കുട്ടികൾക്കു ശാസ്ത്രീയവിഷയങ്ങളിൽ ഒരു അഭിരുചി ജനിപ്പിക്കാവുന്നതാണ്. ശുചിത്വം സൂക്ഷ്മത മുതലായ ഗുണങ്ങളും വിദ്യാർത്ഥികളെ അഭ്യസിപ്പിക്കാവുന്നതാണ്. ശിശുക്കൾ പ്രകൃത്യാ നിരീക്ഷണത്തിൽ കുതുകികളാണല്ലൊ. ആരംഭത്തിൽ തന്നെ അവരെ വേണ്ടതരത്തിൽ പരിശീലിപ്പിക്കുന്നതായാൽ അവരുടെ ഈ ത്രാണി വർദ്ധിക്കുന്നതും സ്വതന്ത്രമായും അഭിമാനത്തോടുകൂടിയും തങ്ങളുടെ ജോലി ചെയ്യുന്നതിനു പഠിക്കുന്നതും ആണ്. വല്ലവരും പറയുന്നതു കേട്ടു വിശ്വസിക്കാതിരിക്കാനും തൻെറ യുക്തിക്കും അനുഭവത്തിനും യോജിച്ച തരത്തിലുള്ള സംഗതികളെ മാത്രം സ്വീകരിക്കുന്നതിനും കുട്ടികൾ പഠിക്കുന്നതാണ്. കൂടാതെ വിവേചനാശക്തിയും വർദ്ധിക്കുന്നതാണ്. ചുരുക്കി പറയുന്നതായാൽ അഭിരുചിയേയും ത്രാണിയേയും സാമാന്യം ത്വരിതപ്പെടുത്തി വിദ്യാർത്ഥികൾക്കു ശാസ്ത്രീയാഭ്യസനം നൽകണമെന്നുള്ളതാണു പ്രകൃതിപാഠത്തിൻെറ ഉദ്ദേശ്യം. ഗ്രാമത്തിലെ പ്രൈമ

റി സ്കൂൾ തുടങ്ങി പട്ടണത്തിലെ ഹൈസ്കൂൾ വരെ നേരിട്ടുള്ള അനുഭവത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു പ്രായോഗികപാഠപദ്ധതി അത്യന്താപേക്ഷിതമാണ്. പക്ഷെ പ്രൈമറിസ്കൂളുകളിലേക്കാൾ ഹൈസ്കൂളുകളിലാണ് ഇതിൻെറ ആവശ്യം.

# "സരളയുടെ സമ്മതം."

(എൻ. ആർ. സ്വാമി)

## I.

അന്നൊരു വെള്ളിയാഴ്ചയായിരുന്നു. പ്രാതഃകാലാനുഷ്ഠാനങ്ങളും മററും കഴിഞ്ഞ്, രാമാനന്ദജി വിശ്രമാർത്ഥം ഒരു ചാരുകസാലയിൽ ഉപവിഷ്ടനായി. തരളിതഹൃദയങ്ങൾക്കുപോലും അന്തമററ ആശ്വാസമേകുന്ന പ്രഭാതസമീരണൻെറ മൃദുലതാഡനംമൂലം, അദ്ദേഹത്തിൻെറ ദീപ്തിമത്തുകളായ നേത്രങ്ങൾ അർദ്ധനിമീലിതമായിത്തീൎന്നു. താമസംവിനാ, സ്വപുത്രനായ രമേശൻ അവിടെ ആഗതനായി, അദ്ദേഹത്തെ സസ്മിതം അഭിവാദ്യം ചെയ്തു.

"അച്ഛാ!" ആനതമുഖനായി നിന്നുകൊണ്ട്, രമേശൻ പറഞ്ഞു; "എനിക്ക് അവിടത്തോടൊരു കാൎയ്യം പറയുവാനുണ്ട്. കുറേ നാളായി ഇക്കാൎയ്യം ഞാൻ അവിടത്തെ അറിയിക്കണമെന്നു വിചാരിച്ചിരിക്കയാണ്."

രാമാനന്ദജി:— "അതിനെന്ത്? യഥേഷ്ടം പറയുകതന്നെ!"

രമേ:— "അച്ഛൻ കേട്ട പരിഭവിച്ചാലും ശരി, ഞാൻ കാൎയ്യമിതാ തുറന്നു പറയുന്നു. എനിക്കു നമ്മുടെ സുശീലയെ വിവാഹം ചെയ്തുതരണം."

രാമാ:— "ഇതു പറയുവാനൊ ഇത്ര സന്ദേഹം! ശരി! അങ്ങനെതന്നെയാകട്ടെ! എനിക്കീവിഷയത്തിൽ യാതൊരു വിസമ്മതവുമില്ല. എന്നാൽ, ഇക്കാൎയ്യത്തിൽ എൻെറ സമ്മതം മാത്രം മതിയാകയില്ല."

രമേ:— "പിന്നെയാരുടെ സമ്മതമാണ് ഇതിനാവശ്യമുള്ളത്?"

രാമാ:— "നിൻെറ മാതാവിൻെറ."

രമേ:— "അച്ഛൻ പറഞ്ഞാൽ, അമ്മ കേൾക്കുകയില്ലെന്നോ?"

"രാമ:— എന്നല്ലാ പറഞ്ഞത്. അവരുടെ സമ്മതമാണ് ഇതിൽ ആദ്യമായി നമുക്കു വേണ്ടതു്. ഏതായാലും നീയൊരു കാര്യം ചെയ്യുക! സരളയുമായി നീ ഇതിനെപ്പററി സംസാരിക്കുക! നാം തമ്മിൽ നടന്ന സംഭാഷണം നീ അവരെ അറിയിക്കരുതു്. അവരുടെ അഭിപ്രായമെന്താണെന്നു നമുക്കറിയാം. എന്നിട്ടാലോചിക്കാം ശേഷമുള്ള സംഗതികളെപ്പററി."

## II·

സുശീലയ്ക്കിപ്പോൾ പതിനാറു വയസ്സു പ്രായം കാണും. ഭാരതീയവനിതാസൗന്ദര്യത്തിൻെറ മകുടോദാഹരണമായിരുന്നു അവൾ. ലോകജ്ഞാനമെന്നതു് അണുപോലും സിദ്ധിച്ചിട്ടില്ലാത്ത ഈ അംഗനാമണി, ആറാമത്തെ വയസ്സിൽത്തന്നെ വിവാഹിതയാകുകയും, രണ്ടു സംവത്സരങ്ങൾ കഴിഞ്ഞതോടുകൂടി ഒരു വിധവയായിത്തീരുകയും ചെയ്തു. സ്വപിതാവായ "ഗണേശബാബു" താമസംവിനാ, അവളുടെ ഭർത്താവിനെ അനുഗമിച്ചു. അപ്രകാരം സുശീലയ്ക്കു സ്വമാതാവായ 'വിമല' മാത്രം ശേഷിച്ചു. നിസ്സഹായരും, നിരാലംബരുമായ ആ അബലകൾ, നിത്യവൃത്തിക്കായി തെരുവീഥികളിലൂടെ അലഞ്ഞുനടക്കുന്ന അവസരത്തിൽ, കൽക്കത്താ ഹൈക്കോടതി ജഡ്ജിയും, സുപ്രസിദ്ധധനാഢ്യനുമായ രാമാനന്ദജിയുടെ കരുണാപൂരമായ നേത്രം അവരിൽ പതിഞ്ഞു. അന്നു മുതൽ അവർ രാമാനന്ദജിയുടെ വസതിയെ അലങ്കരിച്ചുവരികയാണ്. സുശീല കാളേജുവിദ്യാഭ്യാസത്തിനൊരുമ്പെട്ടു. അവളുടെ അനിതരസാധാരണമായ ബുദ്ധിവൈഭവവും, അസാമാന്യമായ ശാന്തശീലവും, വാചാമഗോചരമായ രൂപലാവണ്യവും രാമാനന്ദജിയിൽ അനിർവ്വചനീയമായ ആഹ്ലാദത്തെ ഉളവാക്കി. ഈ അംഗനാലോകതിലകത്തിൽ രമേശൻ അനുരക്തനായിത്തീർന്നതിൽ അതിശയിപ്പാനെന്തുള്ളൂ?

## III.

രാമാനന്ദജിയുടെ പത്നിയായ സരളാദേവി, കൽക്കത്തായിലെ വനിതാലോകത്തിൽ അഗ്രഗണ്യമായ ഒരു സ്ഥാനത്തെ വഹിച്ചിരുന്നു. സാമാന്യമല്ലാത്ത വിദ്യാഭ്യാസം, സർവ്വദാ ഉന്മേഷം, അതിശയനീയമായ വാചാലത, അഭിനന്ദനീയമായ ബുദ്ധിചാതുര്യം എന്നീ വിവിധഗുണങ്ങൾ സരളാദേവിയുടെ പെരുമയ്ക്കും, പേരിനും നിദാനങ്ങളായിരുന്നു. സാമുദായികപരിഷ്കാരവിഷയത്തിൽ ബദ്ധശ്രദ്ധയായിരുന്ന ഈ വനിതാരത്നം, അക്കൊല്ലം കല്ക്കത്തായിൽവച്ചു കൂടുവാൻ നിശ്ചയിച്ചിരുന്ന "അഖിലഭാരതവനിതാസാമുദായികസമ്മേളന"ത്തിലെ അദ്ധ്യക്ഷസ്ഥാനാർത്ഥിയായി നില്ക്കുകയായി

രുന്നു. പ്രസ്തുത സ്ഥാനത്തെ സരളാദേവിയോടൊപ്പം ആരും അർഹിച്ചിരുന്നില്ലെങ്കിലും, അത്തവണ, കൽക്കത്തായിലെ പ്രസിദ്ധ അഭിഭാഷകപ്രവീണനായ 'നിത്യാനന്ദബാബു'വിൻെറ പത്നിയും, ഒരു സ്ഥാനാർത്ഥിയായി നിന്നിരുന്നതിനാൽ, അപൂർവ്വം ചിലർ അവക്കു വേണ്ടിയും, ഉത്സാഹിക്കാതിരുന്നില്ല. പ്രസ്തുതവിഷയത്തെപ്പററി രാമാനന്ദജി സ്വപത്നിയുമായി സംസാരിച്ചുകൊണ്ടിരിക്കെയാണ്, സരളാദേവി പെട്ടെന്ന് ഇപ്രകാരം പറഞ്ഞതു്:— "കേട്ടില്ലെ വിശേഷം! നമ്മുടെ രമേശനു സുശീലയെ വിവാഹം ചെയ്യണംപോലും."

രാമാനന്ദജി:— "അതിനെന്തു്? പുത്രൻെറ അഭീഷ്ടം നിറവേററിക്കൊടുക്കേണ്ടതു നിൻെറ കടമയല്ലേ? നടക്കട്ടെ വിവാഹം!"

സരള:— "മതി! പ്രസംഗം നിറുത്തുക! ഈ വിഷയത്തിൽ നിങ്ങളുടെ അഭിപ്രായമെന്താണെന്ന് എനിക്കറിയണം."

രാമാന:— "എനിക്കിക്കാര്യത്തിൽ പൂർണ്ണസമ്മതമാണുള്ളതു്. എല്ലാവിധത്തിലും രമേശന് അനുയോജ്യയായ ഒരു പത്നിതന്നെയാണു സുശീല!"

സരള:— "അതെങ്ങനെ നിങ്ങൾ നിശ്ചയിച്ചു? സുശീലയുടെ പൂർവ്വചരിത്രത്തെപ്പററി നിങ്ങൾക്കെന്തറിയാം? വീടുംകുടിയുമില്ലാതെ, തെരുവീഥിയെ ആധാരമാക്കി നടന്നുവന്ന ഒരു പെണ്ണല്ലേ അവൾ? പോരെങ്കിൽ, അവളൊരു വിധവയുമാണ്. വിധവാവിവാഹം നമ്മുടെ നാട്ടിൽ അത്ര സാധാരണമല്ലല്ലൊ!"

രാമാന:— "എന്തു്? നീയെന്താണു പറഞ്ഞതു്? വിധവയായ സുശീലയെ രമേശൻ വിവാഹം ചെയ്യുന്നതിൽ നിനക്കിഷ്ടമില്ലെന്നൊ? കൊള്ളാം! സമുദായപരിഷ്കരണത്തിനായി കച്ചകെട്ടി ഇറങ്ങീട്ടുള്ള നീ, വിധവാ പുനർവിവാഹം, അസമത്വോച്ചാടനം എന്നീ വിഷയങ്ങളെപ്പററി മുക്തകണ്ഠം അക്രോശിച്ചുവരുന്ന നീ, ഇപ്രകാരമൊരു അഭിപ്രായം പുറപ്പെടുവിക്കുമെന്നു ഞാൻ സ്വപ്നേപി ശങ്കിച്ചിരുന്നില്ല! കഷ്ടം! നിൻെറ മനസ്ഥിതി ഇത്ര സങ്കുചിതമോ?"

## IV.

ഒരാഴ്ച കഴിഞ്ഞു. സ്വതേ ഉത്സാഹഭരിതയായ സരളാദേവിയുടെ മുഖം അക്ക്രരശ്മി ഏററ കുവലയമെന്നപോലെ വാടിയാണു കാണപ്പെട്ടതു്. രമേശൻ ദിവസമെണ്ണി കഴിച്ചുതുടങ്ങി. സുശീല—നവയൗവനോജ്ജ്വലയും, ലാവണ്യഭാസുരയുമായ ആ വനിതാകുസുമം—'നാൾതോറും വളൻ്ന്'തന്നെ വന്നു. രാമാനന്ദജി മാത്രം ദിനവൃത്തികൾ പൂർവ്വാനുസരണം നടത്തിവന്നു.

അങ്ങനെയിരിക്കെ, ഒരു ദിവസം പ്രഭാതത്തിൽ, സരളാദേവി, അ ന്നത്തെ വർത്തമാനപ്പത്രവുമായി, രാമാനന്ദജിയുടെ സന്നിധിയിലെത്തി.

"ഇതാ! ഇതൊന്നു നോക്കണേ! എന്തെല്ലാം അബദ്ധങ്ങളാണ് ഈ പത്രക്കാർ തട്ടിവിടുന്നതെന്ന്!"

രാമാനന്ദജി സാവധാനത്തിൽ പത്രമെടുത്തു വായന തുടങ്ങി.

കൽക്കത്താ,

*27——3——1934.*

"സർ,

ഇക്കൊല്ലം ഇവിടവെച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന 'അഖില ഭാരതസാമുദായികസമ്മേളനത്തെ' പ്പററി നിങ്ങൾ പ്രസിദ്ധീകരിച്ചുവരുന്ന പ്രബന്ധങ്ങൾ ഞാൻ വായിച്ചുവരികയാണ്. സമ്മേളനാദ്ധ്യക്ഷയായി ശ്രീമതി സരളാദേവിയെ തിരഞ്ഞെടുക്കണമെന്നുള്ള നിങ്ങളുടെ അഭിപ്രായം ശ്ലാഘനീയം തന്നെ. ഞാൻ അതിനോടു സർവ്വാത്മനാ യോജിക്കുന്നു. സമുദായസംസ്കരണ മഹാസംരംഭത്തിൽ നിരന്തരയത്നം ചെയ്തുവരുന്ന ഈ മഹിളാമണിയുടെ മനസ്ഥിതി, ഈയിടെ അവരെ നല്ലപോലെ സംബന്ധിച്ച ഒരു വിഷയത്തിൽ, തന്റെ പ്രസംഗത്തിന് അനുസരണമായിട്ടല്ലാ കണ്ടുവരുന്നതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ശ്രീമതി സരളാദേവിയുടെ അന്തർബഹിർഭാഗങ്ങൾ തമ്മിൽ എന്തന്തരം! സ്വപുത്രന്റെ വിവാഹത്തെ സംബന്ധിച്ച ഈ വിഷയത്തെപ്പററി കൂലംകഷമായ അന്വേഷണങ്ങൾ നടത്തിയതിനു ശേഷമേ, തിരഞ്ഞെടുപ്പുകമ്മിററിക്കാർ വല്ലതും പ്രവൃത്തിക്കാവു എന്നു ഞാൻ അവരെ അറിയിച്ചുകൊള്ളുന്നു.

എന്ന്,

ഒരു സത്യാന്വേഷി!"

സരളാ:— "നോക്കുക! ഇതിന്മൂലം എന്നെ എത്രപേർ തെററിദ്ധരിച്ചു കാണുമെന്ന് ഊഹിക്കരുതോ?

ആ സന്ദർഭത്തിൽ അവിടെ നിന്നിരുന്ന രമേശൻ പറഞ്ഞു— "അമ്മേ! അമ്മ ഇതിൽ പരിഭവിക്കേണ്ട! ഞാൻ ഈ ലേഖനത്തിനു മറുപടിയായി ഒന്നുരണ്ടു പുറം എഴുതിവിട്ടേക്കാം!

"എന്തിന്?" രാമാനന്ദജി ചോദിച്ചു:— "ഒന്നുരണ്ടു പുറങ്ങളുടെ ആവശ്യമൊന്നുമില്ല! ഇതാ! ഈ രണ്ടുവരികൾ മാത്രം മതി!"

രാമാനന്ദജി എഴുതുവാൻ തുടങ്ങി:— "കൽക്കത്താ ഹൈക്കോടതി ജഡ്ജിയായ മി: രാമാനന്ദജിയുടെ പുത്രനായ രമേശനും, സ്വഭവനത്തിൽ താമസിച്ചുവരുന്നവളായ ശ്രീമതി സുശീലാദേവിയും തമ്മിലുള്ള വിവാഹം ഈ മാസം മുപ്പതാം തിയ്യതി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതായി ഞങ്ങൾ അറിയുന്നു. ശ്രീമതി സുശീലാദേവി ഒരു വിധവയാണെന്നുള്ള വിവരം പ്രത്യേകം പ്രസ്താവയോഗ്യമാണ്."

രാമാന:— "എന്താ! ഇതുപോലെ തെററിദ്ധാരണകളെ പാടെ നിഷ്കാസനം ചെയ്യുവാൻ?

രമേശൻ:— "അതെ! ഇതുതന്നെയാണു ശരിയായ മാർഗ്ഗം. അമ്മേ! അമ്മയെന്തു പറയുന്നു?"

എന്തിനേറെ സരളാദേവി സമ്മതിക്കതന്നെ ചെയ്തു.

## V.

രമേശൻെറ വിവാഹം പൊടിപൂരമായി നടന്നു. സരളാദേവി സമ്മേളനാദ്ധ്യക്ഷയായി ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു. രാമാനന്ദജിയുടെ ഭവനത്തിൽ സർവ്വത്ര ആഹ്ലാദംതന്നെ.

അന്നു സായാഹ്നമായതോടുകൂടി, സുശീല രാമാനന്ദജിയുടെ കഷണ്ടിത്തലയിൽ അങ്ങിങ്ങായി അവശേഷിച്ചിരുന്ന രോമങ്ങളെ സുമോപമായ സ്വകരത്താൽ തലോടിക്കൊണ്ടു സാവധാനത്തിൽ പറഞ്ഞു:— "അന്ന് ആ വർത്തമാനപ്പത്രത്തിൽ സത്യാന്വേഷിയെന്ന നാമധേയത്തിൽ നാം കണ്ട ലേഖനത്തിൻെറ കർത്താവു് ആരാണെന്നു ഞാനറിഞ്ഞു."

രാമാനന്ദജി:— (ഒന്നും അറിയാത്ത ഭാവത്തിൽ) "ആരാണതു്?"

സുശീല:— "ആരാണെന്നൊ? അവിടുന്നു തന്നെ!"

സ്നേഹസമ്പൂർണ്ണനായ രാമാനന്ദജി സൗന്ദര്യമൂർത്തിയായ ആ യുവതിമണിയുടെ നെററിയിൽ, വാത്സല്യപൂർവ്വം ഒന്നു ഗാഢമായി ചുംബിച്ചു.

# പൈതലിനോട്.

(ആയാംകുടി കെ. സി. പാൎവ്വതിഅമ്മ.)

തിങ്കളെക്കണ്ടുനീയെന്തിനു കേഴുന്നു
തങ്കമേ! തൂവെള്ളിക്കിണ്ണമല്ല.
അപ്രാപ്യവസ്തുവിലാശചെലുത്തിയാൽ
സംപ്രാപ്തമാകുമേ! ദുഃഖമാൎക്കും.

കോമളദീപത്തെ സ്പൎശിപ്പാനോങ്ങുന്നോ?
ഓമനേ! ചാരുകുസുമമല്ല.
വൎണ്ണഭ്രമംകൊണ്ടു കണ്ണു മയങ്ങിയാൽ
തൂൎണ്ണം വിപത്തിൽ കുടുങ്ങുമാരും.

പൈതലേ! നിൻകളിച്ചെങ്ങാതിയല്ലതു
കൃപത്തിൽ കാണുമൊരു ഛായമാത്രം.
താഴ്ച ഭവിച്ചോരെ വേഴ്ചയ്ക്കുകൂട്ടിയാൽ
വീഴ്ച വന്നീടുമേ പാരിലാൎക്കും
ഛായയെ വസ്തുവെന്നോൎത്തു ഭ്രമിപ്പതു
മായതൻ വൈഭവമോൎക്ക കുഞ്ഞേ!

ചെങ്കതിരോനെ നീയെന്തിനു കാംക്ഷിപ്പൂ?
തങ്കത്തളികഭ്രമത്തിനാലൊ
വങ്കനിമത്താപ്പിവകളല്ലേയതു
കുങ്കുമവൎണ്ണവുമിപ്പോൾമായും
ലോകപിതാവിൻ കളിപ്പന്തു കണ്ടു നീ
ശോകം വഹിപ്പതു പാഴിലത്രേ.
ദിഗ്വധൂയുഗ്മകഖേലനകന്ദുക-
മുൽഗമിച്ചബ്ധിയിലിപ്പോൾ വീഴും
ഉന്നതവസ്തുക്കൾ കാംക്ഷിച്ചധഃസ്ഥിതർ
ഖിന്നത തേടുന്നു കഷ്ടം! കഷ്ടം!

വാനത്തു വാർമഴവില്ലൊളികണ്ടുനീ
ദീനനായെന്തിനു കൈകൾ നീട്ടി.
അംബരപത്രത്തിലേതോകളിക്കുട്ടി
സംപ്രതി ചായം പുരട്ടീടുന്നു.

ഓമനേ! നിൻതാളിൽ നീയുമതുപോലെ
കോമളരേഖ വരച്ചുകൊൾക.
വക്രമായുള്ള തിലാശ വർദ്ധിക്കുകിൽ
പ്രക്രമം, ദുഃഖത്തിനാസ്പദമാം.

മന്ദപവനനെപ്പാണിയിലാക്കുവാൻ
മന്ദം തുനിവതു വ്യർത്ഥമത്രേ.
ആകാശഗംഗയെ കൊച്ചുകൈക്കുമ്പിളി-
ലാക്കാൻ ശ്രമിപ്പാനഗസ്ത്യനോ നീ?
ഓമനപ്പൂമേനി മന്ദം തലോടുന്ന
കോമളൻ നിൻകളിക്കൂട്ടുകാരൻ.
പൂമൃദുമേനിയിൽ മിന്നിത്തിളങ്ങുന്ന
നന്മണിമുത്തു തരം വരുമ്പോൾ
കാമം കടന്നിവൻ കൈയ്യുലാക്കീടാതെ
മാമകവത്സൻ കരുതിടേണം.
കൂട്ടത്തിൽനിന്നുടൻ കാലിൽ ചവിട്ടുവോൻ
കൂട്ടിനു കൊള്ളുകയില്ലതെല്ലും.

ചെമ്പനിനീരലർ കണ്ടു കുതിയ്ക്കാതെ-
യമ്പോടടങ്ങി വസിക്ക ബാലാ!
ഉത്ഭവസ്ഥാനമനാശാസ്യമെങ്കിലും
സൽപ്രജാജന്മം ചിലപ്പോഴുണ്ടാം
കണ്ടകന്മാരോടു ചേർച്ചപ്പൂണ്ടിടുകി-
ലിണ്ടലുണ്ടാമതുമോർത്തുകൊൾക.
നിന്നുടെ ചൈതന്യദർശനകൗതുകാൽ
മന്ദഹസിക്കുന്നു കുന്ദസൂനം.
ലോകൈകവന്ദ്യപ്രകൃത്യംബ നിങ്ങളെ
ശോകം കലരാതെ കാക്കുകയാൽ
ലോകപിതാവിൻ കലാംശങ്ങൾ നിങ്ങളിൽ
ലോപം ഭവിക്കാതെ കണ്ടിടുന്നു
ഓമനത്താരുമക്കോമളപ്പൈതലും
പ്രേമസ്വരൂപനു നൃത്തരംഗം
തദ്വിധമുത്തംസമായ സുമത്തിനെ
ചിത്തേ ധരിച്ചു നീ തൃപ്തനാകൂ.

# പത്രാധിപപ്രഭാവം
# അഥവാ
# കൈരളിയുടെ കാലദോഷം.

(പി. കൃഷ്ണൻ നായർ.)

മഹാജനങ്ങളെ,

"പ്രാപ്താനന്തഫലനശ്രീയഃ പ്രിയതമശ്രീരോഹിണീജന്മനോ
വഞ്ചിക്ഷ്മാവരവീരകേരളവിഭോരാജ്ഞഃ സ്വസൃസ്സൂനനാ"

എന്ന രാമനാട്ടപദ്യത്തിലെ രോഹിണീജന്മശബ്ദത്തിന്നു രോഹിണീനക്ഷത്രത്തിൽ ജനിച്ച തമ്പുരാട്ടിയുടെ മകൻ എന്ന അർത്ഥബോധത്തിന്നു സർവ്വഥാ ലക്ഷണയെ ആശ്രയിക്കേണ്ട ആവശ്യമില്ലെന്നു മഹോപാദ്ധ്യായ, പി. വി. കൃഷ്ണൻനായരവർകളും വൈയാകരണപക്ഷത്തിൽ ലക്ഷണകൂടാതെ കഴിക്കാമെങ്കിലും വ്യപേക്ഷാപക്ഷവാദികളായ നൈയായികാദികളുടെ പക്ഷത്തിൽ ലക്ഷണയെ ആശ്രയിക്കാതെ കഴികയില്ലെന്നു ഞാനും കൈരളിവഴിക്കു വാദം നടത്തിയിരുന്നതായി നിങ്ങളിൽ പലരും അറിഞ്ഞിരിക്കുമല്ലൊ.

ശ്രീരോഹിണീജന്മം എന്ന തലക്കെട്ടോടുകൂടി മഹോപാദ്ധ്യായൻെറ ആക്ഷേപം ആദ്യമായി പുറപ്പെട്ടതു് കൈരളിയുടെ കന്നി തുലാം ലക്കത്തിലായിരുന്നു. വൃശ്ചികംലക്കത്തിൽ അതിന്നു ഞാനെഴുതിയ സമാധാനത്തിനു മഹോപാദ്ധ്യായൻെറ മറുപടി മീനം ലക്കത്തിൽ കാണുകയുണ്ടായി. മേടം ലക്കത്തിലേക്കു ഞാനെഴുതിയയച്ചതിൻെറ സമാധാനമാകട്ടെ, നാലഞ്ചുമാസങ്ങളായിട്ടും—കൈരളിയുടെ മൂന്നു ലക്കങ്ങൾ പുറത്തുവന്നിട്ടും—അവയിലൊന്നിലും കാണുകയുണ്ടായില്ല. ഈ സംഗതി കാണിച്ചു ലേഖനം മടക്കിത്തരുവാൻ ആവശ്യപ്പെട്ടുകൊണ്ടു ഞാൻ പത്രാധിപക്കു അയച്ച കത്തിനു പത്രാധിപപ്രതിനിധി കന്നിമാസം 8-ാംനു- അയച്ച മറുപടി

"നിങ്ങൾ അയച്ച മറുപടി കൈമോശം വന്നുപോയിരിക്കുന്നുവെന്നു സമ്മതിക്കേണ്ടിവന്നതിൽ വ്യസനിക്കുന്നു. ലേഖനം വളരെത്തിരഞ്ഞുനോക്കിയിട്ടും കിട്ടാതിരുന്നതു നിമിത്തമാണു. പ്രധാനമായ സംശയത്തിൽ ഒരു അവസാനത്തീരുമാനമുണ്ടാക്കേണ്ടതു ഭാഷാവിഷയമായ ഗവേഷണത്തിന്നു് അത്യാവശ്യമാണല്ലൊ. ഞങ്ങൾക്കു് അതിൽ സന്തോഷമേയുള്ളു. ആരുടെയെങ്കിലും ചെലവിന്മേൽ മററാരെയെങ്കിലും അന്യായമായി സഹായിക്ക

ണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നില്ല. തെററിദ്ധരിക്കയില്ലല്ലൊ. പ്രഥമ സൗകര്യത്തിൽ ആ ലേഖനത്തിന്റെ ഒരു പ്രതി അയച്ചുതരുന്നതു നന്നായിരിക്കും എന്നിപ്രകാരമായിരുന്നു. കാപട്യം കരുതാതെ ഞാൻ വീണ്ടുമൊന്നെഴുതി അയച്ചുകൊടുക്കുകയും അതോടുകൂടി സമാധാനം പ്രസിദ്ധപ്പെടുത്തുവാൻ താമസം നേരിട്ടതിനെക്കുറിച്ച് ഒരു കുറിപ്പു ചേർക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

എന്നാൽ കൈരളീപത്രാധിപർ എന്റെ സമാധാനത്തിൽ കുറെ മാററങ്ങൾ വരുത്തി പൂർവ്വാപരവിരുദ്ധവും അസംബന്ധവുമായ നിലയിൽ അതിനെ പ്രസിദ്ധീകരിക്കയാണു ചെയ്തതു്. കൈരളീവായനക്കാരെ, നിങ്ങൾ സ്വല്പം വായിച്ചുനോക്കു! ഇതെന്തൊരസംബന്ധമെന്നു തള്ളിക്കളയുവാനിടയുള്ളതും കർക്കിടകം 4-ാം ലക്കം കൈരളിയിൽ കാണുന്നതുമായ "ഇതാണൊ മറുപടി" എന്ന ആ സമാധാനത്തെയാണു പത്രാധിപർ അസ്ഥാനത്തിൽ കൈകടത്തി ആഭാസമാക്കിത്തീർത്തിരിക്കുന്നതെന്നു ഏതാണ്ടിപ്പോൾ നിങ്ങൾക്കു മനസ്സിലായിരിക്കുമല്ലൊ.

കാലതാമസത്തിനുള്ള കാരണത്തെക്കുറിച്ച് ഒരു കുറിപ്പു ചേർക്കണമെന്നു ഞാൻ ആവശ്യപ്പെട്ടതിനുപകരമായി പത്രാധിപർ ചേർത്ത കുറിപ്പ്. "പുരുഷപരമെന്നു തോന്നുന്ന ചില ഖണ്ഡികകൾ വിട്ടുകളഞ്ഞിരിക്കുന്നു" എന്നിങ്ങനെയാണ്. ഈ കുറിപ്പുകൊണ്ടു, പത്രാധിപരുടെ അഭിപ്രായം 'തന്റെ അധീനതയിലുള്ള കൈരളിക്കു വേണ്ടതു പുരുഷപരമായ സംഗതിയല്ല സ്ത്രീപരമോ നപുംസകപരമോ ആയ സംഗതിതന്നെയാണ്'" എന്നു വരുന്നു. പക്ഷെ പത്രാധിപരുടെ വിവക്ഷ അത്തരത്തിലല്ലായിരിക്കാം. താദൃശപ്രയോഗത്തിനു പ്രമാണമായി Personal എന്നൊരു ഇംഗ്ലീഷുപദവുമുണ്ടായിരിക്കാം. എന്നാൽ "ആരുടെയെങ്കിലും ചെലവിന്മേൽ മററാരെയെങ്കിലും അന്യായമായി സഹായിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നില്ല." എന്നിങ്ങനെ പ്രകൃതാസംബദ്ധമായ പത്രാധിപപ്രതിനിധിയുടെ എഴുത്തിലെ വാക്യം അർത്ഥസ്ഫൂർത്തിക്ക് എന്നെ വിഷമിപ്പിച്ചതുപോലെ പത്രാധിപരുടെ 'പുരുഷപരം' എന്ന പ്രയോഗം അദ്ദേഹത്തിന്റെ വിവക്ഷയെ തെററിദ്ധരിപ്പിച്ചുവെന്നുമാവാം. ഏതായാലും ഒരു കാര്യം എനിക്കു ബോധിപ്പിക്കേണ്ടതായുണ്ട്. ആംഗ്ലേയമാനസപുത്രരാണെന്നഭിമാനിക്കാത്ത കേവലം നാടൻമലയാളികളായ മാദൃശന്മാർ മലയാളഭാഷയിൽ Personal എന്നതിനു സമാനാർത്ഥകമായി വ്യക്തിപരമെന്നല്ലാതെ പുരുഷപരമെന്നൊ മറെറാ പറഞ്ഞാൽ തെററിദ്ധരിക്കാനാണെളുപ്പം. ഒരു ആംഗ്ലോമലയാളിക്കു "തന്റെ ഭാര്യ കാര്യസ്ഥനെ ആവശ്യപ്പെടുന്നു" എന്നോ മററൊ പറയുന്നതിനു വിരോധമില്ലായിരിക്കാം. ശുദ്ധ മലയാളികൾ ആ വകയൊന്നും സമ്മതിച്ചുകൊടുക്കയില്ല. ഞങ്ങൾ ആവശ്യമനുസരിച്ചു ഞ

ങ്ങൾ ഈ രാജ്യത്തുള്ള ഗർഭശ്രീമാന്മാരെ ആശ്രയിച്ചു പ്രതിഭാദിസാമർത്ഥ്യം പ്രദർശിപ്പിച്ചുവെന്നു വരാം. എന്നാൽ ജന്മസിദ്ധമായ ഞങ്ങളുടെ സംസ്കാരത്തിനും സമുദായാചാരത്തിനും വിരുദ്ധമായി ഏതോ ദ്വീപാന്തരത്തിൽ വായിൽ വെള്ളിക്കയ്യിലോടു ജനിച്ച ഒരു വക വിലക്ഷണസത്വങ്ങളെ സേവിച്ചു കാലം കഴിപ്പാൻ കഴികയില്ലെന്നുള്ളതു തീച്ചയാണ്. ഒന്നാമതായി ആവക സത്വങ്ങളുടെ സമ്പ്രദായമനുസരിച്ച് ഈയുള്ളവക്കു ജീവിപ്പാൻ തന്നെ സാദ്ധ്യമല്ല. ഞങ്ങൾക്കു വിശപ്പു തീക്കുവാനും, വിശ്രമിക്കാനും, ഉറങ്ങാനും ആഹാരവും, പീഠവും ശയ്യയും എടുത്താൽപ്പോര. ആഹാരം കഴിക്കയും പീഠത്തിൽ ഇരിക്കയും ശയ്യയിൽ കിടക്കയും വേണം. ആകട്ടെ ഈ ഉല്പതിഷ്ണുക്കളോടു ഞാനൊന്നു താഴ്മയായി ചോദിച്ചുകൊള്ളട്ടെ. കേരളഭാഷയിലും പല ശൈലികളുണ്ടല്ലൊ. അവയിലേതെങ്കിലും പാശ്ചാത്യരാരെങ്കിലും അവരുടെ ഭാഷയിലേക്കു കടത്തിവിട്ടുമോ? അല്ലെങ്കിൽ ഈ ഉല്പതിഷ്ണുക്കൾക്കാക്കെങ്കിലും അതിന്നു ധൈര്യമുണ്ടൊ? ഉണ്ടെങ്കിൽ കാണട്ടെ. "ആരോമൽച്ചേവകർ പുത്തരിയങ്കത്തിന്നു പോയി അരിങ്ങോടരെ ചെണ്ട കൊട്ടിച്ചു എന്നതു എന്റെ ചെവിക്കു പുത്തരിയായിരുന്നു." "ഉണ്ണുനീലിക്കൊരാനച്ചന്തമുണ്ട്." "അവൾ ചന്തുവിനെ ശതകം ചൊല്ലിച്ചു." "അവൻ ഉണ്ട ചോറിൽ കല്ലിട്ടു." "നമസ്തേന്നു രാമൻ തട്ടിമൂളിച്ചതൊക്കെ കോമൻ ശ്ലോകത്തിൽ കഴിച്ചു." ഇത്യാദി ഭാഷാശൈലികളെ ഒന്ന് ഇംഗ്ലീഷിലൊ മററൊ ആക്കി നോക്കുക. അപ്പോൾ അറിയാം അഭിമാനികളായ ആംഗ്ലേയരുടെ സ്വരൂപം. ഇവരാണത്രെ രാജ്യസ്നേഹികളും ഭാഷാഭിമാനികളുമായ ഉല്പതിഷ്ണുക്കൾ. എന്തിന്? അവൾ കുളുക്കെ നോക്കി എന്ന ഭാഷാശൈലിയെ She looked coolly എന്നൊ മററൊ ഇംഗ്ലീഷിലാക്കിയാലത്തെ സ്ഥിതിയെന്തായിരിക്കും. അതുപോലെ തന്നെ She looked coolly, Her warm look ഇത്യാദിക്കു സമാനരീതിയിൽ അവൾ കുളുക്കെ നോക്കി അവളുടെ 'ഉഷ്ണിച്ച നോട്ടം' അഥവാ 'കോഷ്ണവീക്ഷണം' എന്നും മററും പ്രയോഗിച്ചാൽ യഥാൎത്ഥമലയാളികളാരും തെററിദ്ധരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. ഈ സ്ഥിതിക്ക് Personal എന്നതിന്നു വ്യക്തിപരമെന്നല്ലാതെ പുരുഷപരമെന്നു പ്രയോഗിച്ചതുകണ്ട് ഈയുള്ളവൻ തെററിദ്ധരിച്ചതു് അതിശക്തിമത്തായ ആംഗ്ലോമലയാളത്തിന്റെ സ്വരൂപഗ്രഹണമില്ലാഞ്ഞിട്ടാണെങ്കിൽ ആയിക്കൊള്ളട്ടെ. ആ ഗ്രഹണം ഇനിമേലുമിങ്ങുണ്ടാകാതിരിക്കട്ടെ എന്നു പ്രാൎത്ഥിക്കാം.

അഥവാ പ്രഥമപുരുഷൻ മദ്ധ്യമപുരുഷൻ ഉത്തമപുരുഷൻ ഇത്യാദി ശാസ്ത്രസങ്കേതമനുസരിച്ചാണു വ്യക്തിപരമായ പുരുഷശബ്ദപ്രയോഗമെന്നു ശഠിക്കുന്നുവെങ്കിൽ അതിന്നനുഗുണമായി 'നീ ഞാൻ പറയുന്നതു കേൾക്കു' എന്നതിന്നു പകരം 'മദ്ധ്യമാ, ഉത്തമൻ പറയുന്നതു കേൾക്കു'

എന്നും അവൻെറ 'ആ, ആ എന്നീ അക്ഷരങ്ങൾക്കു വ്യക്തിയില്ല' എന്നതിന്ന്, 'അവൻെറ ഗുണവൃദ്ധികൾക്കു വ്യക്തിയില്ല' എന്നും അവരുടെ ഭാഷയിൽ പ്രയോഗിച്ചുകൊള്ളട്ടെ, എന്നേ പറയുന്നുള്ളൂ. 'പുരുഷപ്രയത്നം' 'പുരുഷാകാരം' എന്നിവയിലെ പുരുഷപദം ഉൽബ്ഭുതചൈതന്യപരമല്ലാതെ കേവലം വ്യക്തിപരമല്ലെന്നുള്ളതും വിജ്ഞന്മാക്കറിയാം. ഇങ്ങനെയിരിക്കെ—

"അജ്ഞസ്സുഖമാരാദ്ധ്യസ്സുഖതരമാരാദ്ധ്യതേ വിശേഷജ്ഞഃ
ജ്ഞാനലവദുർവിദഗ്ദ്ധം ബ്രഹ്മാപി നരം ന രഞ്ജയതി."

എന്ന അഭിയുക്തോക്തിപ്രകാരം ഇതുകൊണ്ടും തൃപ്തിപ്പെടാതെ വീണ്ടും കയക്കാനാണു ഭാവമെങ്കിൽ 'ആത്മയോനി' 'പത്മയോനി' മുതലായവയിൽ പ്രഭവാത്ഥകമായ യോനിശബ്ദം അശ്ലീലമല്ലാത്തതുകൊണ്ടു "യസ്യാനനം യോനിരുദാരവാചാം" ഇത്യാദിയിലും ആ പ്രയോഗമമ്മജ്ഞന്മാക്ക് അശ്ലീലത്വമില്ലെന്നു വാദിക്കാം. പക്ഷേ ഈ വക പ്രയോഗം അവക്കേ പററൂ. ഇത്രയും പറയേണ്ടിവന്നതിലുള്ള പാപത്തിൻെറ ശാന്തിക്കായി "കശ്ചേദാനീമന്യോഭവജ്ജാതീയകഃ പുരശ്ശബ്ദാനാംപ്രയോഗേസാധുസ്സ്യാൽ" എന്ന മഹാഭാഷ്യവചനമനുസരിച്ച് ഈ വിഷയത്തിൽനിന്നു തല്ക്കാലം മാറിക്കളയാം.

ഏതായാലും പ്രയോഗമമ്മവേദിയും സ്വതന്ത്രസ്വതന്ത്രനമായ കൈരളീപത്രാധിപർ തൻെറ ഇഷ്ടപ്രകാരം എൻെറ ലേഖനത്തിലെ പുരുഷപരമായ അംശം ആസകലം നീക്കിക്കളഞ്ഞു് അതിനെ നപുംസകപ്രായമാക്കിത്തീത്തിരിക്കുന്നുവെന്നതിലേക്കു പ്രത്യക്ഷമായ ചില തെളിവുകൾ ഞാനിതാ മഹാജനസമക്ഷം സമപ്പിച്ചുകൊള്ളുന്നു.

(ഭാഗം 190) "ഈ അവസരത്തിലെങ്കിലും എന്ന പ്രയോഗത്തിൻെറ താല്പര്യമെന്തെന്നു ഞാൻ പറഞ്ഞുതരാം" എന്നാവസാനിക്കുന്ന ആദ്യത്തെ ഖണ്ഡികയ്ക്കുശേഷം ഈ അവസരത്തിലെങ്കിലും അതായതു മിഥുനം ലക്കത്തിലുള്ള എൻെറ അഭിപ്രായത്തെക്കുറിച്ച്, കക്കിടകം ലക്കത്തിലൊ അഥവാ ചിങ്ങം ലക്കത്തിലൊ ആക്ഷേപിക്കാൻ അവകാശവും അവസരവുമുണ്ടായിരിക്കെ ഞാൻ ഉള്ളൂരുമായുള്ള എൻെറ വാദം അവസാനിപ്പിച്ച ഈ സന്ദർഭത്തിലെങ്കിലും എന്നാണതിനത്ഥം, അല്ലാതെ ഞാൻ എഴുതുന്നതിലുണ്ടാകുന്ന തെററുകൾ ചൂണ്ടിക്കാണിച്ചു തരുവാനൊ അവയ്ക്കു സമാധാനം പറവാനൊ താങ്കളെ ഏല്പിച്ചിരിക്കുന്നതായി ഭ്രമിക്കയൊ അഭിമാനിക്കയൊ വേണ്ട. "ശാസ്ത്രാത്ഥം ചിന്തയാമഃ" എന്നിങ്ങനെ രണ്ടു സംസ്കൃതപദം ചേത്തെഴുതാൻ സാധിക്കുമെന്നുവച്ചു മാത്രം ആ പ്രവൃത്തി താങ്കൾക്കു സുസാധമെന്നു ഞാൻ വിചാരിച്ചുകൊള്ളുമെന്നും മോഹി

ക്കേണ്ട" എന്നിങ്ങനെ ഈ അവസരത്തിലെങ്കിലും എന്ന പ്രയോഗത്തിന്റെ താല്പര്യം വിവരിച്ചു കാണിച്ചിരിക്കുന്ന ഭാഗം കൈരളി വിട്ടുകളഞ്ഞിരിക്കുന്നു. പ്രയോഗത്തിന്റെ താല്പര്യമെന്തെന്നു പറയാമെന്നു പറഞ്ഞു് അപ്രകാരം ചെയ്യാതെ രോഹിണീശബ്ദത്തിന്നു "രോഹിണീനക്ഷത്രജാതയെന്നു—"എന്നിങ്ങനെ പ്രകൃതത്തോടു ബന്ധമില്ലാത്ത മറെറാരു സംഗതിയെപ്പററി പറയുന്നതു ഭ്രാന്തപ്രലപനത്തിന്നു സമാനയോഗക്ഷേമമല്ലെ. എന്റെ ലേഖനത്തെ പത്രാധിപർ ഇപ്രകാരമാക്കിത്തീർത്തതു പ്രദ്വേഷം കൊണ്ടൊ പ്രാജ്ഞാമന്യത കൊണ്ടൊ? മഹാന്മാർ തീർച്ചയാക്കട്ടെ.

2. (ഭാഗം 194) "വ്യപേക്ഷാപക്ഷവാദികളായ നൈയായികന്മാർ തദ്ധിതപ്രത്യയം ലോപിക്കാത്ത സ്ഥലത്തുകൂടി ലക്ഷണ സ്വീകരിക്കുന്നതിന്നു മടിക്കാത്ത സ്ഥിതിക്കു ലോപസ്ഥലത്തെ കാര്യം പറവാനുണ്ടൊ? ഹേ ശാസ്ത്രാൎത്ഥചിന്തനചണ, ഇതു കൈമുതികന്യായസിദ്ധമല്ലെ? വൈയാകരണസിദ്ധാന്തമനുസരിച്ചു വാദിക്കയാണെന്നാഭിമാനിക്കുന്ന നിങ്ങൾ വൈയാകരണഭൂഷണസാരം പോലും കണ്ടിട്ടില്ലെന്നു വരുമൊ?" എന്ന എന്റെ ഖണ്ഡികയിലെ "ഇതു കൈമുതികന്യായസിദ്ധമല്ലെ?"—ഇത്യാദി പംക്തികളെ ഇതു് കൈമുതികന്യായമെന്നാഭിമാനിക്കുന്ന നിങ്ങൾ വൈയാകരണഭൂഷണസാരം—" എന്നു മാററിയിരിക്കുന്നതു് എത്ര അസംബദ്ധമായിരിക്കുന്നു.

വ്യപേക്ഷാപക്ഷവാദികൾ തദ്ധിതപ്രത്യയം ലോപിക്കാത്ത സ്ഥിതിക്കു ലോപസ്ഥലത്തിൽ ലക്ഷണ കൈമുതികന്യായസിദ്ധമാണെന്നുള്ള എന്റെ വാദത്തെ പ്രതിവാദിയുടെ വാദമാക്കി എന്നെക്കൊണ്ടു അനുവദിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ള പത്രാധിപരുടെ അധികാരപ്രമത്തതയ്ക്കു നിദാനവും അന്ധവുമായ ആ അഭിജ്ഞംമന്യത ദുസ്സഹമെന്നല്ലാതെ മറെറന്തു പറയട്ടെ.

3. (ഭാഗം 195) "പ്രമാണമായി ഞാനിനി ഗദാധരപംക്തികളും മററും എടുത്തു കാണിക്കുന്നില്ല. ആവക ഉപരിഗ്രന്ഥമൊക്കെയും മഹോപാദ്ധ്യായനുദുർഗ്രഹമായേക്കാവുന്നതുകൊണ്ടു വാലും തലയുമില്ലാത്തതാണെന്നല്ലേ തോന്നുക. എങ്കിലും തൎക്കശാസ്ത്രത്തിലെ ബാലപാഠമായ തൎക്കസംഗ്രഹത്തിന്റെ ലളിതവ്യാഖ്യയായ 'ഗൂഢാൎത്ഥദീപിനി'യെങ്കിലും നോക്കി ചിലകാര്യം മനസ്സിലാക്കിയാൽകൊള്ളാം"എന്നവാക്യങ്ങൾ ഉപേക്ഷിച്ചിരിക്കയാൽ "—മാതാച പിതാച-പിതരൌ ഇത്യാദി വിരൂപൈകശേഷസ്ഥലേലക്ഷണാ" ഇത്യാദി ഗ്രന്ഥം ഉദ്ധരിക്കുവാനുള്ള ബന്ധമെന്തെന്നൊ അതു് ഏതിലുള്ളതാണെന്നൊ വായനക്കാർ എങ്ങനെ മനസ്സിലാക്കും? ഈ സ്ഥിതിക്കു പ്രമാണമായി നിർദ്ദേശിച്ച ആ വക ശബ്ദസന്ദർഭത്തിന്നു പ്രാമാണ്യസിദ്ധി എങ്ങനെ? ബന്ധമില്ലാതെ വല്ലതും പറകയെന്നതു ഭ്രാന്തസ്വഭാവമല്ലെ?

ഒരുതരം ഉൽസ്വപ്നജൽപനം പത്രാധിപരുടെ പക്ഷത്തിൽ ഉത്തമകവിതയാകുമായിരിക്കാം. എന്നാൽ സ്വാധികാരം ദുരുപയോഗപ്പെടുത്തി മാദൃശന്മാരെ അക്കൂട്ടത്തിൽ കൂട്ടുന്നതു അക്രമമാണ്.

4. 195-96) "രോഹിണീ, ഹരീതകീ ഇത്യാദി ശബ്ദങ്ങളിൽ അനുശാസനജ്ഞന്മാർ സ്വരസതഃസ്ഫുരിക്കുന്ന രണ്ടർത്ഥങ്ങളുടെ ഉപസ്ഥിതിക്കു മുഖ്യാർത്ഥബാധമുള്ളതായി സംസ്കൃതഭാഷയറിവുള്ളവർ പറയുമെന്നു തോന്നുന്നില്ല." ഇങ്ങനെ ഉദ്ഘോഷിക്കുന്ന മഹോപാദ്ധ്യായൻെറ ശാസ്ത്രവിജ്ഞതയ്ക്കും സംസ്കൃതഭാഷാഭിജ്ഞതയ്ക്കും ഇതാ വിദൂരമായ ഒരു ദണ്ഡനമസ്കാരം. 'പിതരൗ' എന്ന ഏകശേഷസ്ഥലത്തും 'ഭദ്യാനയ' എന്ന ലുപ്തവിഭക്തികസ്ഥലത്തും ലക്ഷണ കൽപിക്കുന്ന നൈയായികന്മാർ ഹരീതാക്യാദിസ്ഥലത്തു ഫലാർത്ഥവിഷയമായ ലക്ഷണ കൽപിക്കുന്നതിൽ എന്തു പ്രതിബന്ധമാണുള്ളതെന്ന് എനിക്കു മനസ്സിലാവുന്നില്ല." എന്നിപ്രകാരം പ്രതിവാദിയുടെ വചനമനുവദിച്ചു ഖണ്ഡിക്കുന്ന സന്ദർഭത്തിൽനിന്ന്, "എന്നിങ്ങനെ ഉദ്ഘോഷിക്കുന്ന—"ഇത്യാദി അനുവാദകവാക്യം പുരുഷപരമായ അംശമെന്നു വിചാരിച്ച് ഉൽപാടനംചെയ്ത് അതിനെ ആകമാനം ആഭാസമാക്കിയിരിക്കുന്നു. സ്വല്പമെങ്കിലും വിവേകമുള്ള ഒരാൾ ഭാവവും അഭാവവും പോലെ പരസ്പരവിരുദ്ധമായ വാദിപ്രതിവാദികളുടെ ആശയം ഒന്നാണെന്നു വിചാരിക്കുമോ?

ഇത്തരമൊരു പത്രാധിപക്ക് അധീനയാകേണ്ടിവന്ന വരാകിയായ ആ കൈരളിയുടെ കാലദോഷത്തേയോ, ഈ സ്ഥിതിയൊന്നുമാലോചിക്കാതെ ലേഖനമയച്ചുകൊടുത്ത ഈയുള്ളവൻെറ ദൈവദുർവ്വിപാകത്തേയോ ഏതിനെക്കുറിച്ചാണു പശ്ചാത്തപിക്കേണ്ടതു്?

5. "യഥോചിതമേതുമതപ്രക്രിയയുമവലംബിച്ചു കൈക്കാര്യം ചെയ്വാൻ ആലങ്കാരികന്മാർ സ്വാതന്ത്ര്യമുണ്ടെന്നാണ് എൻെറ വാദം." ഇത്യാദി വാക്യത്തിൻെറ പൂർവ്വഭാഗം മുറിച്ചുകളഞ്ഞു് "ആലങ്കാരികന്മാർ സ്വാതന്ത്ര്യമുണ്ടെന്നാണ് എൻെറ വാദം." എന്നിങ്ങനെ പ്രസ്തുത വാക്യത്തെ സാകാംക്ഷമാക്കി ദുഷിപ്പിച്ചിരിക്കുന്നതു നോക്കുക.

6. "ഇത്യാദി ധ്വന്യാലോകവാക്യമടിസ്ഥാനമാക്കി വൈയാകരണമതാനുസരണശങ്കയെ ഉദ്ഭാവനം ചെയ്തു നിരസിച്ചിരിക്കുന്നതുകൊണ്ടെങ്കിലും ആ വാക്യം നിഗ്രഹനം ചെയ്യേണ്ട ആവശ്യമില്ലെന്ന് ആർക്കും ഗ്രഹിക്കാമായിരിക്കെ' അതിനുപോലും മഹോപാദ്ധ്യായന്റെ ബുദ്ധിയെത്താതെ പോയല്ലൊ" എന്ന വാക്യത്തെ, "ആർക്കും ഗ്രഹിക്കാമായിരിക്കാം" എന്നാക്കി അവസാനിപ്പിച്ചിരിക്കുന്ന കൈരളീപത്രാധിപരുടെ വാക്യരചനാവൈഭവം അന്യാദൃശമാണെന്നു വേണം പറവാൻ. പക്ഷെ, അലൗകികമായ സ്വ

ഷ്ടലോകത്തേക്കു പററിയ താദൃശവാക്യഘടനാപാടവം കവിതപശ്ശുന്യമായ അസ്മാദൃശന്മാരുടെ നിബന്ധത്തിൽ സംക്രമിപ്പിക്കുന്നതു സാഹസമാണെന്ന് എനിക്കു പറയാതേയും കഴികയില്ല.

7. (ഭാഗം 195-96-97) മുമ്പൊരിക്കൽ ഭഷണം ഭാഷണമാക്കിയതുപോലെ വാച്യാത്ഥബാധമെന്ന വാക്കു തെററാണെന്ന ധാരണയിൽ വാച്യത്ഥബോധമെന്നു സവ്വത്ര തിരുത്തി അച്ചടിപ്പിച്ച പത്രാധിപരുടേയും പത്രപ്രവത്തകന്മാരുടേയും പാണ്ഡിത്യമവാങ്മനസഗോചരമാണ്.

മഹാജനങ്ങളെ, എൻെറ ലേഖനത്തിൽ അവിടവിടെയായി എട്ടു പ്രാവശ്യം പ്രയോഗിച്ചിരിക്കുന്ന 'വാക്യാത്ഥബാധ'ശബ്ദങ്ങളിൽ ഒന്നിനെയെങ്കിലും തെററിപ്പോകാനയക്കാതെ വളരെ സൂക്ഷിച്ചു കടന്നുപിടിച്ചു എല്ലാററിനേയും 'ബോധ'മെന്നാക്കി (Convert) കൺവർട്ടു ചെയ്യിച്ച പത്രാധിപപ്രതിനിധികളുടെ പദാത്ഥജ്ഞാനപാരീണതയേയും പരിശ്രമപാരമ്യത്തേയും എത്ര പ്രശംസിച്ചാലാണു മതിയാവുക. 'ഭഷണം' 'ഭാഷണവും' 'സമജം' 'സമാജവു'മാക്കുന്ന സവ്വശക്തന്മാക്കുണ്ടോ 'ബാധം' 'ബോധ'മാക്കാൻ ഞെരുക്കം? ചില ബാധകളോടല്ലാതെ, ബാധശബ്ദത്തോടു യാതൊരു പരിചയവുമില്ലാത്തതുകൊണ്ടായിരിക്കാം പത്രാധിപപ്രഭൃതികൾ 'ബാധ'യെ സവ്വത്ര ബോധമാക്കിയതു് എന്നു വല്ലവരും പറയുമെങ്കിൽ പറയട്ടെ. അതുകൊണ്ടു് അവക്കെന്തു്? കൈരളിക്കെന്തു്?

ഏതായാലും കൈരളി, ഇത്തരം പത്രാധിപരുടേയും പത്രാധിപപ്രതിനിധിയുടേയും അധീനതയിലകപ്പെട്ടു കഷ്ടപ്പെടുന്ന നിൻെറ കാലദോഷം അതികഠിനം തന്നെ.

## മഹദ്വാക്യങ്ങൾ.

### വിദ്യാഭ്യാസം.

വിദ്യാഭ്യാസം നിസ്വന്മാക്ക് ഒരു മൂലധനവും ധനവാന്മാക്കു പലിശയുമാകുന്നു.
(ഹൊറൈസ്മാൻ)

വിദ്യാത്ഥികളെ ബഹുമാനിക്കുന്നതിൽ വിദ്യാഭ്യാസത്തിൻെറ രഹസ്യം സ്ഥിതിചെയ്യുന്നു.
(എമേഴ്സൺ)

എല്ലാ മനുഷ്യൻേറയും വിദ്യാഭ്യാസത്തിലെ പ്രഥമവും പ്രധാനവുമായ ഭാഗം അവർ അവക്കുതന്നെ നൽകുന്നതാകുന്നു.
(ഗിബൺ)

# ന്യായപ്രകാശിക.*

(വിദ്വാൻ വൈ. നാരായണയ്യർ.)

## 123. അജാതപുത്രനാമകരണന്യായം.

ജനിക്കാത്ത കുട്ടിക്കു പേരിടുക. സ്ത്രീ ഗർഭം ധരിച്ചിരിക്കുന്നു; ദമ്പതിമാർ കുട്ടിക്കു പേരിട്ടുകഴിഞ്ഞു! ആണോ പെണ്ണോ എന്നു നിശ്ചയമില്ല; നാമകരണം കഴിഞ്ഞു. ഗർഭം അലസിയാല്പമായി. പുത്രലാഭത്തിലുള്ള അത്യാശനിമിത്തം അന്ധന്മാരായി പേരു നൽകിയതാണ്. മാവു നിറയെ പൂത്തിരിക്കുന്നതുകണ്ടു മാങ്ങയ്ക്കായി മാവടക്കം കണ്ട്റാക്ട്പിടിക്കുന്നവനും മാവു കണ്ട്റാക്ട് കൊടുക്കുന്നവനും അനുഷ്ഠിക്കുന്ന നയം പ്രസ്തുത ന്യായം പോലെയാകും. "മുട്ടകൾ വിരിയുന്നതിനുമുമ്പേ കോഴിക്കുഞ്ഞുങ്ങളെ എണ്ണിത്തിട്ടപ്പെടുത്തുക" എന്ന് ഇംഗ്ലീഷുകാർ പറയാറുണ്ട്. ആശയുടെ ആധിക്യംനിമിത്തം, ഭാവിസൗഭാഗ്യത്തെ പ്രതീക്ഷിച്ച്, അക്ഷമകൊണ്ടോ അവിവേകം കൊണ്ടോ ചില മുന്നൊരുക്കങ്ങൾ ചെയ്ത്, അന്യന്മാരുടെ മന്ദഹാസത്തിന് അഥവാ മന്ദഹാസ്യത്തിനു പാത്രമാകുക.

## 124. അദ്ധ്വൈശസന്യായം.

പകുതി കൊല്ലുക എന്നർത്ഥം. മുഴുവനും കൊന്നാൽ വേദന തീരും, വേഗം ജീവനൊടുങ്ങും. അദ്ധ്ജീവനോടുകൂടി ഇട്ടും വച്ചു പോയാൽ ആ പാവം അനുഭവിക്കുന്ന യാതനയ്ക്കു കൈയും കണക്കുമില്ല. ദുസ്സഹമായ തീവ്രവേദനയ്ക്കു പാത്രമാക്കുക എന്നു സാരം; കൊല്ലാക്കൊല.

> വിധിനാകൃതമദ്ധ്വൈശസം
> നനു മാം കാമവധേ വിമുഞ്ചതാ
> അനപായിനി സംശ്രയദ്രുമേ
> ഗജഭഗ്നേ പതനായ വല്ലരീ.

എന്നു കാമമദഹനവൃത്താന്തം കേട്ടു രതി വിലപിച്ചു. പ്രയോഗങ്ങൾ സ്പഷ്ടം.

---

(കഴിഞ്ഞ ലക്കത്തിൽ 86-മുതൽ 92-വരെ എന്നുള്ളതു് 116-മുതൽ 122-വരെ എന്നു തിരുത്തി വായിക്കണമെന്നപേക്ഷ.)

## 125. അസിധാരാമധുലേഹന്ന്യായം.

വാളിൻെറ വായ്ത്തലയിൽപ്പററിയിരിക്കുന്ന തേനിനെ നക്കിയെടുക്കുക. തേൻ ആസ്വദിക്കുന്ന സുഖം അനുഭവിക്കാമെങ്കിലും, നാക്കു മുറിയുന്ന ദുഃഖവും അനുഭവിക്കേണ്ടി വരുന്നു. സുഖത്തേയും ദുഃഖത്തേയും ഏകകാലത്തിൽ ഉണ്ടാക്കുന്ന സകല വിഷയങ്ങളും പ്രസ്തുത ന്യായത്തിന് ഉദാഹരണമാകും. "കച്ചിട്ട് ഇറക്കാനും വയ്യാ, മധുരിച്ചിട്ടു തുപ്പാനും വയ്യാ" എന്ന ചൊല്ലിന് ഇവിടെ സ്വല്പം സാദൃശ്യമുണ്ട്.

## 126. അസ്നേഹദീപന്ന്യായം.

എണ്ണയില്ലാത്ത വിളക്ക്. വിളക്ക് എണ്ണയില്ലെങ്കിൽ കെട്ടുപോകുന്നു; ഊതിയാലും കെടും. ആദ്യം പറഞ്ഞതു സാമഗ്രിയുടെ അഭാവംകൊണ്ടും, രണ്ടാമത്തേതു പ്രതിപക്ഷശക്തിയുടെ ആക്രമണംകൊണ്ടും എന്നു ഭേദം. സഞ്ചയിക്കപ്പെട്ട ജീവിതോപകരണങ്ങൾ ഒടുങ്ങുമ്പോൾ ഭവിക്കുന്ന നാശമത്രേ ഈ ന്യായത്തിൻെറ അൎത്ഥം.

"തത്ര വൎഷസഹസ്രാണി നിൎവ്വികല്പസമാധിനാ
ദശസ്ഥിത്വാ ശശാമാസൗ ആത്മന്യസ്നേഹദീപവത്"
(പതിനായിരം വൎഷം നിൎവികല്പസമാധിയിൽ സ്ഥിതിചെയ്തിട്ട് അസ്നേഹദീപമെന്നപോലെ യോഗി വിരമിച്ചു.)

പ്രസ്തുതന്ന്യായത്തെ വേറൊരു രൂപത്തിൽ വ്യാഖ്യാനിക്കുന്നു:—
"സരളാസക്തമാതംഗ ഗ്രൈവേയസ്ഫുരിതത്വിഷഃ
ആസന്നോഷധയോ നേതുർനക്തമസ്നേഹദീപികാഃ"
രഘുവിനു കാട്ടിലെ തീച്ചെടികൾ തൈലനിരപേക്ഷങ്ങളായ വിളക്കുകളായി രാവിൽ ശോഭിച്ചു എന്നു സാരം. എണ്ണയില്ലാതെ വിളക്കു കത്തുന്നുവെങ്കിൽ ആ വിളക്കു വിശേഷമല്ലെ? (ഇന്നത്തെ വിദ്യുദ്ദീപങ്ങളെ ഓൎമ്മിക്കേണ്ട) ഒന്നിൻെറ നിലനില്പിന് അത്യന്താപേക്ഷിതമെന്ന് ആരും സമ്മതിക്കുന്ന വസ്തുവിൻെറ അഭാവത്തിലും ആയതു് അക്ഷുണ്ണമായി നിലനിൽക്കുന്നുവെങ്കിൽ അതിനു മററുള്ളവയെക്കാൾ മാററു കൂട്ടമല്ലോ!

ഒരേ ന്യായംതന്നെ ഭാവനാചാതുൎയ്യമനുസരിച്ചു പല പല ഉല്ലേഖങ്ങൾക്കു വിധേയമായിത്തീരുന്നു. പ്രയോഗസന്ദൎഭമനുസരിച്ച് അവിടവിടെ അൎത്ഥം ഗ്രഹിച്ചുകൊള്ളുക.

## 127. ആസുരവ്രതന്ന്യായം

ഈശ്വരസാക്ഷാൽക്കാരത്തിനു വ്രതങ്ങളും കായക്ലേശങ്ങളും അത്യാവശ്യസാധനകളാകുന്നു. സാത്വികമായ മനോഭാവത്തോടുകൂടി വേണം

അവ അനുഷ്ഠിക്കേണ്ടതു്; കാമക്രോധലോഭമദമാത്സര്യങ്ങൾ ഇവയ്ക്കു് അടിസ്ഥാനമായിരുന്നുകൂടാ; ലൗകികമായ പ്രലോഭനങ്ങളിൽ ലക്ഷ്യം വച്ചല്ലാ തപസ്സു ചെയ്യേണ്ടതു്. "ഇന്നയാളിന്റെ ഉയിരു പോകുന്നതു കണ്ടശേഷമെ ഞാൻ തലമുടി കളയിക്കയുള്ളൂ." എന്നു ചിലർ തലമുടി വളർത്തി അതുകൊണ്ടുള്ള ദുഃഖത്തെ പണിപ്പെട്ടു സഹിക്കാറുണ്ടു്. ഇതു പരഹിംസാമൂലകമായ സ്വാത്മത്യാഗമാണല്ലോ! ഇത്തരം ദുഷ്ടമനസ്ഥിതിയോടുകൂടി കൈയേൽക്കുന്ന ദുഃഖസഹിഷ്ണുതയോടുകൂടിയുള്ള വ്രതങ്ങളെല്ലാം ആസുരവ്രതങ്ങളത്രെ.

"ബ്രഹ്മാവിഷ്ണു ഈശാന ഇന്ദ്രാദീനാം ഐശ്വര്യകാമനയാ
നിരശനജപാഗ്നി ഹോത്രാദിഷു അന്തരാത്മാനം
സന്താപയൻ ആചരത് സന്തത മത്സരരാഗദ്വേഷ
ഹിംസാദംഭാദ്യപേക്ഷിതം വ്രത ആസുരം."

ഇന്ദ്രാദികളുടെ ഐശ്വര്യം നശിച്ചു് അതു തങ്ങൾക്കു വന്നുചേരണമെന്നുള്ള ക്രോധാഹങ്കാരഹിംസാകലുഷമായ മനസ്ഥിതിയോടുകൂടിയാണു ഹിരണ്യാക്ഷ—ഹിരണ്യകശിപു—രാവണപ്രഭൃതികൾ ക്രൂരവ്രതങ്ങളും ഘോരതപസ്സും അനുഷ്ഠിച്ചതു്.

## 128. ഉഷ്ട്രലഗുഡന്യായം.

ഒട്ടകം ആളും ഭാരവും ചുമക്കുന്ന കൂട്ടത്തിൽ, തന്നെ പ്രഹരിപ്പാനുള്ള വടിയും ചുമക്കും. താൻ വഹിക്കുന്ന ഉപകരണംകൊണ്ടുതന്നെ താൻ, പ്രഹരമനുഭവിക്കുക. എതിരാളിയുടെ വാദമുഖങ്ങളെക്കൊണ്ടുതന്നെ അയാളുടെ വാദത്തെ ഖണ്ഡിച്ചു തോല്പിക്കുന്ന സന്ദർഭത്തിൽ ഈ ന്യായത്തെ ഉപയോഗിക്കുന്നു. വാദിഭാഗം വക്കീലിന്റെ ന്യായങ്ങൾതന്നെ, പ്രതിക്കു് അനുകൂലമായും സ്വകക്ഷിക്കു പ്രതികൂലമായും കലാശിച്ചാൽ ആ ബുദ്ധിമോശത്തെ ഇവിടെ സംഘടിപ്പിക്കാം.

## 129. ഊഷരവൃഷ്ടിന്യായം.

മരുഭൂമിയിൽ മഴ ചൊരിഞ്ഞാൽ ആ പ്രയത്നം കൊണ്ടു വിശേഷാൽ പ്രയോജനമൊന്നും സിദ്ധിക്കുന്നില്ല. ശ്രമംകൊണ്ടു ഫലമില്ലെങ്കിൽ ശ്രമിക്കാതിരിക്കയല്ലേ ഉത്തമം. വിഫലപ്രയത്നങ്ങളിൽ ഈ ന്യായത്തെ പ്രയോഗിക്കാം; ഇലവുകാത്ത കിളി, ബകാണ്ഡപ്രത്യാശ, കാകദന്തഗവേഷണം ഇത്യാദി ന്യായങ്ങളും വിഫലപ്രയത്നത്തിന്റെ പ്രതിനിധികളാണെങ്കിലും സൂക്ഷ്മനിരീക്ഷണത്തിൽ അവയുടെ ഭേദം വെളിവാകുന്നുണ്ടു്. ആദ്യത്തേതിൽ കാത്തിരുന്നു് ഒടുവിൽ ഇളിഭ്യനായി മടങ്ങുന്നു, രണ്ടാമത്തേതിൽ

തല്ലും തൊഴിയുമേററു് എല്ലൊടിഞ്ഞു മടങ്ങുന്നു, മൂന്നാമത്തേതിൽ ഫലശ്രമവും വൈഫല്യവും. പ്രസ്തുതന്യായമാകട്ടെ നിഷ്ഫലമായ ദാനത്തിൽ മാത്രം പ്രവർത്തിക്കുന്നു.

"കഷായഖഗവൃക്ഷേഷു കൃതഘ്നേഷു ദുരാത്മസു
ഏതേഷു നിഷ്ഫലം ദാനം ഊഷരേഷ്വംബു വൃഷ്ടിവത്."

## 130. ഏകവൃന്തഫലദ്വയന്യായം.

ഒരു ഞെട്ടിൽ രണ്ടു കായ് പിടിച്ചിരിക്കുന്നതുപോലെ ഒരേ വാക്യത്തിനു രണ്ടർത്ഥം വരുന്ന മാതിരി പ്രയോഗിച്ചാൽ അതു ശ്ലേഷാലങ്കാരമെന്നു പറയപ്പെടുന്നു. ഒററ വെടിയിൽ രണ്ടു പക്ഷികളെ വീഴിക്കുക. സന്ദർഭങ്ങൾ സ്പഷ്ടം.

## 131. ഓതപ്രോതന്യായം.

ഓതം=പാവുനൂല്. പ്രോതം=ഊടുനൂല്.

ഊടും പാവും പോലെ പിണഞ്ഞിരിക്കുക. വസ്ത്രനിർമ്മാണശാലയിൽ ആദ്യം പാവുനൂല് പരത്തി വയ്ക്കയും പിന്നീട് അതോരോന്നിൻേറയും ഇടയിൽക്കൂടി ഊടുനൂല് ഓടിക്കയും ചെയ്യുന്നു. വസ്ത്രമായിക്കഴിഞ്ഞാൽ ഊടുനൂലും പാവുനൂലും തിരിച്ചെടുക്കുന്നതു ശ്രമസാദ്ധ്യമാണ്. ഈശ്വരചൈതന്യം സ്ഥാവരജംഗമാത്മകമായ ജഗത്തിൽ ആകമാനം ഓതപ്രോതന്യായേന വ്യാപിച്ചു കിടക്കുന്നു. സർവ്വവ്യാപ്തമെന്ന അർത്ഥത്തിൽ പ്രസ്തുതന്യായം വ്യവഹൃതമായിരിക്കുന്നു.

"യദിദം സർവ്വം പാർത്ഥിവം ധാതുജാതം
അപ്സു ഉദകേ ഓതഞ്ചദീർഘപടതന്തുവത് പ്രോതം ച"

"അഹിംസകൂടാതെ സത്യത്തിൻെറ ജ്ഞാനം ഉണ്ടാകുന്നതല്ല. അഹിംസയും സത്യവും അത്രയ്ക്കു് ഓതപ്രോതഭാവേന സമ്മേളിച്ചിരിക്കുന്നു. ഒരു രൂപയുടെ തലവശവും ലതവശവും പോലെ." മഹാത്മജിയും ഗുജറാത്തി പ്രസംഗവും. (യേർവാദയിൽനിന്നും ആശ്രമവാസികൾക്കെഴുതിയതു്)

പരസ്പരാശ്രിതങ്ങളായ രണ്ടു കൂട്ടം സംഗതികൾ തമ്മിൽ പിരിച്ചുകൂടാത്തവിധം സമ്മേളിക്കുമ്പോഴും ഈ ന്യായം ഉപയോഗിക്കാം.

"ഐതിഹ്യമാലയിലെ കഥകളിൽ വാസ്തവസംഭവങ്ങളും അവാസ്തവസംഭവങ്ങളും ഓതപ്രോതന്യായേന മേളിച്ചിരിക്കുന്നു" എന്നു പറയുന്നുവെങ്കിൽ വാസ്തവത്തേയും അവാസ്തവത്തേയും വ്യാവർത്തിച്ചറിയുവാൻ പ്രയാസമായവിധം അതു ഇണക്കിപ്പിടിപ്പിച്ചിരിക്കുന്നു എന്നാശയം.

132. കണ്ഠചാമീകരന്യായം.

ചാമീകരം=സ്വർണ്ണം. തന്റെ കഴുത്തിൽക്കിടക്കുന്ന സ്വർണ്ണമാലയെ ഇതരൻ കാണിച്ചുതന്നു താൻ അറിയേണ്ടി വരുന്നുവെങ്കിൽ അതില്പരം അത്ഭുതമുണ്ടോ? തന്റെ കൈവശമുള്ളതിനെ അന്യൻ കാണിച്ചുതരുന്നതുവരെ താൻ കാണുന്നില്ലെന്നുവച്ചാൽ താൻ അത്രയ്ക്കു് അനവധാനമുള്ളവനെന്നത്ഥം. "വെണ്ണയിരിക്കെ നെയ്യുവേണ്ടി അലയുക; ശീലക്കുട കൈയിൽ തൂക്കിയിട്ടുകൊണ്ടു കുട കണ്ടില്ലല്ലോ എന്നു പരിഭ്രമിച്ചു നടക്കുക; ഈശ്വരൻ ഉള്ളിൽ വിരാജിച്ചുകൊണ്ടിരിക്കെ തീത്ഥസ്ഥലങ്ങൾതോറും പുറമെ അന്വേഷിച്ചലയുക" ഇത്യാദി സന്ദർഭങ്ങളിൽ ഈ ന്യായത്തെ അവതരിപ്പിക്കണം.

# സ്കൂൾ ലൈബ്രറി.

(*V. N. I.*)

അറുപത്തിനാലു കലകളുടേയും അധിഷ്ഠാനദേവതയായ സരസ്വതീദേവിപോലും കൈയിൽ ഗ്രന്ഥവും വച്ചുകൊണ്ടാണു നിലകൊള്ളുന്നതു് അങ്ങനെയുള്ള ദിവ്യസ്വരൂപിണിയുടെ ഭക്തസമുദായമാകുന്നു അദ്ധ്യാപകലോകം. ഭക്തിമാർഗ്ഗത്തിൽ കൂടി സഞ്ചരിക്കുന്നവരുടെ പരമമായ പ്രാപ്യസ്ഥാനം, നാലുനിലയുള്ള ഒരു പാവനസൗധമാണെന്നു പരമാചാര്യന്മാർ വിധിക്കുന്നു. എല്ലാത്തരം ഉപാസകന്മാരും ആ മണിമാളികയിലെ ഓരോ നിലകളിൽച്ചെന്നു കൃതാത്ഥത നേടുന്നുവെന്നു സകല മതങ്ങളും സമ്മതിക്കുന്നുണ്ടു്. സാലോക്യം, സാമീപ്യം, സായൂജ്യം ഇവയാണു മുൻപറഞ്ഞ സൗധത്തിലെ ഉപര്യുപരിയായ നിലകൾ. ഭക്തിയാകുന്ന പരീക്ഷാവിജയത്തിന്റെ നാലുതരം സർട്ടിഫിക്കറ്റുകളാണു് ഇവ. സാലോക്യം ഉപാസനാമൂത്തിയെ സദാ നോക്കിക്കൊണ്ടിരിക്കുന്ന ഭാഗ്യം; സാമീപ്യം ഉപാസനാമൂത്തിയുടെ സമീപത്തിലിരിക്കുന്ന യോഗം; സാരൂപ്യം ഉപാസനാമൂത്തിയുടെ തൽസ്വരൂപം തനിക്കു സിദ്ധിക്കുന്ന സൗഭാഗ്യം; സായൂജ്യം താൻതന്നെ ഉപാസനാമൂത്തിയിൽ വിലയം പ്രാപിക്കുന്നതു്. ഒന്നുകിൽ ഒന്നാംതരം സർട്ടിഫിക്കറ്റു്, അതു തെററിയാൽ രണ്ടാംതരം സർട്ടിഫിക്കറ്റു്—അതായതു സാരൂപ്യമൊ സായൂജ്യമൊ രണ്ടിലൊന്നു കിട്ടാനാണു് ഒരു ഉ

ല്ക്കൎഷിച്ചു ശ്രമിക്കേണ്ടതു്. അദ്ധ്യാപകസംഘം ഉൽക്കർഷലാഭത്തിനുള്ള ഒരു സ്ഥാപനവും; അദ്ധ്യാപകവൃത്തി ശിഷ്യലോകത്തിന്റെ ഉൽക്കർഷത്തിനുള്ള പ്രയത്നവും ആകയാൽ നമ്മുടെയും ആദർശം അഥവാ ലക്ഷ്യം വാണീദേവിയുടെ സാരൂപ്യമൊ സായൂജ്യമൊ ലഭിക്കുകതന്നെയായിരിക്കണം. താൻ പുസ്തകം കൈയിലേന്താതെ, പുസ്തകഹസ്തയായ ദേവിയുടെ സാരൂപ്യം എങ്ങനെ കിട്ടും? അതിനാൽ "പുസ്തകം ഹസ്തഭൂഷണം" എന്ന മുദ്രാവാക്യം പ്രധാനമായി കൈക്കൊള്ളേണ്ടവരത്രെ അദ്ധ്യാപകരായ നമ്മൾ.

ഈ മുഖവുരയോടുകൂടി നമുക്കു ലേഖനവിഷയമായ "സ്കൂൾലൈബ്രറി"യെ സമീപിക്കാം. പുസ്തകത്തെ ഭൂഷണമായി ഉൽപ്രേക്ഷിക്കണമെങ്കിൽ, ഭൂഷണത്തിനുള്ള വിലയും മാറ്റും പുസ്തകത്തിലും ആരോപിക്കേണ്ടിയിരിക്കുന്നു. പുസ്തകം വിലയുള്ളതുതന്നെ. ഈ അഭിപ്രായം കവിയുടെ ആലങ്കാരികമായ കല്പനയല്ല; തത്വചിന്തകന്റെ സത്യപ്രവചനമാകുന്നു. മഹാത്മാക്കളുടെ ചിരംജീവികളായ ചിന്താസന്താനങ്ങളെ പുസ്തകങ്ങൾ ഉള്ളടക്കം ചെയ്തിരിക്കുന്നു. പൂർവ്വാചാര്യന്മാരുടെ ആശയശുദ്ധിയേയും ആദർശമഹിമയേയും പുസ്തകങ്ങളിൽ നിഗ്രഹനം ചെയ്തിരിക്കുന്നു. ഏതൽക്കാലപര്യന്തമുള്ള ലോകചരിത്രത്തിന്റേയും ശാസ്ത്രസരണികളുടേയും പുരോഗമനത്തെ പുസ്തകങ്ങൾ ചിത്രീകരിക്കുന്നു. ലോകോൽപത്തി മുതൽ പ്രസ്തുതനിമിഷം വരെയുള്ള മഹാന്മാരുടെ നേട്ടങ്ങളേയും, മുൻതലമുറക്കാരുടെ വിദ്യാധനത്തേയും വർത്തമാനലോകത്തിനും ഭാവിസന്തതിക്കും കൈകാര്യം ചെയ്വാൻ തക്ക അക്ഷയനിക്ഷേപങ്ങളായി പുസ്തകങ്ങൾ പ്രശോഭിക്കുന്നു. "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന പഴഞ്ചൊല്ലിൽ പതിരില്ലെങ്കിൽ, ശരിയായ ഒരു ലൈബ്രറി അമൂല്യമായ നിധിതന്നെ; ആ പുസ്തകങ്ങളെ വഴിപോലെ ഉപാസിക്കുന്നവർ യഥാർത്ഥധനികന്മാരും തന്നെ.

ഏതു കലയെ കൈക്കൊണ്ടവർക്കും അതാതുകളിൽ പ്രാവീണ്യവും കർമ്മകുശലതയും സിദ്ധിക്കണമെങ്കിൽ തൽസംബന്ധമായ പുസ്തകങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ഇതിന്റെ ന്യായാന്യായവിവേചനം ഒരു പക്ഷെ വാദവിഷയമായി വരാമെങ്കിലും, അദ്ധ്യാപനകലയിൽ പുസ്തകത്തിന്റെ ആശ്രയം അനുപേക്ഷണീയമാകുന്നു. അദ്ധ്യാപനത്തെ മുഖ്യവ്രതമായി കൈക്കൊണ്ട ആചാര്യന്മാർ ആരും തന്നെ ഗ്രന്ഥോപജീവികളല്ലാതെ നാളിതുവരെ ഉണ്ടായിട്ടില്ല, ഉണ്ടാകയുമില്ല. എഴുത്തച്ഛൻ തുടങ്ങി ഈശ്വരപിള്ളസ്സാർ വരെയുള്ള അദ്ധ്യാപകമഹർഷികളെ നമുക്ക് ഒരു കണ്ണോട്ടം നടത്തി പരിശോധിക്കാം. ആ വാടാവിളക്കുകളുടെ അക്ഷീണജ്വാല എവിടെനിന്നും ഉണ്ടായി? ജ്യോതിഷ്കേന്ദ്രങ്ങളായ ഗ്രന്ഥസഞ്ചയങ്ങളിൽനിന്നും പൊട്ടിപ്പുറപ്പെട്ട പ്രഭാസ്ഫുലിംഗങ്ങളാണ് ആ മണിപ്രദീപങ്ങൾക്കു തേജസ്സു നൽകിയതു്; നൽകുന്നതു്. ആ ആചാര്യസത്തമന്മാരുടെ കാലടിപ്പാ

ട്ടുകളെ പിൻതുടരേണ്ടുവരായ നമ്മുടേയും ഹസ്താവലംബം ഗ്രന്ഥങ്ങളല്ലാതെ—ഗ്രന്ഥശാലയല്ലാതെ— മറെറന്താകുന്നു.

അദ്ധ്യാപകസമുദായത്തിൻെറ പ്രവൃത്തിരംഗം വിദ്യാലയമാകയാൽ, അവരുടെ ആത്മീയോന്നതിക്കുള്ള പ്രാർത്ഥനാമുറിയും അഥവാ ദേവാരപ്പുരയും വിദ്യാമന്ദിരത്തിൻെറ ഒരു കോണിൽ വേണ്ടതാണല്ലൊ! വിദ്യാധിദേവതയെ ഉപാസന ചെയ്യുന്നതിനുള്ള വിശുദ്ധമുറിയാണു ഗ്രന്ഥശാല; ആ ദേവിയെ പ്രതിഷ്ഠിച്ചിരിക്കുന്ന ശ്രീകോവിലാണു ലൈബ്രറി. വിശുദ്ധവിചാരങ്ങളെ ഉദ്ദീപിപ്പിക്കയും, പാണ്ഡിത്യത്തെ വികസിപ്പിക്കയും ബോധനാപാടവത്തെ തരിപ്പിക്കയും, ആത്മാഭിമാനത്തെ പ്രജ്വലിപ്പിക്കയും ചെയ്യുത്തക്ക വിശിഷ്ടഗ്രന്ഥങ്ങൾ സ്കൂൾലൈബ്രറിയെ അലങ്കരിക്കണം. അവയുടെ അഭിരമ്യതയെ നാം ആസ്വദിക്കുകയും അതോടുകൂടി അതിലെ തത്വങ്ങളെ പ്രായോഗികപരിപാട്ടിയിൽ അവതരിപ്പിക്കയും വേണം. "ശാസ്ത്രം ഗ്രഹിച്ചതുകൊണ്ടു മതിയല്ല ശാസ്ത്രോക്തമാചരിക്കാതെ മതിവരാ" എന്നല്ലേ ആപ്തവാക്യം!

അനങ്ങുന്ന ഗ്രന്ഥശാലകൾ, ഓടുന്ന ഗ്രന്ഥശാലകൾ മുതലായി വായനശാലാപ്രസ്ഥാനം മൂർദ്ധന്യദശയെ പ്രാപിച്ചിരിക്കുന്ന ഈ ഇരുപതാം ശതകത്തിൽ ഗ്രന്ഥശാലയുടെ മാഹാത്മ്യത്തേയൊ ലോകത്തിൻെറ പുരോഗതിയിൽ അതിനുള്ള നിലയേയൊ പററി വർണ്ണിക്കുന്നതു പുനരുക്തിയായി തീരുകയേ ഉള്ളൂ. എങ്കിലും ഉപന്യാസത്തിൻെറ അംഗപൂർത്തിക്കുവേണ്ടി ആ ഭാഗത്തേയും നമുക്ക് അല്പം സ്പർശിക്കാം:—

"ചിത്രം വടതരോർമൂലേ
വൃദ്ധാഃ ശിഷ്യാഃ ഗുരുർയുവാ
ഗുരോസ്തു മൗനം വ്യാഖ്യാനം
ശിഷ്യാസ്തു ഛിന്നസംശയാഃ"

എന്നു ദക്ഷിണാമൂർത്തിയായ ശ്രീപരമേശ്വരനെ സംബന്ധിച്ച് ഒരു പദ്യം ഉണ്ട്. സന്ദർഭം ഹരൻ ഒരു പേരാൽച്ചുവട്ടിലിരുന്നു തപസ്സു ചെയ്യുന്നതു്. അക്കാലത്തു ഹരൻ യുവാവ്. കാലം പാർവ്വതിയുടെ വിവാഹത്തിനു മുൻപ്. യുവതപസ്വിയായ ഹരൻെറ സമക്ഷം വയോവൃദ്ധരായ താടിക്കാർ ശിഷ്യന്മാരായി ചുററിക്കൂടി. യുവാവായ ഗുരു മൗനവ്രതത്തിൽത്തന്നെയിരുന്നു—യാതൊന്നും ഉരിയാടിയില്ല—മൗനംതന്നെയായിരുന്നു അവിടത്തെ അദ്ധ്യാപനം. ശിഷ്യന്മാരാകട്ടെ ഗുരുവിൻെറ ഒച്ചപ്പാടു കൂടാത്ത സാന്നിദ്ധ്യമഹിമയാൽത്തന്നെ സർവ്വസംശയങ്ങളും തീർന്നവരായി ഭവിച്ചു. ഇതാണ് ഈ പദ്യത്തിലെ ആശയം. ഈ ശ്ലോകം ഒരു ഗ്രന്ഥശാലയുടെ ചിത്രത്തെ ധ്വനിപ്പിക്കുന്ന ഒരു മിസ്റ്റിക് കവിതയല്ലയൊ എന്ന് ഒരു സഹൃദയൻ സന്ദേഹിക്കും:—

എങ്ങനെയെന്നാൽ, ഗ്രന്ഥങ്ങൾ മനുഷ്യരെക്കാൾ ഉടലിൽ ചെറിയവ; അതായത്തു യുവാക്കൾ. ഗ്രന്ഥങ്ങൾക്കു ശിംഷ്യപ്പെട്ടനാനാം വലിപ്പം കൊണ്ടു് വൃദ്ധന്മാർ. ഗ്രന്ഥമാകുന്ന ഗുരു യാതൊന്നും വാതുറന്നു് ഉരിയാടുന്നില്ല. നമുക്കാ സർവ്വസംശയങ്ങളും തീരുകയും ചെയ്യുന്നു. ഗ്രന്ഥശാല, വായലയ്ക്കാത്തവരും മൂരലെടുക്കാത്തവരും ക്ഷീണം പററാത്തവരും സതതസന്നദ്ധന്മാരും ആയ അസംഖ്യം ആചാര്യന്മാർ അധിവസിച്ചരുളുന്ന ഒരു പുണ്യാശ്രമമാകുന്നു. ആ പുണ്യാശ്രമത്തിലെ പരിപാവനമായ അന്തരീക്ഷത്തിൽ ചെന്നിരുന്നു് അടിക്കടി നിർവൃതി നേടുവാനാണു് അധികൃതന്മാർ സ്കൂൾലൈബ്രറി വേണമെന്നു വച്ചിരിക്കുന്നതു്.

മലയാളം സ്കൂൾ ലൈബ്രറികളുടെ കൃശോദരത്വത്തെയും, അതിലെ അദ്ധ്യാപക അസ്ഥിപഞ്ജരങ്ങളുടെ മഹോദരത്വത്തേയും നിരൂപണം ചെയ്യുവാൻ പ്രകൃതം അനുവദിക്കുന്നുവെങ്കിലും അവിടെ നിന്നും വഴുതി, സ്കൂൾ ഗ്രന്ഥശാലയെ പ്രയോജനവത്താക്കേണ്ട രീതിയെപ്പററി രണ്ടു വാക്കു പറഞ്ഞുകൊണ്ടു് ഈ പ്രസംഗം അവസാനിപ്പിച്ചേക്കാം.

1. സ്കൂൾ ലൈബ്രറിയിൽ ഏതെല്ലാം പുസ്തകങ്ങൾ ഉണ്ടെന്നു് അദ്ധ്യാപകന്മാർ അറിഞ്ഞിരിക്കണം.

2. തന്റെ അഭിവൃദ്ധിക്കും ആശാസ്യമായ രുചിക്കും പററിയ പുസ്തകങ്ങളെ തീർച്ചയായും വായിച്ചിരിക്കണം.

3. സ്കൂളിലെ പുസ്തകത്തെ സ്വന്തമുതലിനെപ്പോലെ കൈയാളിക്കയും പണയപ്പണ്ടം പോലെ പരിരക്ഷിക്കയും വേണം.

4. സ്കൂൾവക പുസ്തകങ്ങളെ ജിജ്ഞാസുക്കളായ സോദരാദ്ധ്യാപകർക്കു കൊടുത്തു വാങ്ങാൻ സന്മനസ്സ് എല്ലാ അധികൃതർക്കും ഉണ്ടാകണം.

5. നിഘണ്ടു മുതലായി അടിക്കടി ആവശ്യപ്പെടുന്ന റെഫറൻസു പുസ്തകങ്ങൾ സ്കൂൾവളപ്പിനു പുറമെ പോകരുതു്.

6. വിദ്യാർത്ഥികളേയും ലൈബ്രറിയുടെ രുചി ആസ്വദിപ്പിച്ചു വിദ്യാർത്ഥികളുടെ ലൈബ്രറി സ്ഥാപിക്കാൻ ഉത്സാഹിക്കണം.

# കുറിപ്പ്.

## പാഠ്യപുസ്തകങ്ങൾ.

കഴിഞ്ഞകൊല്ലം മുതൽ ഒരു വിഷയത്തിന് ഒരു ക്ലാസിലേക്ക് ഒന്നിലധികം പുസ്തകങ്ങൾ പാഠ്യപുസ്തകങ്ങളായി നിശ്ചയിച്ചിരിക്കുന്നതുകൊണ്ടു പല ന്യൂനതകളും വന്നുചേരുന്നുണ്ട്. ഒന്നാമതായി ഒരു കുട്ടിക്ക് ഒരു പാഠശാലാവർഷത്തിൽത്തന്നെ രണ്ടു സ്കൂളിൽ പഠിക്കാനിടവന്നാൽ പുസ്തകങ്ങൾ രണ്ടാമത്തെ സ്കൂളിൽ ചെല്ലുമ്പോൾ എല്ലാം മാറേണ്ടിവരുന്നു. കുട്ടികൾക്കും രക്ഷാകൎത്താവിനും പല നഷ്ടങ്ങളും ഇതുമൂലം സംഭവിക്കുന്നുണ്ട്. രണ്ടാമതു പല ഗ്രന്ഥകൎത്താക്കന്മാരും പ്രസാധകന്മാരും ഹെഡ്മാസ്റ്ററെ പാട്ടിലാക്കാൻ ശ്രമിക്കുന്നതുകൊണ്ടു കൂടുതൽ പിടിയുള്ള ആളിന്റെ പുസ്തകം ഹെഡ്മാസ്റ്റർ സ്വീകരിക്കാൻ നിർബന്ധിതനാകുന്നു. പുസ്തകത്തിന്റെ യോഗ്യതമാത്രം നോക്കി പ്രവൎത്തിക്കുന്ന ഹെഡ്മാസ്റ്ററന്മാരേയും കണ്ടേക്കാം. എന്നാൽ ഇതു് ഇപ്പോൾ ഒരുമാതിരി വോട്ടുപിടിത്തം പോലെയാണു സംഭവിക്കുന്നതു്. മൂന്നാമതായി, ബുക്കുകമ്മററി പ്രസിഡണ്ടും സൎവ്വാധികാരങ്ങളും സ്ഥിതിചെയ്യുന്ന ആളും ആയ ഡയറക്ടൎക്കു മലയാളം അറിഞ്ഞുകൂടാത്തതാണു വലിയൊരു വിഷമം. ഈ വിഷയത്തിൽ അദ്ദേഹത്തിനു "പരൻചൊന്നതുതാൻ പ്രമാണം"മായിത്തീരുന്നു. നാലാമതായി, എം. എൽ. സി മാരുടെ ആക്രമണമാണ്. സ്വയരക്ഷാവകാശം മുൻനിവൃത്തിയായിരിക്കാം ഇവരുടെ പുസ്തകങ്ങൾ ധാരാളം വന്നുകൂടുന്നതു്. ഇവരിൽ പ്രമാണികളായ പി. കെ., ഈ. വി. മുതലായവരുടെ പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിലല്ല ആക്ഷേപം. സാഹിത്യമൊ കുട്ടികളുടെ വിദ്യാഭ്യാസസ്ഥിതിയൊ ഒന്നും വിവരമില്ലാത്ത നാലാംതരം എം. എൽ. സിമാരെ തൃപ്തിപ്പെടുത്തേണ്ടിവരുന്നതാണു കഷ്ടം! അഞ്ചാമതായി പുസ്തകത്തിന്റെ വില നിശ്ചയിക്കുന്ന രീതിയെക്കുറിച്ചാണു പറയാനുള്ളതു്. വിലയെ സംബന്ധിച്ച് ഐകരൂപ്യം കാണുന്നില്ല. നല്ല കടലാസിൽ അച്ചടിക്കണമെന്നുമില്ല. വില നിശ്ചയിക്കുമ്പോൾ മുൻകൂട്ടി ഗ്രന്ഥത്തിന്റെ ഉടമസ്ഥനോടുകൂടി ഒന്നു് ആലോചിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ആറാമതായി ഓരോ ക്ലാസിലേക്കും നിശ്ചയിക്കുന്ന ഭാഗങ്ങൾ പഠിപ്പിച്ചുതീൎക്കാൻ സാധിക്കാത്തവണ്ണം അധികമായിത്തീരുന്നു.

ഇതെല്ലാം പരിഹരിക്കേണ്ടതാണ് എങ്കിലും മുൻകൊല്ലങ്ങളെ അപേക്ഷിച്ചു കഴിഞ്ഞകൊല്ലം പാഠപുസ്തകം തിരഞ്ഞെടുക്കുന്നതിൽ കുറെ ന്യായം ദീക്ഷിച്ചിട്ടുണ്ടെന്നു കാണുന്നതു സന്തോഷകരം തന്നെ.

## വേലുത്തമ്പിദളവ.

(ഗ്രന്ഥകൎത്താ:— കൈനിക്കര പത്മനാഭപിള്ള ബി. എ., എൽ. ടി.)

അഭിനയയോഗ്യമായ ഒരു പ്രഹസനം.

വില 12 ണ.

## ആനന്ദരാമായണം.

## രസികൻ കവിത.

വില 2 ക.

## വള്ളത്തോൾ ഗ്രന്ഥവിഹാരനിരൂപണം.

ഗ്രന്ഥകൎത്താ:— ശ്രീമാൻ ഡി. പി. ഉണ്ണി

മഹാകവി വള്ളത്തോളിന്റെ ഗ്രന്ഥനിരൂപണങ്ങളെക്കുറിച്ചുള്ള ഊൎജ്ജസ്വലമായ ഒരു വിമൎശം.

വില 3 ണ.

## താഴെ കാണുന്ന പുസ്തകങ്ങൾ വില്പാനുണ്ട്.

- കേരളം (കുഞ്ഞിക്കുട്ടൻ തിരുമനസ്സിലെ തന്ത്രസമുച്ചയം)
- ശില്പിരത്നം
- ദ്വാദശലവണചികിത്സാദൎശം
- ആഴിയുടെ അടിത്തട്ടിൽ
- ദശമം (പറയന്നൂർ നമ്പൂതിരിപ്പാട്)
- ഭാരതചമ്പു
- ഭാഷാവിലാസം
- ഭൂഗോളചരിതം
- രാജസൂയം ചമ്പു

## വില സഹായം.

ഉടൻ ആവശ്യപ്പെട്ടുക.

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.